
ചിലത്
പറയുവാനുണ്ട്...
ദേവമാതാ കോളേജ്
മാഗസിൻ 2013-14

www.southindianbank.com




# SIB M-Passbook
## Now access your passbook on your smart phone

passbook

**Yet another next-generation service from South Indian Bank**

Track your transactions on the go with SIB M-Passbook. Download the SIB M-Passbook app to your smart phone to access and explore your SB and CD account transactions instantly. Loaded with multiple customized features, it is so much more than a passbook.

**FEATURES**

I 24 x 7 access to your transaction details I Search, drill down or filter through your transactions I Add comments to transactions of choice I Locate your SIB branch/ATM I and more...

***The service is offered free to select customers.* Please contact your branch for details.***

**Registration Process**
**You can register for SIB M-Passbook in 3 simple steps:**

1. Download SIB M-Passbook Application.
2. Open the Application. Enter your mobile number that is registered with SIB and the last 5 digits of your SB/CD account.
3. mPIN will be sent to your registered mobile. Enter the mPIN received to complete your registration.

***Download the app today! SIB M-Passbook - Customized to your convenience***

Available in

Android | I-Phone | Windows Phone | Blackberry

*For more details, contact your branch or call our toll free numbers 1800 843 1800 or 1800 425 1809.*

The South Indian Bank Ltd., Regd. Office, SIB House, P.B. No. 28, Thrissur, Kerala, PIN-680 001,
Ph: 0487 2420020, Fax: 0487 2426187, Toll Free (India): 1800-843-1800, 1800-425-1809 (BSNL)
Email: sibcorporate@sib.co.in I CIN : L65191KL1929PLC001017

*South Indian Bank is a member of BCSBI and is committed to treat customers in a fair, transparent and non-discriminatory manner.*

http://www.facebook.com/thesouthindianbank

SOUTH INDIAN Bank
Experience Next Generation Banking

*Terms & conditions apply




Our Heavenly Patroness


# OUR PATRON



Mar Joseph Kallarangattu



Mar Jacob Muricken
Auxillary Bishop



V. Rev. Fr. Abraham Kollithanathumalayil
Our Manager



Dr. Joy Jacob
Our Principal



Rev. Fr. Joseph Puthiedathu
Our Bursar

# FROM THE PRINCIPAL'S DESK...



Welcome to the 2014 edition of Deva Matha college Magazine "Chilathu Parayuvanundu". At this moment, Deva Matha is at a turning point , poised at the end of one chapter and at the beginning of a new and eventful one. Fifty long years of her existence is deplete with only achievements and glories. Never once in her long stride, she had to look back and regret over the past. You are indeed blessed to find the opportunity of being educated at one of the best colleges of Kerala. And this is my firm conviction that you would carry the rich values and traditions imbibed here to greater heights. Our college has the privilege to have healthy and harmonious ambience and the credit goes to the blessing of our elite college management and the diligence put in by learned teachers. This institution has played a cascading role in the carrier and personality of innumerable students who have brought laurels to the college, state, and country alike.

Dear students, it is the age of cut throat competition. Apart from being adept in the field of studies, one needs to have the holistic development of person here. Deva Matha has always in the forefront, imparting a holistic development true to her motto. I intently believe that you would have an all-round development of your personality during your stay in this 'saraswati temple' of learning. Have ambitions and aims untrammeled and your hard work, enthusiasm, resilience located with knowledge and intellect would take you to any extent you desire. Let us work with renewed vigour and enthusiasm to carry Deva Matha's pride to millions. And this magazine which showcases the best in our students be the symbol of our pride.

I congratulate the whole crew behind the Magazine and wish them all the best.

Dr. Joy Jacob
Principal

# ആശംസ



ദേവമാതാ കോളേജിന്റെ 2013-14 വർഷത്തെ മാഗസിൻ പുറത്തിറങ്ങുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. 'ചിലത് പറയുവാനുണ്ട്' എന്ന പേരു തന്നെ ഏറെ കൗതുകവും ആകാംക്ഷയും ഉണർത്തുന്നതാണ്. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.. വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുവാൻ കലാലയജീവിതത്തിലെ ഈ ഓർമ്മപുസ്തകത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

മോൻസ് ജോസഫ് MLA

# ആശംസകൾ

## കോളേജ് യൂണിയൻ



JIBIN SUNNY
Chairman



SHARON SHAJI
Vice Chairman



ASWINI GANGA
Gen. Secretary



AJOMON JOSEPH
Arts Club Secretary



VYSAKH T.N.
Union Coucillor



TITO GEORGE
Union Coucillor

अन्तर्देशीय पत्र कार्ड
INLAND LETTER CARD




# എഡിറ്റോറിയൽ

"ഞാൻ മരണത്തെ ഭയപ്പെടുന്നില്ല, അതുകൊണ്ട്
ജീവിതത്തെക്കുറിച്ച് സത്യം പറയാൻ ബാധ്യസ്ഥനാണ്" (ചുള്ളിക്കാട്)

കണ്ട കാഴ്ചകൾക്കൊന്നും മധുരം പോരാ...
ദൈവങ്ങളൊക്കെ കാതുകളെ വീർപ്പുമുട്ടിക്കുന്നു...
ഞങ്ങൾക്കു വേണ്ടത് പറയപ്പെടാത്തവയെക്കുറിച്ചുള്ള വിപ്ലവമായിരുന്നു....
ഞങ്ങൾ കാതോർത്തത് കൂച്ചുവിലങ്ങിട്ട യുവത്വത്തിന്റെ മോചനത്തിനായിരുന്നു....
ആരും നടക്കാത്ത വഴികളിലൂടെ ഞങ്ങൾ കൈകൾ കോർത്തു നടന്നു.
കാലുകൾ ഇടറിയപ്പോൾ പലരും തിരിച്ചു നടന്നു.
കടന്നുവന്ന വഴികളിൽ പഴമയുടെ രോഷം ഉണ്ടായിരുന്നു.
പ്രതിഷേധത്തിന്റെ മുള്ളുകളും...
എങ്കിലും നടന്നു തീർത്തപ്പോൾ ഒരു ശിശിരത്തിനും
വിട്ടുകൊടുക്കാതെ നെഞ്ചോടണച്ചു ഞങ്ങൾ ചേർത്തു പിടിച്ചിരുന്നു.... .
പറയാനുള്ളവയൊക്കെ കോർത്തു വച്ചിരുന്ന ഒരു സ്വപ്നം!
ആർക്കും പണയപ്പെടുത്താത്ത നാവും
ചങ്ങലയ്ക്കിടാത്ത തൂലികയും മാത്രം കൈമുതലായുള്ളവരുടെ
ഒരു കൊച്ചുസ്വപ്നം...
ഇത് ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു...
കരിങ്കൽച്ചുവരിൽ കൊത്തിവെച്ച ശില്പങ്ങളായി ഇരുന്നകാലം
നമുക്കിനി മറക്കാം!
ഇനി പറയാനുള്ളത് ഞങ്ങൾക്കല്ല നമുക്കാണ്....
അടക്കിപിടിച്ച സമ്മർദ്ദങ്ങളുടെയോ
ഉറക്കെപറയാനാവാത്ത വാക്കുകളുടെയോ കഥകളല്ല....
ആർപ്പുവിളികളുടെ ഭ്രാന്തമായ ആവേശങ്ങളുടെ.
അട്ടഹാസങ്ങളുടെ. ആത്മരോഷങ്ങളുടെ....
അറിവിന്റെ,
സൗഹൃദത്തിന്റെ,
പ്രണയത്തിന്റെ,
അങ്ങനെ എന്റെയും നിങ്ങളുടെയും
ഹൃദയസ്പന്ദനങ്ങൾ തുടിക്കുന്ന
ഒരു **ചിലത്**....



സ്നേഹപൂർവ്വം

ദേവിക. എം. എ
സ്റ്റുഡന്റ് എഡിറ്റർ

# Editorial Board



Rev. Dr. Joseph Sebastian
General Editor



Dr. Philip John
Staff Editor



Dr Rocily N. Joseph
Staff Editor



Dr. Priya Joseph
Staff Editor



Devika M.A.
Student Editor



Aiswarya Vijayan
Sub Editor



Vishnudas V.L.
Sub Editor



Eldhose Rajan
Sub Editor



| | |
|---|---|
| Publisher | : Dr. Joy Jacob |
| General Editor | : Rev. Dr. Joseph Sebastian |
| Staff Editors | : Dr. Philip John |
| | Dr. Rocily N. Joseph |
| | Dr. Priya Joseph |
| Student Editor | : Devika M.A. |
| Sub Editors | : Aiswarya Vijayan |
| | Vishnudas V.L. |
| | Eldhose Rajan |
| Design | : P.B. Renjith, Kaduthuruthy, 9447779723 |
| Printed at | : Madathikunnel Graphics, Muttuchira, Ph : 04829 321388, 9447762483 |

Declaration about Ownership of Deva Matha College Annual 2013-'14 (see from IV Rule 8)

| | |
|---|---|
| Place of Publication | : Kuravilangad |
| Periodity of Publication | : Annual |
| Publisher's Name | : Dr. Joy Jacob |
| Address | : Principal, Deva Matha College, Kuravilangad |

I Dr. Joy Jacob, hereby declare that the particulars given above are true to the best of my knowledge and belief.

Dr. Joy Jacob
Principal


ഒരാൾ എന്തെങ്കിലും നേടാൻ വേണ്ടി
ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ,
ആ ആഗ്രഹം സഫലമാക്കാൻ
ഈ ലോകം മുഴുവൻ
അവന്റെ സഹായത്തിനെത്തും...
- പൗലോ കൊയ്‌ലോ

# ദേവമാതായുടെ ഇടനാഴികളിലേക്ക്.....

സൗഹൃദത്തിന്റെ ഊഷ്മളതയും പ്രണയത്തിന്റെ തീക്ഷ്ണതയും കലാലയങ്ങൾക്ക്
നഷ്ടമായി എന്ന് വാദിക്കുന്നവർ..
പുസ്തകങ്ങളുടെ വിശാലമായ ലോകം ക്യാമ്പസുകൾക്ക് അന്യമായി എന്ന് വിധിയെഴുതിയവർ..
കടന്നു വരൂ ഞങ്ങളുടെ ദേവമാതാ കോളേജിന്റെ ഇടനാഴികളിലേക്ക്.........
ഇവിടെ നിങ്ങളെ എതിരേൽക്കുന്നത് ശീതീകരിച്ച ക്ലാസ്മുറികളുടെ മരവിച്ച ചില്ലുകൂടുകളല്ല..
മരിച്ച പുസ്തകങ്ങളുടെ മുഷിഞ്ഞ നിശ്വാസമോ ഇരുളടഞ്ഞ കോണുകളുടെ നിശബ്ദ ഗദ്ഗദമോ അല്ല..!
ഇവിടെ ഈ മുറ്റത്ത് വീണുറങ്ങുന്ന ചുവന്ന വാകപ്പൂക്കൾക്ക് പറയാൻ ഒരായിരം കഥകൾ ബാക്കിയാണ്...
കൈകോർത്ത് നടന്ന ഇടവഴിയിൽ എവിടെയോ വെച്ച് കളിക്കൂട്ടുകാരിയെ നഷ്ടമായ ഒരു
കണ്ണുനീർത്തുള്ളി... വാകമരങ്ങൾക്കിടയിൽ പാറി എഴുതിയ കവിതയുമായി ഉണ്ണിക്കുട്ടിയെ കാത്തിരുന്ന
മറ്റൊരു പൊടിമീശക്കാരൻ.. ദേവമാതായ്ക്കും മേൽ ചിറകുവിരിച്ചു പറന്ന നേരങ്ങളുടെ
ഹൃദയത്തുടിപ്പുകൾ.. വിപ്ലവഗാഥകൾ രചിച്ച [illegible] ..ഇവയ്ക്ക് മേൽ
ദേവമാതായുടെ ഓരോ അണുവിനെയും പ്രകമ്പനം കൊള്ളിക്കുന്ന പൊട്ടിച്ചിരികളും
കുസൃതികളും ആർപ്പുവിളികളും.. പഠനത്തിന്റെ ചൂടും സൗഹൃദത്തിന്റെ കുളിരും ഒരേ ത്രാസിൽ
തൂക്കാം എന്ന് ഈ നിമിഷങ്ങൾ നമ്മെ പഠിപ്പിച്ചു.. ഇന്നും ഓർക്കുന്നു.. പുതിയ ക്യാമ്പസിന്റെ പടവുകൾ
കയറിയ അപരിചിതത്വത്തിന്റെ ആ രണ്ടു കണ്ണുകൾ. ആ 18- കാരിയുടെ കണ്ണുകൾക്കിടയിൽ
ഒളിപ്പിച്ചു വെച്ചിരുന്ന ഒരായിരം കലാലയ സ്വപ്നങ്ങൾ..!



രണ്ടു വർഷം പിന്നിടുമ്പോഴും ദേവമാതായുടെ
പുഞ്ചിരി അല്പം പോലും മങ്ങിയിട്ടില്ല.. വായനയുടെ
വീര്യം സിരകളിലേക്ക് പകർന്നു തന്ന ലൈബ്രറിയുടെ
വിശാലത.. എത്ര പെട്ടെന്നാണ് കീറ്റ്സും ഷെല്ലിയും,
ഷേക്സ്പിയറും അക്ഷരക്കൂട്ടങ്ങളിലൂടെ നമ്മുടെ
സുഹൃത്തുക്കളായി മാറിയത്..! ആശാനും
വള്ളത്തോളും ഉള്ളൂരും ഹൃദയത്തിൽ കവിതകളായി
വീണു മയങ്ങിയത്.. ചുള്ളിക്കാടൻ കവിതകളുടെ ലഹരി
ധമനികളിലേക്ക് കത്തിപ്പടർന്നതും ചങ്ങമ്പുഴയുടെ
രമണനെ പ്രണയിച്ചു തുടങ്ങിയതും ജിബ്രാന്റെ
സൽമയെ ഹൃദയത്തിൽ താലോലിച്ചതും
കാതറീന്റെയും ഹീത്ത്ക്ലിഫിന്റെയും അനുരാഗം
കൺകോണിൽ കരിമഷി പടർത്തിയതും.. ഇവിടെ..
ഈ ലൈബ്രറിയുടെ സുഖകരമായ നിശബ്ദതയിൽ
വെച്ചായിരുന്നു..



സൗഹൃദത്തിന്റെ വ്യാകരണങ്ങളിലും അധ്യാപനത്തെ നിർവചിക്കാം
എന്നു പഠിപ്പിച്ച ഏറ്റവും നല്ല ഗുരുക്കന്മാർ.. നിനക്കു കൂട്ടായി ഈ
ജന്മം മുഴുവൻ ഞങ്ങൾ ഉണ്ടാകുമെന്ന് ഒരായിരം തവണ
ആവർത്തിച്ചു പറഞ്ഞ.. കാലുകൾ ഇടറിയപ്പോഴൊക്കെ കൈകൾ
നല്കി ഒപ്പം നടക്കാൻ ധൈര്യം നൽകിയ.. ആത്മാർത്ഥ
സൗഹൃദങ്ങൾ.. ഇവയെല്ലാം സമ്മാനിച്ചതും എന്റെ.. അല്ല
നമ്മുടെ ദേവമാതാ തന്നെ..!
എഗ്ഗ്പഫ്സും കുക്കീസും കോക്കനട്ട് ബോളും സദാ
നാവിൻതുമ്പിനെ മധുരമാക്കുമ്പോൾ എങ്ങനെ മറക്കും ഇടവേള
കളെ കൊതിപ്പിക്കുന്ന നമ്മുടെ പാവം ക്യാമ്പസ് സ്റ്റോറിനെ? ഒപ്പം
പാതയും ക്ലാസുകൾക്കിടയിൽ നുണഞ്ഞുതീർത്ത ചോക്കലേറ്റിന്റെ
വർണ്ണത്തുണ്ടുകളെ...

മഴ പെയ്ത് തോർന്ന തണുത്ത വൈകുന്നേരങ്ങളിൽ ചൂടോടെ ആസ്വദിച്ച കട്ടൻകാപ്പിയും പരിപ്പുവടയും... ഒടുവിൽ കടം പറഞ്ഞ് പോരുമ്പോൾ കനം കൂടിയ മുഖവുമായി തിരിഞ്ഞുനോക്കുന്ന ജെമിനി ചേച്ചിയും... കാന്റീനിന്റെ വിഭവസമൃദ്ധിയിൽ വാരിക്കൂട്ടി പോലും കൈവിട്ട നിമിഷങ്ങളും... ഇവയൊക്കെ മറന്നുപോകാൻ ഓർമ്മകൾ തന്നെ മടിച്ചിരിക്കും...



ദേവമാതായുടെ പടവുകൾ എന്നും ഒരു അത്ഭുതം തന്നെയായിരുന്നു... ഒന്ന് എണ്ണി നോക്കണമെന്ന് നൂറുവട്ടം മനസിൽ കരുതിയിട്ടുണ്ട്. എങ്കിലും ഒരിക്കൽ പോലും സാധിച്ചിട്ടില്ല വാചാലതയോടെ മിഴികളും കുസൃതികളുമായി എത്രയോ തവണ അവ ഞങ്ങൾ കയറിയിറങ്ങിയിട്ടുണ്ട്.
ലോകം അറിയുന്ന എത്രയോ പ്രതിഭകൾ നടന്നു കയറിയ പടവുകളാണിവ... നക്ഷത്രങ്ങളെ സ്വപ്നം കണ്ടവരും ഭൂമിയിൽ ചുവടുറപ്പിച്ചു കൂട്ടിയവരും ക്ലാസ് മുറികൾ തിരസ്കരിച്ചവരും ആ കൂട്ടത്തിൽ ഉണ്ടാവാം...



ഒരു പക്ഷെ നാളെ തോന്നാം... നിങ്ങൾക്കും!
കണ്ണടച്ച് തുറന്ന് ഉറങ്ങാൻ പഠിപ്പിച്ച ക്ലാസ് മുറികൾ...
നാം ഒരുമിച്ചിരുന്ന് കുത്തി വരച്ചിട്ട ബെഞ്ചുകൾ...
ഇവയ്ക്കെല്ലാം മീതെ ചിന്തകളെ രാകി മിനുക്കിയ പുതിയ അറിവുകൾ നൽകിയ നിമിഷങ്ങൾ...
നാം നമ്മെ തന്നെ തിരിച്ചറിഞ്ഞ ഒട്ടനവധി മുഹൂർത്തങ്ങൾ...
ആർട്സ് ഡേയും കോളേജ് ഡേയും നൂൺ പ്രോഗ്രാമും ഒക്കെ ഏറ്റുപാടിയ മുറ്റത്തിന്റെ ഹൃദയതാളങ്ങൾ... സൗഹൃദത്തെ ഏറ്റവും ഹൃദ്യമാക്കിയ പൊട്ടിച്ചിരികളും ഒരിക്കലും മറക്കാനാവാത്ത



ഓർമ്മകളും സമ്മാനിച്ച ആർട്സ് ഡേ റിഹേഴ്സലുകൾ...
വിധിപ്രഖ്യാപനത്തിനു തൊട്ടുമുമ്പ് വരെ ഒരേ ആരോഹണ അവരോഹണങ്ങളിൽ മുഴങ്ങി കേട്ടിരുന്ന ഹൃദയമിടിപ്പുകൾ...
ഓപ്പൺ ഹാളിന്റെ ചലനാത്മകതയിൽ ജീവൻ പകർന്ന ഒരുപാടൊരുപാട് ഗോസിപ്പുകളും നുണക്കഥകളും...
ആറുമാസത്തെ തുടർച്ചയായ ക്ലാസുകൾ തലയിൽ കയറാത്ത കാര്യങ്ങൾ ഒരു മണിക്കൂറിൽ കാണാപ്പാഠമായി മാറുന്ന പരീക്ഷച്ചൂടിലെ വൈകിയ കംബൈൻ സ്റ്റഡി...

ഒരു ദിവസത്തെ ഓർമ്മകൾ
പുസ്തക സഞ്ചികളിലാക്കി ഇല്ലാത്ത തിരക്കും സൃഷ്ടിച്ചു കെഎസ്ആർടിസി
ബസിന്റെ കോണിലെവിടെയെങ്കിലും ഒതുങ്ങി കൂടിയുള്ള നീണ്ടയാത്ര... അങ്ങനെ......
ഓർമ്മകൾ പോലും കൊതിച്ചു പോകുന്ന നിരവധി ഓർമ്മകൾ...
ഓരോ നിമിഷവും ഒരു മയിൽപ്പീലിത്തുണ്ട് പോലെ സൂക്ഷിച്ചു
വെയ്ക്കാം നമുക്കിനി...
ആരും കാണാതെ...
ആകാശം കാണാതെ...
മനസിന്റെ പുസ്തകത്താളിൽ....!



സ്റ്റുഡന്റ് എഡിറ്റർ

# ആരും നിശബ്ദരാകരുത്...

സായുധസേന പ്രത്യേകാധികാര നിയമം (AFSPA) എന്ന കിരാത പട്ടാള നിയമം മണിപ്പൂരിൽ നിലനിൽക്കാൻ തുടങ്ങിയിട്ട് വർഷം ഏറെയാകുന്നു. നിരപരാധികളായ പ്രജകൾക്കെതിരെ, അവരുടെ തന്നെ രാജ്യത്തെ പട്ടാളം തോക്കു ചൂണ്ടുന്ന ഈ നിയമത്തിനെതിരെ മണിപ്പൂരിൽ ഒറ്റപ്പെട്ട ഒരു ശബ്ദം ഉയർന്നു- ഇറോം ശർമിള ചാനു എന്ന യുവകവയിത്രി.

ആരാണ് അണ്ടർഗ്രൗണ്ട്? ആരാണ് ഓവർ ഗ്രൗണ്ട്? ആരെയാണ് വെടിവെച്ചു വീഴ്ത്തേണ്ടത്? ഇറോം ഷർമിള തീവ്രവാദിയാണോ? അതോ തീവ്രവാദികളുടെ കൈയിലെ ചട്ടുകമോ? ഗാന്ധിയൻ ഉപവാസം എന്നത് ഒരു പബ്ലിസിറ്റി സ്റ്റണ്ടല്ലേ? പട്ടാളത്തിന് പ്രത്യേകാധികാരങ്ങൾ നൽകുന്ന 'Armed forces special power Act' അഥവാ അഫ്സ്പ (AFSPA-1958) പിൻവലിച്ചാൽ പിന്നെ എങ്ങനെ തീവ്രവാദികളെ ഒതുക്കും? ഈ അന്വേഷണങ്ങൾക്ക് ഇറോം ഷർമിളയുടെ ഉപവാസത്തെക്കാളും ഒന്നോ രണ്ടോ വർഷം കൂടുതൽ നീളമുണ്ട്. 1958 ആഗസ്റ്റ് 18-ന് 'അഫ്സ്പ ബിൽ' ലോക്സഭയിൽ ചർച്ച ചെയ്യുമ്പോൾ അന്നത്തെ മണിപ്പൂർ എം.പി. ആയിരുന്ന 'Laishram Achaw' പറഞ്ഞത്, ഇത് ഒരു 'നിയമരഹിത നിയമം' ആണെന്നാണ്. ഇന്ത്യൻ ഭരണഘടന 'റൂൾ ഓഫ് ലോ' വാഗ്ദാനം ചെയ്ത് നടപ്പിലാക്കുന്ന ക്രമങ്ങളെയും സ്ഥാപനങ്ങളെയും എക്സിക്യൂട്ടീവിന്റെ 'റൂൾ ഓഫ് ഡിസിഷൻ' എന്ന നടപടി ഒറ്റയടിക്ക് അസാധുവാക്കലാണ് ഇവിടെ സംഭവിച്ചത്. 1958 മെയ് 22-നാണ് ഒരു എക്സിക്യൂട്ടീവ് ഓർഡിനൻസിലൂടെ 'അഫ്സ്പ' നിലവിൽ വന്നത്. ഇതൊരു നിയമമാണ്. എങ്കിലും ഇതിനകത്തു തന്നെ ഒരു നിയമരാഹിത്യം ഒളിച്ചിരിക്കുന്നു. കോൺസ്റ്റിറ്റ്യൂഷണൽ ചട്ടവട്ടങ്ങൾക്കോ കോടതികൾക്കോ യാതൊരു റോളും ഇല്ല. ഈ നിയമത്തിനകത്തെ ജനിതക രൂപഭേദം നിയമരാഹിത്യത്തിന്റേതു തന്നെയാകുന്നു. അതായത്, സാഹചര്യം അസാധാരണമായാൽ പിന്നെ മനസ്സമാധാനത്തിനായി ഒരടി കൊടുക്കാത്ത വ്യക്തിയോ ഒരു വെടിയുതിർക്കാത്ത രാജ്യമോ ഉണ്ടോ? എന്നാൽ എത്രയോ കാക്കത്തൊള്ളായിരം വെടികളാണ് സമാധാനത്തിന്റെ പേരിൽ എത്രയോ കൊല്ലങ്ങളായി മണിപ്പൂരിൽ പൊട്ടിക്കൊണ്ടിരിക്കുന്നത്? ശത്രുക്കളെ കൈകാര്യം ചെയ്യാൻ പരിശീലനം സിദ്ധിച്ചിട്ടുള്ള പട്ടാളവും അർധസൈനിക വിഭാഗങ്ങളും കശ്മീരിലും വടക്കും കിഴക്കുമുള്ള രാജ്യപൗരന്മാരെ കാലങ്ങളായി ശരിക്കും 'കൈകാര്യം ചെയ്യുന്നത്', അവരെല്ലാം പടലയോടെ രാജ്യദ്രോഹികളായതുകൊണ്ടാണോ? 'രാജ്യദ്രോഹി' എന്ന സന്ദേഹം, ഒരു നിമിഷത്തെ വെറും സംശയം മാത്രം മതി 'അഫ്സ്പ-1958' നിയമപരമായി അധികാരപ്പെടുത്തും വിധം ഒരു സാധാരണ പട്ടാളക്കാരന്, നിങ്ങളെ വെടിവെച്ചു കൊല്ലാൻ! ഇങ്ങനെ വെടിവെച്ചു വീഴ്ത്തപ്പെടുന്നവരുടെ സ്ഥിതിവിവരക്കണക്കുകൾ വായിച്ച് അസ്വസ്ഥരാകാൻ തുടങ്ങിയിട്ട് കൊല്ലം പത്തു പതിമൂന്നായിരിക്കുന്നു. പട്ടാളക്കാരും സിവിലിയന്മാരും തീവ്രവാദികളുമടക്കം ഈ കാലയളവിൽ മൊത്തം കൊല്ലപ്പെട്ടവരുടെ എണ്ണം ഒരു ഭൂകമ്പത്തിൽ മരിച്ചു വീഴുന്നതിനേക്കാൾ കൂടുതലാണ്. മണിപ്പൂരിൽ വിന്യസിക്കപ്പെട്ടിട്ടുള്ള പട്ടാളമേധാവികളിൽ നിന്ന് 'ഞങ്ങൾ ക്രമസമാധാനത്തിനു വേണ്ടി മാത്രം' എന്നു കേൾക്കുമ്പോൾ 'കല കലയ്ക്കു വേണ്ടി' എന്ന ശുദ്ധകലാവാദം കേൾക്കും പോലെ ഊറിച്ചിരിക്കാനാവില്ല. 'കൊല കൊലയ്ക്കുവേണ്ടി' എന്നതു മാത്രമായേ അവ അംഗീകരിക്കാൻ കഴിയുക. നിയമരഹിതമായ അഫ്സ്പ പിൻവലിക്കണമെന്നാവശ്യപ്പെട്ട ഇറോം ഷർമിള തുടരുന്ന നിരാഹാര സമരം പതിനാല് വർഷമെത്തി നിൽക്കുന്ന അവസരത്തിൽ ആ ധീരവനിതക്കു വേണ്ടി പിൻബലം നൽകാതെ 'മനുഷ്യരെന്ന്' അവകാശപ്പെടാൻ നമുക്കാവില്ല.

ഇറോം ഷർമിള എന്ന കവി ഒരു തുള്ളി വെള്ളം ചുണ്ടിൽ തൊടാതെ, തുമ്പിക്കൈ പോലെ മൂക്കിലൂടെ തിരുകിയിട്ടുള്ള പ്ലാസ്റ്റിക് ട്യൂബിലൂടെ സർക്കാർ ചെലുത്തുന്ന ദ്രാവകങ്ങളുടെ ശേഷിയിൽ, പൾസ് റേറ്റ് താഴാതെ, ആന്തരികാവയവങ്ങൾ തകരാതെ 2014 നവംബറിൽ 14 വർഷത്തിലേക്ക് കടന്നിരിക്കുന്നു. പന്ത്രണ്ടു ദിവസം കൊണ്ട് അണ്ണാഹസാരെയുടെ ഉപവാസം ലോകസംഭവമാക്കി മാറ്റിയ മുഖ്യധാര മാധ്യമങ്ങൾ എവിടെ? പട്ടാളം പലവട്ടം പല രീതിയിൽ പറഞ്ഞിട്ടും, ഷർമിള വെറുമൊരു പാവ യാണെന്ന്, മണിപ്പൂരികൾ വിശ്വസിച്ചില്ല. Irom Sharmila= Iron Lady എന്നത് ജനമനസ്സുകളിൽ ഉറച്ചുപോയ ബിംബമാണ്. **സമരപിന്തുണയുടെ നാടകങ്ങളും സിനിമകളും ചെയ്യുന്ന നാമെല്ലാം, രുചികളിലേക്കും രതിയിലേക്കും പിൻ വാങ്ങുമ്പോൾ 14 കൊല്ലമായി രുചികളും ഗന്ധങ്ങളും വായിൽ വെള്ളമൂറിക്കൊണ്ടിരിക്കുന്ന ഉടലിനെ, ഗാന്ധിജിയുടെ ശിലാശില്പം പോലെ നോക്കി നമ്മൾ കല്ലിച്ചുപോയോ???**




# ഇറോം ശർമ്മിളയ്ക്ക്.....

പന്തലും മഞ്ചവും ക്യാമറക്കൺമുന്നി-
ലുന്തിക്കയറാൻ തിരക്കുമനുയായി-
വൃന്ദവുമാരവാരങ്ങളുമില്ലാതെ,
ഇംഫാലിൽ നിശ്ശബ്ദമായൊരഴിക്കൂട്ടി-
ലിന്നും ദശവർഷ ദീർഘനിരാഹാര-
യജ്ഞം തുടരുന്ന ധീരതേ! നിൻ മുന്നി-
ലജ്ഞാതനാമീ കവി തല താഴ്ത്തുന്നു.
നിൻ സഹനത്തെയോർത്തത്യന്തയുമാദരാൽ,
പിന്നെ, യെൻ നാടിൻ ഗതിയോർത്തു ലജ്ജയാൽ!
ശോഷിതനെ നിശ്ശബ്ദമാക്കുന്ന നിൻ മുന്നിൽ
വാക്കുകൾ നിഷ്പ്രഭം! നീയതിതിഹാസ-
കാവ്യത്തിൽ നിന്നുമിറങ്ങി വന്നീയന്ധ-
കാരത്തെ ഭേദിച്ചിടുന്ന തൂമിന്നലായ്?
എത്ര വർഷങ്ങളായ് കാപാലികർ തീർത്ത
കരിയിരുമ്പഴിക്കൂട്ടിലിരുന്നു നീ.

ഇത്തിരിയാകാശനീലിമ തേടുന്ന
പക്ഷിയായ്, കായ്കനി തിന്നാതിരിക്കുന്നു!
നിന്നെയൊരു നോക്കു കാണുവാനാകാത-
മെന്നുമീ വാതിൽക്കൽ വന്നെത്തി നോക്കുന്നു;
നിന്റെ ചിറകിൻ നാദവും സ്വാതന്ത്ര്യ-
സംഗീതമായാസ്വദിച്ചോരപാരത!
ഏതഴിക്കൂടുമടക്കില്ലയാമന്റെ
നാടിന്റെ സ്വാതന്ത്ര്യ മാഹാത്മ്യമണിയിൽ!
കാത്തിരിക്കുന്നു ഭഗിനി, നിൻ മോചന-
വാർത്തയുമായോടിയെത്തുന്ന മാത്രയെ!

സ്ത്രീയെന്ന സത്യത്തെ
നിന്നിലൂടെത്രമേൽ
ധീരമായ് സൗമ്യമായ്
നൊന്തുതൊട്ടറിയിന്നു.........!

*(മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഇറോം ഷർമിളയ്ക്കായ് മലയാളത്തിന്റെ പ്രിയപ്പെട്ട കവി ഒ. എൻ. വി. കുറുപ്പ് കുറിച്ച വരികൾ)*

അഖിൽ ജോസ് മാത്യു
ഒന്നാം വർഷ സാമ്പത്തികശാസ്ത്രം

# സസ്യശാസ്ത്രത്തിന്റെ ഏടുകൾക്കിടയിൽ നിന്നും



പ്രണയിക്കാൻ
അന്നെനിക്കൊരാഗ്രഹം തോന്നി
എന്താണെന്ന്? എവിടെ?
എങ്കിലും പരതി ഞാൻ ചുറ്റും
അന്ന് വരെയും
തോന്നാത്ത സൗന്ദര്യം
അവളിൽ എനിക്കന്ന് തോന്നി
ആ വെളുത്ത സുന്ദരിയിൽ
സസ്യശാസ്ത്രത്തിന്റെ ഏടുകൾ
മികവാൻ വേറേതാണോ സുന്ദരി?
ഉണ്ടക്കണ്ണും വട്ടമുഖവും
മൊത്തത്തിൽ ഒരാനച്ചന്തവും
പേരിനൊട്ടൊട്ടും സൗമ്യമില്ലാത്ത
ആ രൂപത്തിന് സൗന്ദര്യമുണ്ടെന്ന്
ആരോ പറഞ്ഞു അതു കേട്ടു
ഞാനും പറഞ്ഞു
പക്ഷെ ഞാൻ
അറിഞ്ഞില്ല കുട്ടത്ത
ഇന്നും നീ നിന്റെ
ബാല്യത്തിലാണെന്ന്

പൂമ്പാറ്റകളും ബാലരമകളും
കളിപ്പാട്ടങ്ങളും
ബാലഭൂമിയുമൊക്കെ
മാത്രമാണ് നിന്റെ മനസ്സിലെന്ന്
രാമുവും രാധയും
നിന്റെ കളിക്കൂട്ടുകാർ
നിന്റെ നിദ്രയെ കീറിമുറിക്കാൻ
പേടിസ്വപ്നമായി എത്തുന്ന
വിക്രമനും മുത്തുവും
ലൊട്ടുലൊടുക്കും

മനസ്സിൽ നീ ആരാധിക്കുന്ന
നിന്റെ സ്വന്തം ഡിങ്കൻ
ഇവരായിരുന്നു അന്നും ഇന്നും
നിന്റെ ലോകം

പ്രണയം എന്തെന്നറിയാത്ത
നിന്റെ പിഞ്ചുഹൃദയത്തെ
ഞാൻ നോവിക്കാൻ വരുന്നില്ല
എന്റെ പ്രണയം നിന്റെ
ചിത്രകഥകൾക്ക് മുന്നിൽ
മൂകമായി നാണിച്ചു പോവുന്നു
എങ്കിലും നിന്നോടൊരു ചോദ്യം?
നിന്റെ ഇരുനില വീടിന്റെ
ഉമ്മറത്തെ തിണ്ണയിൽ നിന്ന്
ആ പാടവരമ്പത്തേക്ക്
നോക്കിയ ഏതെങ്കിലും
സന്ധ്യയ്ക്ക് നിന്റെ
മനസ്സിൽ എന്റെ രൂപം
തെളിഞ്ഞിരുന്നോ?...

# ചങ്ങല




**വിഷ്ണു വിജയൻ**
ഒന്നാം വർഷ രസതന്ത്രം


ഞാൻ അല്ല....

എന്ന് വെച്ച് ഇത് എഴുതിയത് ഞാൻ അല്ല എന്നല്ല. ഞാൻ, എന്ന ഭാവം ഈ ലേഖനത്തിന്റെ അവസാനം വരെ ഉപയോഗിക്കരുത്. ചില ഭാവം മാത്രം... ഇത് ഇന്ത്യയല്ലാ എന്നു വെച്ച് ഞാൻ ഇന്ത്യക്കാരൻ അല്ല എന്നല്ല. സർ. ഐസക്ക് ന്യൂട്ടന്റെ "Frame of referance"....... എന്നതിൽ ലോകം മുഴുവൻ ഉൾപ്പെടുമോ എന്നു ചോദിച്ചാൽ, ലോകനാഥൻ ദൈവമായിരിക്കുന്ന ഈ പല്ലുകുസൻ ലോകത്തിലെ ദൈവത്തിന്റെ സ്വന്തം നാടാണ് എന്റെ ലേഖനത്തിന്റെ ആലയം.

ഈ പുണ്യപുരാതന ഭ്രാന്താലയം ഉണരുമ്പോൾ തന്നെ ആദ്യം കൈയ്യിലെടുക്കുന്നത് പത്രമാണ്. വിദ്യാഭ്യാസ സംപുഷ്ടതയുടെ പരിപൂർണ്ണതക്കാണെന്ന് കരുതുന്ന വിഡ്ഢികളായ സ്വതന്ത്രർക്ക് ഇവിടെ വോട്ടു ചെയ്യാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് അത് എന്തിനാവുമെന്ന് സ്വയം ചിന്തിക്കണമെന്ന് പറഞ്ഞാൽ വേണ്ടാത്തത് ചിന്തിക്കുമായിരിക്കും. അതിനാൽ പറയാം.

ഇന്ന് എത്ര കോടി നഷ്ടം സംഭവിച്ചു എന്നറിയുന്നതിനാണ് കോടി എന്ന് പറയുന്നത്. കോടിമുണ്ട്, ഓണക്കോടി, കോടീശ്വരൻ... ഇതിൽ ഏതൊക്കെയാണ് എന്ന് മനസിലാക്കേണ്ടിയിരിക്കുന്നു. 'എന്നതായാലും' എന്ന് ഈ നാട്ടിലെ നടുക്കുഭാഗത്തുള്ളവരും 'എന്തരായാലും' എന്ന് വാലറ്റവും പറയുന്ന ഈ നാട്ടിലെ തിരഞ്ഞെടുപ്പാണ് പ്രധാനം.

അഞ്ച് വർഷത്തിൽ ഒരിക്കൽ നടക്കുന്ന 'election' എന്ന അഴകൊഴമ്പൻ കൂത്ത് അല്ല. മേൽപറഞ്ഞ കോടികളിൽ ഏതാവും എന്നാണ്. മൂല്യചോർച്ച എന്നത് ഇപ്പോൾ മുല്ലപ്പെരിയാറിലെ വെള്ളച്ചോർച്ചയാണോ എന്ന് ചോദിക്കുന്ന സമൂഹത്തിന്റെ ശോചനീയാവസ്ഥയിൽ ലജ്ജിക്കണോ? വേണ്ട എന്നു പറയുന്നവർ എല്ലാക്കാലത്തും, വേണം എന്നു പറയുന്നവർ പത്തു നിമിഷത്തേക്കും ഇത് ചിന്തിക്കുന്നുണ്ട്.

പുരാതന കാലഘട്ടത്തിന്റെ അല്ലെങ്കിൽ, പണ്ട് ഈ നാട്ടിൽ സംസ്കാരത്തിന്റെ വളക്കൂറുള്ള മണ്ണിൽ തഴച്ച് വളർന്നിരുന്ന തലമുറ ഇന്ന് തലമുടി വളരുന്ന തലമുറയെ നോക്കി പറയുന്നു, നമ്മുടെ സംസ്കാരത്തെപ്പറ്റി അവബോധമില്ല എന്ന്.

മക്കളെ ഉത്പാദിപ്പിച്ച് നാട് കറങ്ങി നടന്നവരും, മാറിന് കരംകെട്ടേണ്ടി വന്നവരും, ജന്മി– കുടിയാൻ വ്യവസ്ഥിതിയും നടമാടിയിരുന്ന നാട് എങ്ങനെയാണ് സംസ്കാരത്തിന്റെ തനിമ അവകാശപ്പെടുന്നത്.

മാറേണ്ടത് ചട്ടങ്ങളെയല്ല, അവ അനുസരിക്കുന്ന, മനുഷ്യൻ എന്ന് അവകാശപ്പെടുന്ന, ഇരുട്ട് വീണാൽ ഉള്ളിലെ മൃഗം പുറത്ത് വരുന്ന, മറയുണ്ടെങ്കിൽ എന്ത് ആഭാസത്തരവും കാണിക്കുന്ന, നിസ്സഹായരെ പരമാവധി ചൂഷണം ചെയ്യുന്ന നികൃഷ്ടമായ ഈ ഭ്രാന്താലയത്തിലെ സദാചാരവാദികൾ എന്ന് അവകാശപ്പെടുന്ന ഭ്രാന്തന്മാരെയാണ്.

ആരെങ്കിലും കൂടുന്നോ എന്റെ കൂടെ ഈ അദൃശ്യമായ ചങ്ങല പൊട്ടിച്ചെറിയാൻ!!!...





# വാകപ്പൂവുകൾക്ക്...

ഇല്ല വരില്ല ഞാനിനിയാ
വാകമരച്ചുവട്ടിലിരുന്നു
ഒരു കവിതകൂടിയെഴുതുവാൻ
ഇനി ബാക്കിവെക്കുന്നുവതിനാലാ
നിശബ്ദം താളുകൾ....

അവിടെ കുറിക്കുവാൻ പലതുണ്ട്
പറയാത്തതേറെയായി
ചോക്കുപൊടി പുകയിലുറങ്ങുന്ന
ക്ലാസ്സ്മുറിയുമതിൽ കലഹിച്ചു
കൈയടിച്ച കൂട്ടരും പിന്നെ
പുസ്തകതാളിൽ അക്ഷരം
തന്ന മുഖങ്ങളും നിറയുന്നുവാദ്യം....

അക്ഷരങ്ങൾ കൊണ്ടു
കഥ പറഞ്ഞ ഷെൽഫുകളും
ഒരുമിച്ചോടി കയറിയ പടികളും
'റീഫില്ലറിങ്ങ്'-സ്റ്റോറും
കുളിങ്ങ് കൂളറും
പേടിപ്പിച്ച് പൊട്ടിച്ചിരിച്ചകന്ന
പരീക്ഷണ പേപ്പറുകളും
ഒരുമിച്ചു കൈയിട്ടുവാരിയയാ
പൊതിച്ചോറും നിറയുന്നു
ശേഷം.........

ചായയിൽ ചിലത് പറയുവാനുണ്ട്
ചിലരറിയാതയെന്നു
വിളിച്ചോതിയ സൗഹൃദടേബിളുകളും
പിന്നെ ഏവരും പോകുമ്പോളാ
കൂട്ടരുമായി കെട്ടിലിരുന്നു
വിളിച്ചോതിയ സൗഹൃദവാക്കുകളും
ആരുമറിയാതെ ഇടനാഴികളിൽ
ഒരുമിച്ചൊരു കരം ചേർത്ത നിഴലുകളും
പിന്നെയും പിന്നെയും നിറയുന്നു
എവിടെയോ ഏതോ പറയുവാനായി....

ഇല്ല ഇനി വരില്ല
ഇവയെല്ലാം കുറിക്കുവാൻ
ഒരു കവിതയായി
കണ്ണടയ്ക്കുന്നു ഞാൻ
കണ്ണു നിറയാതെ

എന്നിട്ടു ബാക്കി വെച്ചകലുന്നു
പിന്നിൽ ചിതറിയ
വാകമരപ്പൂവുകളിൽ
കാലം കൈയ്യൊപ്പു
ചാർത്തിയ
ഓർമ്മയുടെ കവിത താളുകളുമായി.........

വൈശാഖ് ടി. എൻ.
മൂന്നാം വർഷ ധനതന്ത്രം



അഭിജിത്ത്ലാൽ എൻ.എസ്
മൂന്നാം വർഷ ഇംഗ്ലീഷ്

# ഒരു പ്രണയത്തിന്റെ വിലാപകാവ്യം



മൂന്നാം തവണയും ഇഷ്ടമല്ലെന്ന് പറഞ്ഞ് ഭയരഹിതമായ മുഖത്തോടെ അവൾ നടന്നകന്നു...

നീ ഇറങ്ങിപ്പോകുമ്പോൾ ഞാനേകനാകുന്ന ഇടനാഴികളിൽ എത്രയെത്ര ഓർമ്മകളാണ് അലച്ചു കിടക്കുന്നത്. മഴത്തുള്ളികൾ ആത്മാക്കളോട് കലഹിച്ച് കുലംകുത്തി പെയ്യുന്ന പെരുമഴയത്ത് നിന്റെ കൊലുസിന്റെ നാദം ഞാൻ വേർതിരിച്ചെടുത്തിട്ടുണ്ട്. എത്രയെത്ര കവിതകളാണ് നിനക്കായ് എഴുതിക്കൂട്ടിയത്? ആ പടവുകളിൽ പലപ്പോഴും ഞാൻ നിന്റെ മുല്ലപ്പൂക്കളുടെ ഗന്ധം തിരിച്ചറിഞ്ഞിട്ടുണ്ട്. മൺചെരാതുകളുടെ മഞ്ഞവെളിച്ചത്തിൽ മഴയ്ക്കും നിനക്കും ഒരേ നിറമായിരുന്നു. പക്ഷെ, എന്റെ പ്രണയത്തിനു നേർക്ക് എന്നും നീ മുഖം തിരിച്ച് നടക്കുകയായിരുന്നു. മുഷിഞ്ഞ പത്ത് രൂപാ നോട്ടുകൾ ചുരുട്ടി വച്ച എന്റെ പോക്കറ്റിലേയ്ക്ക് നോക്കുന്നതിന് പകരം ഒരിക്കലെങ്കിലും നിനക്കെന്റെ കണ്ണുകളിലേക്ക് നോക്കാമായിരുന്നില്ലേ? എന്റെ തൊലിപ്പുറത്തെ നിനക്ക് ചേരാത്ത കറുപ്പ് മാത്രമേ നീ കണ്ടുള്ളോ പെണ്ണേ...

ഇന്നിതാ ഞാനെന്റെ പ്രണയകുടീരത്തിൽ അവസാനത്തെ മെഴുകുതിരി കത്തിക്കുകയാണ്. 'എന്റെ സ്വപ്നങ്ങളിൽ
നീ എന്നും എന്റേത് മാത്രമായിരുന്നു...
ആ സ്വപ്നം കണ്ടുകൊണ്ടേയിരിക്കാൻ
ഞാൻ എന്നെന്നേക്കുമായി ഉറങ്ങുന്നു....'




വിദഗ്ദ്ധ നേത്ര ഡോക്ടറുടെ സേവനം

[illegible] തിങ്കൾ, ബുധൻ, വെള്ളി

3.00 PM - 5.00 PM

VARILUX® only from essilor

World No. 1 in spectacle lenses

IDEAS FOR EYES

# ROSE®

## EYE CLINIC & OPTICALS

**KURAVILANGAD**
Opp. Private Bus stand
Ph: 04822 232625

**GANDHI NAGAR**
Valiyaparampil Bldg., M.C. Road
Samkranthi, Ph: 2590346

**PALA**
Opp. Municipal Complex
Ph: 04822 324826, 216956

**KOTTAYAM**
Manorama Jn., K.K. Road
Ph: 0481 2564926, 2583926

**ETTUMANOOR**
Valliyath Building, M.C. Road
Ph: 0481 2537726, 3258826

**ERNAKULAM**
Vision Care, Vyttila Jn.
Ph: 0484 2389244

Customer Care: ✆ 94477 84726 mail: roseoptolab@gmail.com

facebook.com/roseopticalgroup

Authorised outlet

essilor · VARILUX · Crizal · Airwear · Transitions · SHAMIR · SEIKO · Nikon · BAUSCH + LOMB · LEVI'S · Safilo · CARRERA · OAKLEY · RODENSTOCK · fastrack · Silhouette · STEPPER · VOGUE · LUXOTTICA · Ray-Ban

Our sister concerns: • **DCB Cottons** Pala, Ph: 215144 • **KAKKANATT GAS AGENCIES** Thellakom, Ph: 2791276 • **FAITH METALS** Thellakom, Ph: 9995448332

# Agonizing Emptiness

Gone are those days
of unrelenting grins
Gone are those moments
of sweet confidences
Now bound by fear
of approaching vacuum

Ephemeral talks,
as time rushes
Skips the reasons for togetherness,
as new contentment lies with world
Undue waiting
to regain life of bond.

Lost congnitivity,
anelioration turns out annihilation,
calling up distrust
Blurred mirage
in my deserted days,
that moans on memories

Mind is numbed,
tangled with riddles
Daydreams vanished,
Unnerving nightmares
Mirror reflects
freezing images

Hope, black turns red soon,
Hope, fragrance fills air
May venus bless again,
to regain our mirth
by regaining us
once again.



Anjali P.
I DC English



# Reluctance

I walk
to tomorrows
drying those
wet dreams.

The dry red path
shallow dark blue stream,
fallen lavenders
All to the destiny

I know
pain ends
at finishing point
Yet I prefer
walking,
Yet I want
to go hopefully
It's better than arrival !

Sneha Mohandas
II DC Maths



**ബിബിൻ ബെന്നി**
രണ്ടാം വർഷ ഭൗതികശാസ്ത്രം



# കാലം പോണ പോക്കേ...

യുവാക്കളിൽ വായനാശീലം വളർത്തുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഞങ്ങൾ ഗ്രാമത്തിൽ ഒരു വായനശാല ഉണ്ടാക്കാൻ തീരുമാനിച്ചത്. വായനശാല കെട്ടിടത്തിന് ഫണ്ട് സ്വരൂപിക്കാൻ ഞങ്ങൾ രംഗത്തിറങ്ങി. ആദ്യം സൂപ്പർസ്റ്റാർ ലെഫ്റ്റ് & കേണൽ മോഹൻലാലിനെ കണ്ടു. അദ്ദേഹം ഒരു ടീഷർട്ട് സംഭാവന നല്കി. പിന്നെ നയൻതാരയെ കണ്ടു. നയൻ ഉപയോഗിച്ച ഒരു ചുരിദാർ തന്നു. സുരേഷ് ഗോപി ഒരു പാന്റ് തന്നു. അവസാനം ഞങ്ങൾ എം.ടി. യെ കണ്ടു. അദ്ദേഹം 'കാലം' എന്ന കഥാപുസ്തകം തന്നു. ഇതെല്ലാം കൂടെ ഞങ്ങൾ ലേലം ചെയ്തു.

ലേലത്തിൽ കിട്ടിയ തുക താഴെ കാണിക്കുന്നു.
ലാലിന്റെ ടീ ഷർട്ട് – 50,000/-
നയൻതാരയുടെ ചുരിദാർ – 25,000/-
സുരേഷ്ഗോപിയുടെ പാന്റ് – 15500/-
എം.ടി യുടെ പുസ്തകം – 15/-രൂപ
'കാലം പോണ പോക്കേ'....!!!



# പെൺകുഞ്ഞ്

ആശുപത്രിയിൽ നിന്ന് അയാൾ പുറത്തേക്കോടി. ആദ്യം എന്ത് ചെയ്യണം എന്നറിയാതെ അയാൾ കുഴങ്ങി. എന്തായാലും മൊബൈൽ എടുത്ത് അയാൾ ആദ്യം വിളിച്ചത് കോൺട്രാക്ടർ ഐസക്കിനെയായിരുന്നു. മതിൽ 3 അടി കൂടി ഉയർത്തണമെന്ന് പറഞ്ഞശേഷം ഫോൺ കട്ട് ചെയ്തു. ഇനി എന്ത് എന്ന് അയാളുടെ മനസ്സ് മന്ത്രിച്ച് കൊണ്ടിരുന്നു. എന്തായാലും ഷോ റൂമിൽ വിളിച്ച് ഒരു കാർ ബുക്ക് ചെയ്യാം. ബസിലും ട്രെയിനിലും എന്തിനധികം ഒരു ഓട്ടോറിക്ഷയിൽ പോലും കയറാൻ ഇനി പേടിക്കണം. അയാൾ അടുത്തതായി ഡയൽ ചെയ്തത് തയ്യൽക്കാരൻ ഉസ്മാന്റെ നമ്പറിൽ ആയിരുന്നു. കാരണം നല്ലയിനം പർദ തയ്ക്കാൻ അയാൾക്ക് നല്ല വശമാണ്. ഇനിയെന്ത്? അപ്പോഴേക്കും അയാളുടെ ഫോൺ ശബ്ദിച്ചു തുടങ്ങി. അത് ആശുപത്രിയിൽ നിന്നായിരുന്നു. അങ്ങേതലയ്ക്കൽ ഭാര്യ പറയുന്നത് ആകുലത നിറഞ്ഞ മനസ്സോടെ കേട്ടു. 'എന്താണ് നമ്മുടെ പൊന്നോമനയെ ഒരു നോക്ക് കണ്ടപ്പോഴേ ഓടിപ്പോയത്....? അയാൾ മനസ്സിൽ പറഞ്ഞു...

ഒരു പെൺകുഞ്ഞാണ് തനിക്ക് പിറന്നത്. അവൾക്കായി ഇത്രയും ചെയ്തില്ലെങ്കിൽ പിന്നെ എങ്ങനെ സമാധാനത്തോടെ കഴിയാനാവും... ഒരു ദീർഘനിശ്വാസത്തോടെ അയാൾ ചിന്തിച്ച് നിർത്തി...!

**ഡിനിൽ ദിലീപ്**
ഒന്നാം വർഷ രസതന്ത്രം



ജെയ്സൺ പി. ജേക്കബ്
അസി. പ്രൊഫ. ഇംഗ്ലീഷ് വിഭാഗം


ഞാൻ ഒരു ബോൺസായ് ചെടി
എന്റെ ശിഖരങ്ങൾ
മേഘങ്ങളെ സ്പർശിക്കുകയില്ല
എന്റെ വേരുകൾ
ഭൂമിയുടെ കനിവാർന്ന ഗർഭപാത്രത്തിലേയ്ക്ക്
നുഴ്ന്നിറങ്ങുകയില്ല
പ്രണയികളായ കുയിലുകൾ
എന്റെ ചില്ലകളിലിരുന്ന് രമിക്കുകയോ
കുരുവികൾ എന്റെ പുരികങ്ങളിൽ
കൂട് കെട്ടുകയോ ചെയ്യുകയില്ല

എന്റെ ആകാശം
സ്വീകരണമുറിയിലെ ജനാലയുടെ
നരച്ച ചതുരമാണ്
കലണ്ടറിലെ കറുത്ത അക്കങ്ങൾക്ക് മുകളിൽ
തിളക്കമില്ലാത്ത നിറക്കൂട്ടുകളായി
എന്റെ ഉദയാസ്തമയങ്ങൾ

പുതുമഴയുടെ ചുംബനങ്ങളിൽ കുതിർന്ന്,
ഉടലാകെ തളിർത്തു നിൽക്കുന്ന
മുറ്റത്തെ തൈമാവിനെ
ഞാനിന്നു കാണുന്നില്ല
പ്രലോഭനങ്ങളിലുൾപ്പെടാതിരിക്കുവാൻ, ഉടയവൻ
എന്റെ കണ്ണുകൾ ചൂഴ്ന്നെടുത്തുവല്ലോ
കൊടുങ്കാറ്റിന്റെ കരുത്തുറ്റ കൈകളിൽ
മുടിയഴിച്ചാടിത്തിമിർക്കുന്ന ആൽമരത്തിന്റെ
കുയിൽ പാടിയ കഥകൾ ഞാനിന്നു കേൾക്കുന്നില്ല
വഴിപിഴച്ചവരുടെ കഥകൾ കേൾക്കാതിരിക്കുവാൻ
എന്റെ കാതുകൾ ഈയമുരുക്കി മുദ്രവച്ചിരിക്കുന്നുവല്ലോ

ഈ ഇരുട്ട് എനിക്ക് മടുത്തിരിക്കുന്നു
കാറ്റു ചൂളം കുത്തുകയും
ജലപാതങ്ങൾ കസവു നെയ്യുകയും ചെയ്യുന്ന മലഞ്ചെരിവുകൾ
എന്റെ സ്വപ്നങ്ങളിൽ നിറയുകയാണ്
പക്ഷേ,
പുറത്തെ നുരയുന്ന ജീവിതത്തിലേക്കു വിരൽ നീട്ടുന്ന
എന്റെ തൃഷ്ണയുടെ മുകുളങ്ങളെ
'വാത്സല്യത്തോടെ' അടർത്തിമാറ്റിക്കൊണ്ട്
അവൻ ഇങ്ങനെ പറയും:
കുഞ്ഞേ, സ്വപ്നങ്ങൾ ദുഃശ്ശകുനങ്ങളാണ്
സ്വാതന്ത്ര്യം എന്ന മിഥ്യയെപ്പറ്റി
അവ നിന്നോടു സംസാരിക്കുന്നു
എന്റെ പൂച്ചട്ടിയിലെ നനഞ്ഞ മണ്ണിൽ വേരുകളൊതുക്കി
വിനീതനായി നീ ഉറങ്ങിക്കൊള്ളൂ....
സ്വപ്നങ്ങളില്ലാതെ....

# ബോൺസായ്


A&S ASSOCIATES
Designers, Engineers & Contractors
PLAN, ESTIMATE, SUPERVISION, CONSTRUCTION OF BUILDING
Opp. SBI, Muthalapuram, Ernakulam Dist.
Mob: 9447914104, 9446424104
asassociates_30@rediffmail.com, adwaithsaji.pp@gmail.com
തച്ചുശാസ്ത്ര വിധിപ്രകാരം പ്ലാനുകൾ തയ്യാറാക്കി കൊടുക്കുന്നു.




വിനീത എസ്.
രണ്ടാം വർഷ സസ്യശാസ്ത്രം


# നൊസ്റ്റാൾജിയ

അപ്രതീക്ഷിതമായി കിട്ടിയ രണ്ടാഴ്ചത്തെ അവധിക്കാലം.. ഞാനും എന്റെ സുഹൃത്തുക്കളും രാവിലെ തന്നെ ആലുവ റെയിൽവേ സ്റ്റേഷനിലെത്തി. പ്രതീക്ഷിച്ചതു പോലെ, ട്രെയിനിൽ നിൽക്കാൻ ഒരു സ്ഥലവുമില്ല. ചില യാത്രക്കാർ പുറത്തെ കാഴ്ചകൾ കണ്ട് ആസ്വദിച്ചിരിക്കുന്നു. മറ്റു ചിലർ പുസ്തകവായനയിൽ നിന്നും ഒരു നിമിഷം പോലും തലയുയർത്തുന്നില്ല. ഞങ്ങൾ ഓരോ ഭാഗത്തായി നിലയുറപ്പിച്ചു.

തൃശ്ശൂർ സ്റ്റേഷനിലെത്തിയപ്പോൾ വണ്ടിയിൽ കയറാൻ നിൽക്കുന്നവരുടെ ഒരു വലിയ നിര തന്നെ ഉണ്ടായിരുന്നു. എല്ലാവരേയും കണ്ടിട്ടില്ല അവർ സ്ഥിരമായി ആ വണ്ടിയിൽ യാത്ര ചെയ്യുന്നവരാണെന്ന് എനിക്കു മനസ്സിലായി. അവരുടെ കൈയ്യിലുള്ള ഉത്തര കടലാസുകളുടെ കെട്ടുകൾ കണ്ടപ്പോൾ എല്ലാം സ്കൂൾ അധ്യാപകരാണെന്നും ഞാൻ ഊഹിച്ചു.

കമ്പാർട്ട്മെന്റിലെ നിശബ്ദത പതുക്കെ പതുക്കെ മാഞ്ഞു. റോഡിലൂടെ കുട്ടികളെ നിറച്ചു കൊണ്ട് പോകുന്ന വണ്ടികളെ കണ്ട് ടീച്ചർമാരിൽ ആരോ എന്തോ പറഞ്ഞു തുടങ്ങി. ഇത്രയും രസകരമായ ഒരു ബാല്യം എനിക്കില്ലായിരുന്നു. ചാറ്റൽമഴ നനഞ്ഞും ആടിപ്പാടിയുമാണ് ഞാൻ സ്കൂളിൽ പോവുന്നത്.

ഓണക്കാലത്ത് രാവിലെ പൂക്കൂടയുമായി വീട്ടിൽ നിന്ന് ഇറങ്ങിയാൽ വൈകുന്നേരം പൂക്കൂട നിറയെ പൂക്കളുമായി വരുന്നതുപോലെ എന്തൊരു സന്തോഷമായിരുന്നു. കമ്പാർട്ട്മെന്റിന്റെ വാതിലിനടുത്തു നിന്ന ടീച്ചർ സംഭാഷണം തുടങ്ങിയത് ഇങ്ങനെയായിരുന്നു.

അവരുടെ ബാല്യം മധുരമുള്ളതായിരുന്നു എന്നും, എനിക്ക് നഷ്ടമായതും അങ്ങനെയൊരു ബാല്യമാണെന്നും ഞാൻ തിരിച്ചറിഞ്ഞു. അവരുടെ സംഭാഷണം ഞാൻ ശ്രദ്ധിക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയതുകൊണ്ടാകാം ആ സംഭാഷണത്തിൽ എന്നെയും കൂട്ടി. പരസ്പരം പേരു പോലും ചോദിക്കാതെ, ഓർമ്മകൾ മാത്രം പങ്കു വച്ച് അവർ ഇറങ്ങേണ്ടിയിരുന്ന സ്റ്റോപ്പെത്തിയപ്പോൾ ഞങ്ങളോടു യാത്ര പറഞ്ഞു.

ട്രെയിൻ വീണ്ടും ഓടിത്തുടങ്ങിയപ്പോൾ ഞാൻ എന്റെ സ്കൂൾകാലത്തെപ്പറ്റി ഓർത്തു. ക്ലാസ്സ് കഴിഞ്ഞ അവസാന ദിവസം ഞങ്ങളുടെ പ്രധാനാധ്യാപകൻ പറഞ്ഞത് ഇന്നും ഞാനോർക്കുന്നു. 'നിങ്ങളുടെ തലമുറ ചിരിക്കാൻ പോലും മറന്നിരിക്കുന്നു. വരാനിരിക്കുന്ന മഴയെ സ്വാഗതം ചെയ്യാൻ നിങ്ങൾ ക്ലാസ്സ് റൂമിന്റെ ജനാലകൾ തുറന്നിടുക. മേശമേൽ കിടക്കുന്ന പുസ്തകങ്ങളുടെ ഗന്ധം ഇനി നഷ്ടമാകും.'

ഇനി ഒരു തലമുറയോട് മഹാത്മാഗാന്ധിയെക്കുറിച്ച് പറഞ്ഞാൽ, 'അങ്ങനെയൊരാൾ ഒരു തുള്ളി രക്തച്ചൊരിച്ചിലില്ലാതെ, സ്വാതന്ത്ര്യം നേടിയെടുക്കാൻ കഴിഞ്ഞു എന്ന സത്യം അംഗീകരിക്കാനാകില്ല' എന്നു പറഞ്ഞ പടിയിറങ്ങിയ അധ്യാപകന്റെ വാക്കുകൾ അന്വർത്ഥമാവുകയാണോ എന്നു ഞാൻ സംശയിച്ചു.

നമുക്കിറങ്ങാം. സഹയാത്രികരിലൊരാൾ വിളിച്ചപ്പോഴാണ് ഇത്ര വേഗം ട്രെയിൻ കോഴിക്കോടെത്തിയോ എന്നു ഞാൻ ഓർത്തത്.

# COLLEGE UNION REPORT 2013 - 14

It is with immense pleasure and pride, I present before you the annual report of Deva Matha college 2013-2014 has been a memorable one in the history of Deva Matha. Giant strides have been made towards achieving our vision and mission. We are in the 50th year of our long tradition of educating and moulding the young.

At present we have 1432 students on the roll. As it has been in the past, the rush for admissions still remains unabated. This year 432 students were admitted to the various UG and PG programmes. The academic year was formally inaugurated on 2nd June 2013. Three new courses, B.Com with Taxation, B.A. Communicative English and MSC Mathematics were introduced during this academic year. In the perspective of vast changing scenario of globalization varied knowledge enhancing activities and projects such as quizzes, seminars, workshops, dissertation competitions, invited lectures, field visits, commerce fest "Casus Belli", PTA meetings, etc were introduced to keep the students abreast with the latest.

Remedial coaching: To improve the standards of our less privileged, remedial coaching was arranged with financial assistance from UGC. Besides, this year the college in association with the Kerala State Higher Education council, The Scholar Support Programme (SSP) was initiated for the slow learners. Dr. MC. Varghese, Dept of Botany coordinated the programme and members of the faculty engaged various classes.

Research: There has been a sudden spur in the research ambience of the college. The college has 11 Research Guides with many scholars pursuing their research. Dr. Sunil Jose, Dept of Zoology has been sanctioned a Major project by UGC and Several minor projects were also procured by the faculty. The college publishes a Research Journal, Research Lines with ISSN number 0975-8941and another Journal, Explorations, with ISSN no. 2229-4783 to publish the proceedings of the seminars.

The Number of articles published in National & International journals by the faculty has increased considerably during this academic year.

DST/FIST : To strengthen the infrastructure of the science departments, Department of Science and Technology, New Delhi sanctioned a grant of Rs 70 lakhs in 2013.

ASAP: In association with the State Higher education Council, the college conducted two ASAP trainings of 21 days duration each. Rev. Dr. Joseph Sebastian coordinated the training and, Sri. Subin Varghese,Indu Peter and MrsThusahara Nair engaged the classes. Many of our final year students were selected for the ASAP and a regular batch for ASAP is on in the college under the supervision of Sri Alphin Chacko

Retirements: Sri Prasad Paul, Sri. T.K. Thomas, (Chem.) Smt. Lizy John (Maths) and Smt. Thressiamma John (Commerce) of the teaching faculty and Johny John Nidhiry (Librarary), Louis Johny and Sr. Lillykutty Alex of the Administrative staff bowed out of the college after long years of selfless and committed service.

New Appointments: Rev. Fr. Salvin Thomas (Mal.), Vidhya Jose (Chem.), Syju Thomas (Phy), Dr. John Prakash (Che.), Dr. Tony Sebastian (Che), Rev. Fr. Denoy Mathew (Com.), Anju C Augustine (Maths), were appointed this year in various departments.

National Seminars : 6 Depts of the college conducted National Seminars during this academic year: the Chemistry Dept on 11 & 12 Sedptember,2013, Maths Dept on 7 Dec. 2013, and the Malayalam Dept on 7&8 Jan 2014. Commerce dept on 3&4 February 2014.

The Physical Education dept on 5&6 February 2014, and the Engllish Dept on 24&25 February 2014. ,A workshop for Principals of Arts and Science college was conducted on 16 November 2013. Besides these, several training programmes, invited lectures and talks, quizzes, dissertation competitions were also conducted by the departments, NCC and NSS.

1. Students' Council: Election to the Students' council was conducted on 26 July 2013. The following students were selected as office bearers of the Students' council

CHAIRMAN : JIBIN SUNNY II M.Com
VICE CHAIRMAN : SHARON SHAJI III Chem.
GEN. SECRETARY : ASWIN GANGA III Phy.
ARTS CLUB : AJOMON JOSEPH III Maths
EDITOR : DEVIKA M. A. II Eng.
COUCILLORS : TITO GEORGE II Chem.
: VYSAKH T.N., III Chem.
LADY REPS : ATHULYA M.C., I Eng.
: PRIYANKA WILSON II Chem.
I DC REP : GEORGE SHAJU, I Phy..
II DC REP : JOBIN JOSEPH II Bot.
III DC REP : MATHU K.B., III Eng.

PG REP : SHIBIN MOHAN IIPG. Phy.

Dr. AV. Georage, the hon'ble Vice Chancellor of M.G. University inaugurated the activities of the Student's council on 7 January 2104. The college day was celebrated in a grand manner on 26 March 2014.

Noon Day Programme: To bring out the latent talents in the students, the college arranges noon day cultural programmes. Onam was celebrated dept wise and Christmas day celebrations were conducted in the college auditorium. P G Fest was conducted in the month of March 2013.

Arts Fest : The College Arts Fest was conducted on 6 March 2014. Several of the participants were selected to represent the college during the inter collegiate "Arts Fest". Five of our students got A grade at the University level.

Career and Placement Cell : The career and placement cell of the college under the guidance of Sri Anish Thomas has been rendering yeoman service in guiding the students in their career and making them employable to the global market

This year 17 of our students were absorbed in by SIB, 4 by Federal Bank, 5 by Wipro and 8 by Eureka Phorbes Ltd. The cell organizes bank test coaching classes, GD and interview skills and personality development programmes.

Sports & Games : The college has a well equipped physical education dept that fosters the sports and games talents of the students. This year the college came out as the champions in the inter collegiate Yoga competition and several of students participated in various intercollegiate competions

NSS : The NSS unit of the college as in the past has been very active and vigorous. The 7 day camp was really an enriching experience to the NSS volunteers. Besides it, a minicamp and several training programmes were organized by the NSS.


NCC : NCC unit of the college continues its meritorious service in instilling in the students patriotism, self discipline and other such values. On the republic day the NCC cadets took out a parade to the streets of Kuravilangad. Many of the NCC cadets attended several NCC camps held at various parts of the country.


Golden Jubilee : The golden Jubilee celebrations of the college was formally inaugurated by Dr. Sasi Tharoor, Hon'ble Minister for Human Resource Development on 12 September 2013. Prior to the formal inauguration, the college conducted a Vilambara Jadha on 3 September,, 2013. The students arrayed under the banners of the various departments with floats, tableaux, traditional art forms etc. The rally was taken out to the streets of Kuravilangad proclaiming the vision and mission of the college. Various academic and co curricular activities were initiated by the various depts during the jubilee year.

Alumni Day: December 14, 2013 is a red letter day in tha annals of Deva Matha, for on this day, the children of Deva Matha from 1964 to 2013 gathered together in the campus to rekindle the fond memories of their stay here. The first batches of Pre degree, Degree and PG were felicitated during the programme. All the retired teachers and administrative staff were also honored. The meeting came to an end with a grand lunch. It was also decided to hold the alumni day on the Second Saturday of every December.

All these achievements were possible because of the commitment of all concerned, the Management, Teaching and Non teaching staff and the Students. I wish to specially thank our dynamic Manager, Rev. Fr. Abraham Kollithanuthumalyil, whose devotion in taking the College to greater heights by constantly improving the College administration, in keeping with the present times of technology orientation is commendable

Though we are proud of our many successes, we cannot be satisfied by simply resting on our laurels. Indeed, it is our mission to strive further no matter how many goals we reach along the way. This true and [illegible] lifelong progress runs through the very [illegible] our College


Stay in serenity and
loll in luxury
HOTEL
VARSHA
INTERNATIONAL
RESIDENCY
A THREE STAR BUSINESS HOTEL
The gateway to hospitality
HOTEL
VARSHA
INTERNATIONAL
RESIDENCY
KURUPPANTHARA
Kottayam, Kerala, India
Ph: +91-4829-244324, 244632
Fax: +91-4829-245700
hotelvarshaktym@gmail.com
A unit of Royal Golf Hotels India Pvt. Ltd.


സുവർണ്ണജൂബിലി നിറവിൽ
ശോഭിക്കുന്ന ദേവമാതാ കോളേജിന്
മംഗളാശംസകൾ...
KALAPPURACKAL
JEWELLERS
PANAMKUZHAKAL ARCADE
KURAVILANGADU

# സഹീറ

വേർതിരിക്കാനാവാത്ത ശബ്ദങ്ങളും സ്വപ്നവും ഏതോ മായികരൂപങ്ങളുമൊക്കെ ചേർന്ന് ചെകിട്ടത്തടിച്ചാണ് ഞായറാഴ്ച, ഒരുപാടു പുലരാതെ പൂപ്പൽ മണക്കുന്ന ദിവാൻ കോട്ടിൽ നിന്നും ഞാൻ പിടച്ചെഴുന്നേറ്റത്. നെഞ്ചിൽ നിന്നും കാൽവഴുതി വീണ സഹീറിനൊപ്പം എന്റെ അഞ്ചാമത്തെ കണ്ണടയുടെ ഇടത്തേച്ചില്ലും പൊട്ടിക്കരഞ്ഞു. തുറന്നിട്ട കിടപ്പറയിൽ മുടിയഴിച്ചിട്ട് മയങ്ങുന്നവൾ എന്തോ പിറുപിറുക്കുന്നത് ഞാൻ കേട്ടു.

പണ്ടൊരു കെ.എസ്.ആർ.ടി.സി. ബസ്സിൽ മുൻ സീറ്റിലിരുന്ന് വാതോരാതെ സംസാരിച്ച പെൺകുട്ടിയെ ഓർമ്മയുണ്ട്. അവളുടെ കണ്ണോ മൂക്കോ ചുണ്ടോ ഓർമ്മയില്ല. പക്ഷേ അമാവാസിയിലെ കടൽപോലെ ആർത്തിരമ്പുന്ന അച്ചടക്കമില്ലാത്ത അവളുടെ മുടിയിഴമാത്രം ഇപ്പോഴും കണ്ണിലുണ്ട്. മൂന്നാം പീരീഡിൽ കുറത്തി പഠിപ്പിച്ച അദ്ധ്യാപികയുടെ ശബ്ദമായിരുന്നു അപ്പോൾ കാതിൽ.

'അഴിച്ചിട്ട മുടിക്കെട്ടുകളത്രയും അടക്കിവയ്ക്കാനാവാത്ത സ്വാതന്ത്ര്യ മോഹങ്ങളുടെ പ്രഖ്യാപനങ്ങളായിരുന്നു'.

തകർന്ന ചില്ലുകളൊക്കെയും വാരിക്കൂട്ടി ഒരു കോണിലൊതുക്കി വച്ച്, അവസാനിപ്പിച്ചതെവിടെയെന്ന് ഓർമ്മയില്ലാത്ത, ഓരോ വരികളും മനപ്പാഠമായ പുസ്തകം കാണാവുന്ന ദൂരത്ത് മടക്കിവച്ച് പതുക്കെ അവൾക്കരികിലേക്ക് നടന്നു. കട്ടിലിലിരുന്ന്, ചുരുണ്ട മുടിയിഴകളിലേക്ക് വിരലുകളാഴ്ത്തി കടലിലേക്കെന്നതുപോലെ ഞാനവളെ ഉറ്റു നോക്കി. തിരമാലകൾ എന്റെ കൈത്തണ്ടയിലെ ഞരമ്പുകളിലേക്ക് ആർത്തിരമ്പി. അവൾ കുണുങ്ങിക്കൊണ്ടുണർന്ന് എന്റെ കൈവെള്ളയിൽ മുഖമമർത്തി ഉറക്കച്ചടവോടെ ചോദിച്ചു.

'ഇന്നും പൊട്ടിച്ചു അല്ലേ?' ഞാൻ ചിരിച്ചു.

'എനിക്കറിയാത്ത ഒറ്റവരി പോലും ആ പുസ്തകത്തിലില്ല'

'ഓ.... സഹീർ...'അവൾ കണ്ണടച്ചു കിടന്ന് പതുക്കെ ചിരിച്ചു.

'അതെ'

'നീയോർക്കുന്നുണ്ടോ? പണ്ടൊരു രാത്രി നീയെന്നോട് പറഞ്ഞിട്ടുണ്ട്. ഞാൻ നിന്റെ സഹീറാണെന്ന്'.

'എനിക്കോർമ്മയുണ്ട്; എന്നിട്ടും എന്തുകൊണ്ടാണ് ഒരിക്കൽപോലും നീയത് വായിക്കാതിരുന്നത്?'

അതിന് മറുപടി പറയാതെ അവളെന്റെ ദേഹത്തൊട്ടിക്കിടന്നു. തലേരാത്രിയുടെ സകല ഹാങ്ങോവറുമായ് എന്റെ പുറംകൈയ്യിൽ അമർത്തിചുംബിച്ചു.

കോളേജിലെ സംവാദവേദികളിലൊക്കെ കണ്ണിൽ രോഷവുമായ് പീഢിപ്പിക്കപ്പെട്ട ഓരോ പെൺകുട്ടിക്കുംവേണ്ടി പൊട്ടിത്തെറിച്ചവളെ കൂട്ടുകാരിയാക്കിയത് ഒരു അത്ഭുതമായിരുന്നു. പിന്നീട് ആളൊഴിഞ്ഞ നേരങ്ങളിലെ ഇന്ത്യൻ കോഫീഹൗസിലും അവസാന പീരീഡിനു മുന്നത്തെ കെ.എസ്.ആർ.ടി.സി. ബസ്സിലും ഞങ്ങൾ ഒരുമിച്ചിരുന്നു.

അപ്പോഴൊന്നും പ്രണയമെന്ന വാക്കേ ഞങ്ങൾ ഞങ്ങളെ കോർത്തുവയ്ക്കാൻ എഴുതിയിരുന്നില്ല. ഞാനെന്റെയും അവൾ അവളുടെയും പ്രണയത്തിൽ അലഞ്ഞു നടന്നു.

എന്നിട്ടും ഒരുമിച്ചിരിക്കുമ്പോൾ ഞങ്ങൾ ഞങ്ങളുടേത് മാത്രമായിരുന്നു; പ്രണയം തന്നവർക്കും ജനിപ്പിച്ചവർക്കും മതത്തിനും ഭൂമിക്കുമൊന്നും അവകാശം പറയാനാവാത്ത ഞങ്ങൾ.

ഒരിക്കൽ പൊള്ളുന്ന വെയിലുള്ള ഒരുച്ചതിരിഞ്ഞ നേരം. ആളൊഴിഞ്ഞ കെ.എസ്.ആർ.ടി.സി. ബസ്സിൽ തോൾ ചേർന്നിരുന്ന് ഞങ്ങൾ ഞങ്ങളുടെ പ്രണയങ്ങളെപ്പറ്റി പറയുകയായിരുന്നു. എനിക്കവളോടെന്തെന്ന് തിരിച്ചറിയാനാവാത്ത ഏതോ ഒരു നേരത്ത് മറ്റൊന്നും ചിന്തിക്കാതെ ഞാൻ പറഞ്ഞു.

'എന്റെ പ്രണയം എനിക്കേറ്റവും പ്രിയപ്പെട്ടതാണ്. അത് ഒരിക്കലും നഷ്ടമാകരുതെന്ന് എനിക്ക് ആഗ്രഹവുമുണ്ട്. പക്ഷേ, എന്നെങ്കിലും അത് നഷ്ടമായാൽ ഞാൻ വിളിക്കും; ദൂരേയ്ക്ക് പോയേക്കരുത്'.

നിഗൂഢമായ ഒരു ചിരി കൊണ്ട് അവളെന്നെ ഞെട്ടിച്ചു.

'പോകില്ലെന്നൊന്നും വാക്കു തരാൻ എനിക്കാവില്ല... പക്ഷെ വിളിച്ചോളു, ഞാൻ തിരിച്ചു വരാം. പോരെ?'

അന്ന് ആ ചോദ്യചിഹ്നത്തിനപ്പുറം അവൾ ചിരിച്ച ചിരിയിൽ എനിക്കെന്നെ നഷ്ടപ്പെട്ടു. എന്നിട്ടും സൗഹൃദത്തിനും പ്രണയത്തിനുമിടയിലെ ഏതോ ഒരു തുരുത്തിൽ ഞങ്ങൾ ഞങ്ങളായി നിലനിന്നു.

കറുവപ്പട്ടയുടെ നിറം കടുപ്പത്തിൽ മാഞ്ഞുപോകും വിധം കട്ടൻചായ വെട്ടിത്തിളക്കുമ്പോൾ അവൾ പിന്നിൽ നിന്നു വന്ന് കെട്ടിപ്പിടിച്ചുകൊണ്ട് ചോദിച്ചു:

'എന്തായിരുന്നു ഇന്നത്തെ സ്വപ്നം?'

രണ്ട് കപ്പുകളിലേക്ക് ചായ പകർത്തുമ്പോഴും അവൾ പിടിവിടാതെ എന്റെ തോളിലമർന്നിരുന്നു.

'അമ്മ..'

അതുകേട്ട് എന്റെ കൈയ്യിൽ നിന്നും ചായക്കപ്പും മേടിച്ച് അവളെന്നെ ഉറ്റുനോക്കി.

'നിനക്ക് റിഗ്രറ്റുണ്ടോ?'

'എന്തിന്?' 'എനിക്ക് വേണ്ടി വേരുകൾ മുറിച്ചതിന്'

'ഇല്ല. അല്ലെങ്കിൽതന്നെ അതൊന്നും നിനക്കു വേണ്ടിയായിരുന്നില്ലല്ലോ കുട്ടീ'.

'സ്നേഹവും ലിബർട്ടിയും ഒരുമിച്ചു നിൽക്കില്ലെന്ന് നീ തന്നെയല്ലേ പറയാറുള്ളത്. എന്നിട്ട്?'

'അറിയാം... അദൃശ്യത്തെ നിഷേധിക്കപ്പെട്ടതുകൊണ്ടല്ലേ ഞാൻ നിന്നെ കണ്ടെത്തിയത്'.

അത് കേട്ടവൾ പിന്നെയും ചിരിച്ചു.

പണ്ടൊരു രാത്രി, തന്റെ കന്യകാത്വമപഹരിച്ച കാമുകനെയോർത്ത് ആത്മഹത്യചെയ്യുവാൻ ഒരുങ്ങിയിട്ടുണ്ടെന്ന് വിവാഹത്തിനു മുൻപേ അവളെന്നോട് പറഞ്ഞതാണ്. വിർജിനിറ്റിക്കും അപ്പുറത്തേക്ക് ചിന്തിക്കുവാൻ സാധിക്കുമായിരുന്നു എന്നതുകൊണ്ട് എനിക്കവളെ സ്വീകരിക്കാൻ എളുപ്പമായിരുന്നു. പ്രണയവും സൗഹൃദവും പോലെ രതിയും ഒരാണിൽ ഒതുക്കി വയ്ക്കാനാവില്ലെന്നു പറഞ്ഞ് അന്നവളെന്റെ കീഴ്ച്ചുണ്ട് കടിച്ചെടുത്തു. 'നമ്മുടെ വിവാഹശേഷം ഞാൻ മറ്റൊരാണിനൊപ്പവും ശയിച്ചിട്ടില്ലെന്ന് നിങ്ങൾ തെറ്റിയരിക്കുന്നുണ്ടോ?' എന്ന് ചോദിച്ച സഹീർ ആയിരുന്നു ആ നിമിഷം എന്റെ മനസ്സുനിറയെ. അന്നാണ് ഞാനാദ്യമായ് അവളെ സഹീർ എന്ന് വിളിക്കുന്നത്. ഒരിക്കൽ പരിചയപ്പെട്ടതുകൊണ്ട് ഇനിയൊരിക്കലുമെനിക്ക് വിസ്മരിക്കാനാവാത്ത, സിരകളിലും ഞരമ്പുകളിലൂമെല്ലാം പടർന്നു കയറിയ സഹീർ.

ഒരിക്കലൊരു ലൈബ്രറി മുറിയിലെ നേർത്ത ശബ്ദത്തിലാണ് അവളിലാദ്യമായി ഞാനൊരു ഭീതികേൾക്കുന്നത്.

'എനിക്ക് ഭയമാണ്. ഈ വിപ്ലവങ്ങളൊക്കെ പറഞ്ഞിട്ട് അമ്മയെന്ന റോളിൽ ഞാനും ഒരു സ്ത്രീയോടെപ്പായാൽ? ഈശ്വരാ, അതെന്തൊരു പരാജയമാവും. അതോടെ എനിക്കെന്നെ നഷ്ടമാകും'

അവളുടെ ആ ഭീതിയെ മനസ്സിലാക്കുക പ്രയാസകരമായിരുന്നു. പക്ഷേ അസാധ്യമായിരുന്നില്ല. എനിക്കവളെ മനസ്സിലായി. ഒരിക്കലും അമ്മയാകാൻ ആഗ്രഹിക്കാത്തവൾക്ക് വേണ്ടി ലോകത്തിലെ സകല അച്ഛന്മാരെയും ഞാൻ ശപിച്ചു. അവളുടേതിന് സമാനമായ ഒരു ഭീതിയെ ഉള്ളിൽ നട്ടു വളർത്തി. കാലക്രമേണ ഞാനാമോഹത്തെ പിഴുതെറിഞ്ഞു. എത്രയൊക്കെ ശ്രമിച്ചാലും ഒരു കുഞ്ഞിനെ വേണമെന്ന ആഗ്രഹം ശ്വാസം മുട്ടിക്കാൻ തുടങ്ങുന്ന ചില രാത്രികളിൽ ഞങ്ങളൊരുമിച്ച് ഒരു ചിയേഴ്സ് പറയും. എന്നും എന്നേക്കാൾ ഒരു പെഗ്ഗ് കൂടുതൽ കുടിച്ച് അവളെന്നെ കളിയാക്കും. കണ്ണടയുവോളം ലഹരിയിലും ഞാനവളുടെ മുടിയിലൂടെ വിരലോടിക്കും.

ഞങ്ങളിൽ രണ്ടു പേരിലും ചുവന്ന ചങ്ങലകളുടെ ദുഃഖമായിരുന്നു; ഞങ്ങൾക്ക് വെളുത്ത ആകാശത്തോടുള്ള മോഹമായിരുന്നു. അതുകൊണ്ടാണ് ഒരു ദിവസം വേരുകളൊക്കെ മുറിച്ചുകൊണ്ട് ഞങ്ങൾ ലോകത്തിന്റെ മറ്റൊരു മൂലയിലേക്ക് കുടിയേറിയതും അവിടെ ഞങ്ങളിലേക്ക് മുഖം കുനിച്ചിരുന്നതും. ഞങ്ങൾക്ക് ഞങ്ങൾ മതിയെന്ന ബോധ്യമായിരുന്നു ആ പാലായനത്തിന്റെ ഊർജ്ജം. പാടേ പരാജയമായിരുന്ന രണ്ടു വീടുകളിൽ നിന്നും ഞങ്ങൾ ഇറങ്ങിപ്പോയത് അവളുടെ അഴിച്ചിട്ട മുടിയിലേക്കാണ്. മോനേയെന്നോ മോളേയെന്നോ അനുജായെന്നോ അനുജത്തീയെന്നോ പിൻവിളി കേൾക്കരുതെന്ന നിർബന്ധമായിരുന്നു ഇരുവർക്കും.

വർഷങ്ങൾ കഴിഞ്ഞു. ചുറ്റുമുള്ളതെല്ലാം മാഞ്ഞ് ഞങ്ങൾ മാത്രം ബാക്കിയായി. കൈയ്യിലൊരു കപ്പ് ചായുമായ് നിലത്തു വിരിച്ചിട്ട പത്രങ്ങളിൽ നിന്നും അക്ഷരങ്ങൾ ചികയുകയാണവൾ. അടിവേരുകളില്ലെങ്കിലും തളിർക്കാമെന്ന് എന്നെ ബോധ്യപ്പെടുത്തിയവൾ. അവളിൽ എന്റെ ശിഖരങ്ങളുണ്ട്. അവൾ തന്നെയാണ് ശരിയും.

'നമുക്ക് ഭാവിയെക്കുറിച്ച് വ്യാകുലരാകേണ്ട. ഞാനും നീയും ചരിത്രത്തിന്റെ ഭാരവുമാകേണ്ട. ഈ പ്രസന്റ് ജീവിച്ച് തീർത്തിട്ട് അടയാളങ്ങളൊന്നും ബാക്കിവെക്കാതെ നമുക്ക് തിരിച്ചുപോകാം. നീയെന്റെ മുടിയിഴകളിലേക്ക് വിരലുകളൂർത്തിയിറക്കൂ...

ഞാൻ നിന്റെ കണ്ണുകളിൽ സഹീർ വായിക്കട്ടെ...'



ശ്രീജിത്ത് പി.എസ്.
മൂന്നാം വർഷ ഇംഗ്ലീഷ്



# 1983യുടെ സിക്സർ

## സംവിധായകൻ എബ്രിഡ് ഷൈനുമായി മുഖാമുഖം



നവതരംഗ സിനിമകൾ അരങ്ങ് വാഴുന്ന മലയാളത്തിന്റെ വെള്ളിത്തിരയിലേക്ക് പറയാൻ കാര്യമായ താരസമ്പന്നത ഒന്നുമില്ലാതെയാണ് 1983 റിലീസ് ചെയ്യപ്പെടുന്നത്. നിവിൻ പോളി എന്ന സെലക്ടീവ് നടൻ ഒരു പുതുമുഖസംവിധായകനിൽ അർപ്പിച്ച വിശ്വാസവും ഒരു പറ്റം യുവാക്കളുടെ കൂട്ടായ്മയും ചേർന്ന് 'ബ്രഹ്മമംഗലം' എന്ന കൊച്ചുഗ്രാമത്തെ പശ്ചാത്തലമാക്കി 1983 തീയറ്ററുകളിൽ എത്തിയപ്പോൾ പ്രേക്ഷകർ ഇരുകൈയ്യും നീട്ടി സിനിമയെ സ്വീകരിച്ചു. ക്രിക്കറ്റ് എന്ന മഹത്തായ മതത്തെയും, സച്ചിൻ എന്ന ക്രിക്കറ്റ് ദൈവത്തെയും കുറിച്ച് സംസാരിച്ച് തുടങ്ങുന്ന സിനിമ ഒരു കാലഘട്ടത്തിലെ യുവാക്കളുടെ ക്രിക്കറ്റ് ഭ്രമത്തെക്കുറിച്ചെന്നതുപോലെ തന്നെ ഒട്ടനവധി ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ച് കൂടി പരാമർശിച്ചു കൊണ്ട് 2014-ലെ ആദ്യത്തെ സൂപ്പർഹിറ്റ് ആയി.

ആദ്യസിനിമയുടെ വമ്പിച്ച ബോക്സ് ഓഫീസ് വിജയത്തിനുശേഷം എറണാകുളത്തെ 'എഴുത്ത്'വസതിയിൽ വച്ച് എബ്രിഡ് ഷൈൻ എന്ന സംവിധായകനെ കണ്ടുമുട്ടുമ്പോൾ എന്തെങ്കിലും വെട്ടിപ്പിടിച്ച യാതൊരു ഭാവവുമില്ല. ഉള്ള് നിറയെ '1983' സമ്മാനിച്ച വിജയത്തിന്റെ സന്തോഷം, മുഖത്ത് ഒരു ചെറിയ ചിരി, മനസ്സു നിറയെ പുതിയ സിനിമയെക്കുറിച്ചുള്ള ആലോചനകൾ.. തിരക്കുകൾക്കിടയിലും അദ്ദേഹം ഞങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടികൾ നൽകി..

**2014 ജനുവരി 31–ന് റിലീസ് ചെയ്ത 1983 ഒരു ബോക്സ് ഓഫീസ് ഹിറ്റ് ആയിരിക്കുകയാണ്. നിവിൻ പോളിക്ക് ഒരേ സമയം രണ്ട് ഹിറ്റ് സിനിമകൾ സമ്മാനിച്ചും ഒരു തലമുറയുടെ നൊസ്റ്റാൾജിയ തൊട്ടുണർത്തിക്കൊണ്ടും സിനിമ പുരോഗമിക്കുമ്പോൾ സംവിധായകന് 1983 നെപ്പറ്റി എന്താണ് പറയുവാനുള്ളത്?**

ഒരു സിനിമ ചെയ്യണം എന്ന് ആഗ്രഹം ഉണ്ടായിരുന്നു, ചെയ്തപ്പോൾ എനിക്ക് പരിചയമുള്ള ഒരു 'ഇമോഷൻ'നെ ഫോളോ ചെയ്താണ് ഞാൻ സിനിമയുണ്ടാക്കിയത്. പക്ഷെ സിനിമയുടെ thought process-നും റിലീസിനും ഇടയിൽ വലിയൊരു കാലയളവുണ്ട്. first thread, script developing, character formation, casting, post-production എന്നിങ്ങനെ അനവധി പ്രോസസ്സിലൂടെയാണ് സിനിമ കടന്നു പോകുന്നത്. പിന്നെ വലിയൊരു പണത്തിന്റെ മുകളിലാണ് സിനിമ നിൽക്കുന്നത് എന്നത് കൊണ്ടു തന്നെ പണം മുടക്കുന്ന നിർമ്മാതാവിനെപ്പോലെ സംവിധായകനും കോടിക്കണക്കിനു രൂപയുടെ rise ഉണ്ട്. നിർമ്മാതാവിന്റെ പണമെങ്കിലും തിരിച്ചു കൊടുക്കേണ്ട ബാധ്യത സംവിധായകനുണ്ട്. റിലീസിന് ശേഷമായാലും പണം തിരിച്ചു കിട്ടും വരെ സിനിമ നിലനിർത്തിക്കൊണ്ടു പോകേണ്ടതായും ഒരു ഉത്തരവാദിത്വമാണ്. ഇതൊക്കെകൊണ്ട് തന്നെ സിനിമ ഒരു ടെൻഷൻ പിടിച്ച ഏർപ്പാടാണ്. അത്തരത്തിലുള്ള എല്ലാ പ്രോസസ്സിലൂടെയുമാണ് ഞാനും കടന്നു പോയത്. ഇപ്പോഴും അതേ പ്രോസസ്സിൽ ആണ്. അതിനിടയിൽ കിട്ടുന്ന ചെറിയ ആനന്ദം നമ്മൾ എൻജോയ് ചെയ്യുന്നുണ്ടെന്ന് മാത്രം. ഇനിയൊരു സിനിമ ചെയ്യുമ്പോഴും ഈ സമ്മർദ്ദങ്ങളൊക്കെ അങ്ങനെ തന്നെ നിലനിൽക്കും. എന്റെ സിനിമ കണ്ട പ്രേക്ഷകർക്ക് മുന്നിൽ എനിക്കൊരു റെസ്പോൺസിബിലിറ്റി ഉണ്ട്. എന്തായാലും ആദ്യത്തെ സിനിമയിൽ എനിക്ക് ഒരാനന്ദം കിട്ടിയിട്ടുണ്ട്.

**സംവിധായകന് 'സച്ചിൻ' എന്ന ഇതിഹാസത്തോടുള്ള സ്നേഹവും ആദരവും ആരാധനയുമൊക്കെ പ്രസിദ്ധപ്പെടുത്താനുള്ള മാധ്യമം കൂടി ആയിരുന്നില്ലേ സിനിമ?**

1985 മുതൽ ക്രിക്കറ്റ് കാണുന്ന ആളാണ് ഞാൻ. 1989-ൽ ആണ് സച്ചിൻ കളിക്കാൻ വരുന്നത്. അങ്ങനെ സച്ചിൻ ക്രിക്കറ്റ് കളിക്കാൻ ഗ്രൗണ്ടിൽ ഇറങ്ങുന്ന കാലം മുതൽ ലാസ്റ്റ് മാച്ച് വരെ കണ്ടിരുന്ന ഒരാൾക്ക് സച്ചിനെപ്പറ്റി പറയാതെ എങ്ങനെയാണ് ഒരു ക്രിക്കറ്റ് സിനിമ ഉണ്ടാക്കാൻ കഴിയുക?

**സച്ചിന്റെ വിടവാങ്ങൽ പ്രസംഗം കരയിച്ചിട്ടുണ്ടാകണമല്ലോ?**

ഇല്ല. കാര്യം സച്ചിന്റെ വിടവാങ്ങൽ പ്രസംഗത്തിന്റെയന്ന് ഞാൻ വീട്ടിലുണ്ടായിരുന്നു. ടി.വിയും ഓണായിരുന്നു. പക്ഷെ ഞാൻ മനപ്പൂർവ്വം കാണാതിരുന്നതാണ്. എനിക്കതിന് താൽപര്യമില്ലായിരുന്നു. ഒരു പക്ഷെ സച്ചിൻ വിരമിക്കുന്നു എന്ന് വിശ്വസിക്കാൻ എനിക്ക് ഇഷ്ടമല്ലായിരുന്നിരിക്കാം... പിന്നീട് സിനിമയ്ക്ക് വേണ്ടി പ്രസംഗം യു ട്യൂബിൽ നിന്ന് എടുത്ത് കാണുകയായിരുന്നു.

**1983 യുടെ ഭാഷയ്ക്ക് കഥാപാത്രങ്ങൾക്ക് അനുസരിച്ച് വിഭിന്നതയുണ്ട്. ഇത് ബോധപൂർവ്വമായ ശ്രമമാണോ?**

സിനിമയിൽ അനൂപ് മേനോനും നിവിൻ പോളിയും സംസാരിക്കുന്നത് വ്യത്യസ്തമായ രീതികളിലാണ്. നഗരത്തിൽ ചെല്ലുമ്പോൾ ക്രിക്കറ്റ് കളിക്കുന്ന കുട്ടികളെ കാണിക്കുന്ന രംഗത്തിൽ മുകളിലൂടെ ഞാൻ അവരുടെ സംസാരത്തിന്റെ ഒരു ലെയർ പാകിയിട്ടുണ്ട്. അത് മറ്റൊരു സംസ്കാരമാണ്. ഓരോ കഥാപാത്രവും ഓരോ സംസ്കാരത്തിലൂടെയാണ് കടന്നുപോകുന്നത്. തീർച്ചയായും ഓരോ കഥാപാത്രത്തെക്കൊണ്ടും ഓരോ സംസ്കാരത്തിൽ സംസാരിപ്പിക്കുന്നത് സംവിധായകൻ തന്നെയാണ്.

**1983 – ലെ രമേശനെപ്പോലെ തന്നെ സ്വന്തം ആഗ്രഹങ്ങളെല്ലാം മകനിലൂടെ നേടിയെടുക്കാൻ ശ്രമിക്കുന്ന ഒരു അച്ഛനല്ലേ സംവിധായകൻ?**

തീർച്ചയായും. ഞാൻ പറഞ്ഞല്ലോ, ഇത് എനിക്ക് പരിചയമുള്ള ഒരു ഇമോഷൻ ആണ്. എന്റെ മകനുമായി ക്രിക്കറ്റു കളിക്കുമ്പോൾ അവനുമായി കോച്ചിംഗിന് നടക്കുമ്പോൾ എനിക്ക് തോന്നിയ ഇമോഷൻ തന്നെയാണ് ഈ സിനിമ. എന്നാൽ എന്തുകൊണ്ട് ആ ഇമോഷൻ ഉണ്ടായി എന്ന് പറയാൻ എനിക്ക് പിറകിലേക്ക് പോകണം. എന്റെ ബാല്യവും കൗമാരവും കോർത്തെടുത്ത് എത്ര ഇന്റൻസ് ആയിരുന്നു കളിയോടുള്ള എന്റെ പ്രണയം എന്ന് പറഞ്ഞാലെ കഥയ്ക്ക് പൂർണത കൈവരൂ. അത്തരത്തിൽ ഒരു സ്ട്രോക്കിന് മുൻപുള്ള ബാക്ക് ലിഫ്റ്റ് ആണ് അതെല്ലാം.

**ഫോട്ടോഗ്രഫിയിലെ അനുഭവസമ്പത്ത് സംവിധാനത്തെ എത്രത്തോളം സഹായിച്ചിട്ടുണ്ട്?**

സ്ക്രിപ്റ്റ് എഴുതുന്ന സമയം മുതൽ ഓരോ ഫ്രെയിമുകളും പ്ലാൻ ചെയ്താണ് പോയത്. എന്നാൽ എന്റെ മനസ്സിലുള്ളത് പകർത്തണമെങ്കിൽ എന്റെ ചിന്തകൾക്കൊപ്പമോ മുകളിലോ നിൽക്കുന്ന ഒരു ക്യാമറാമാൻ ആവശ്യമുണ്ടായിരുന്നു. അതുകൊണ്ട് ഒരുപാട് അന്വേഷിച്ചാണ് പ്രതീഷിനെ കണ്ടുപിടിച്ചത്. പ്രതീഷിനോട് സ്നേഹത്തിൽ പറഞ്ഞും വഴക്കിട്ടും തല്ലു പിടിച്ചും ഒപ്പം നിന്നും കെട്ടിപ്പിടിച്ചുമൊക്കെ ഉണ്ടായതാണ് ഓരോ ഫ്രെയിമും. ഇഷ്ടമില്ലാത്ത ഒരു ഫ്രെയിം വന്നാൽ എന്റെ മുഖത്ത് ചിരി വരാൻ പ്രയാസമായത് കൊണ്ട് എന്നെ ചിരിപ്പിക്കാൻ ക്യാമറാമാൻ ശ്രമിച്ചു കൊണ്ടെയിരുന്നു.

**ലൈറ്റ് ബോയിൽ നിന്നും സംവിധായകനിലേക്കുള്ള പരിണാമം എങ്ങനെയായിരുന്നു?**

പോക്കറ്റ് മണിക്ക് വേണ്ടിയാണ് ഞാൻ ലൈറ്റ് ബോയ് ആകുന്നത്. പിന്നീട് സന്തോഷ് എന്ന സുഹൃത്താണ് സെനിത് എന്ന ഒരു റഷ്യൻ മോഡ് ക്യാമറ കൈയ്യിൽ തരുന്നത്. 36 ഫിലിം ഇട്ട് ക്യാമറയിലെടുത്ത പടങ്ങൾ കുറെ പതിയും കുറെ പതിയാതെ പോകും. അപ്പോൾ എന്തുകൊണ്ട് പതിഞ്ഞില്ല എന്നൊരു അന്വേഷണം നടത്തിയിരുന്നു. തീർച്ചയായും അതൊരു പഠനമായിരുന്നു. നമ്മുടെ ഫോട്ടോയുടെ ഈസ്തറ്റിക്സിനെ കുറിച്ചും ഒരു സംസാരം ഉണ്ടാകുന്നുണ്ട്. ആളുകൾ നല്ലതാണെന്ന് പറയുമ്പോൾ ഒരു ആനന്ദം കിട്ടാറുണ്ട്. അതിന് ശേഷം കല്യാണഫോട്ടോ എടുക്കുകയും മീഡിയായിൽ വർക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. 12 വർഷത്തെ മാധ്യമപ്രവർത്തനം കൊണ്ട് ഒരുപാട് അഭിനേതാക്കളുടെ സൗഹൃദം സമ്പാദിക്കാൻ സാധിച്ചു. ആ സമയത്താണ് മാർട്ടിൻ പ്രക്കാട്ട് സിനിമ ചെയ്യുന്നത്. അതാണ് എന്റെ സിനിമയെടുപ്പിനെ



ഒരു വിധത്തിൽ സഹായിച്ചത് എന്ന് പറയാം. മാർട്ടിൻ സിനിമ ചെയ്തത് കൊണ്ട് എനിക്ക് കാര്യങ്ങൾ എളുപ്പമായി. ഇനിയിപ്പോൾ ഞങ്ങൾക്ക് പിന്നാലെ വരുന്ന ഫോട്ടോ ഗ്രാഫേഴ്സിനും കാര്യങ്ങൾ എളുപ്പമാകും. അല്ലേസ്റ്റ് അവരെ ആരും അങ്ങനെന്റ് പെയ്യില്ല. അപ്പോഴും ഒന്നും അനായാസമല്ല.

**സുശീല എന്ന കഥാപാത്രത്തെ ചിത്രീകരിക്കുമ്പോൾ ആരായിരുന്നു മനസ്സിൽ?**

സുശീല ഒരു കോൺട്രാസ്റ്റ് ആണ്. എന്റെ സംഗീത സംവിധായകനായ ഒരു സുഹൃത്തുണ്ട്. ഒരിക്കൽ അവൻ ഒരുപാട് ആരാധിക്കുന്ന ഒരു സംഗീതജ്ഞന്റെ ഫോട്ടോ നോക്കി ഇതാരാണെന്ന് ചോദിച്ച ഭാര്യയെപ്പറ്റി പറഞ്ഞ് അവൻ ചിരിച്ചിട്ടുണ്ട്. അത്തരത്തിൽ വ്യത്യസ്തമായ ടേസ്റ്റ് ഉള്ള രണ്ട് പേരുടെ സമ്മേളനമാണിത്. സുശീലയ്ക്ക് കാര്യവിവരമുണ്ട്, ഒരു കുട്ടിയെ പെറ്റുപോറ്റാൻ അറിയാം. രാമന് അറിയാവുന്ന ഒരു കാര്യത്തെക്കുറിച്ച് അറിയില്ലെന്നേയുള്ളൂ. ചിലപ്പോൾ സുശീലയ്ക്ക് അറിയാവുന്ന പലതും രാമന് അറിയില്ലായിരിക്കും. പിന്നെ ആ കഥാപാത്രത്തെ ഡിസൈൻ ചെയ്യുമ്പോൾ എന്റെ മനസ്സിലുള്ളത് റിമി ടോമി ആണ്. അത്തരം ചോദ്യങ്ങൾ ചോദിക്കാൻ ലോകത്ത് സാധ്യതയുള്ള ഒരേ ഒരാൾ റിമി ആണെന്നാണ് എന്റെ വിശ്വാസം (ചിരി).

**ഗുരുവായ ലാൽ ജോസ് സാറിന്റെ സ്വാധീനം?**

വനിതയിൽ ജോലി ചെയ്യുന്ന സമയമായിരുന്നു അത്. 'നിനക്ക് പഠിക്കാനാണെങ്കിൽ ജോലി കളയാതെ, ഇടയ്ക്ക് ലീവ് എടുത്ത് വന്ന് നിന്നാൽ മതി'. എന്നൊരാൾ പറയുന്നത് ഒരു വല്യ കാരുണ്യമാണ്. എന്റെ ജീവിതത്തെക്കുറിച്ചും ഫാമിലിയെക്കുറിച്ചും അത്ര കൺസേൺഡ് ആയ ഒരു മനുഷ്യനായത് കൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. പിന്നെ അദ്ദേഹത്തിനൊപ്പം ഞാനൊരു സിനിമയിൽ നിന്നപ്പോളും വളരെ നന്നായി എന്ന് ട്രീറ്റ് ചെയ്തത്. ഒരു സ്റ്റുഡന്റിനെപ്പോലെ ഇതെന്താണ്, അതെന്താണ് എന്ന് ചോദിച്ച് പിറകേ നടക്കുമ്പോഴും ഒട്ടും പ്രകോപിതനാവാതെ അദ്ദേഹം എല്ലാം പറഞ്ഞ് തന്നു. എന്റെ കരിയറിൽ അദ്ദേഹം ഒരു ദൈവദൂതൻ തന്നെയാണ്.

**പുതിയ സംവിധായകരുടെയും നടന്മാരുടെയും സിനിമകൾ ബോക്സ് ഓഫീസിൽ ഹിറ്റുകളാകുമ്പോൾ താരമൂല്യം എന്ന ഘടകം ഇല്ലാതാകുന്നു എന്ന് തോന്നിയിട്ടുണ്ടോ?**

താരമൂല്യം ഇപ്പോഴും ഉണ്ട്. മോഹൻലാലിന്റേയോ മമ്മൂട്ടിയുടെയോ ലൈക്കബിലിറ്റി ഒരു ദിവസം കൊണ്ടുണ്ടായതല്ലല്ലോ. മോഹൻലാലിന്റെ ഒരു സിനിമ ഇഷ്ടപ്പെട്ടില്ലെന്ന് പറഞ്ഞ് നമ്മൾ വീട്ടിൽ വന്നിരിക്കുമ്പോൾ കാണുന്നത് സ്ഫടികമോ, നാടോടിക്കാറ്റോ, ചിത്രമോ ആയിരിക്കും. അപ്പോൾ നമ്മൾ പിന്നെയും അഡിക്റ്റ് ആകും. ഞാൻ ഒരു മോഹൻലാൽ അഡിക്റ്റ് ആണ്. മോഹൻലാലിന്റെയും മമ്മൂട്ടിയുടെയും ചിത്രങ്ങൾ സമാന്തരമായി കണ്ടാണ് ഞാൻ വളർന്നത്. ഇപ്പോഴും മമ്മൂട്ടിയുടെ മുന്നിൽ നിൽക്കുമ്പോൾ എനിക്ക് വിറയൽ വരും. അതെന്റെ ആരാധന കൊണ്ടാണ്. മോഹൻലാലിനെ കാണുമ്പോൾ എന്റെ നെഞ്ചിടിപ്പ് കൂടുന്നത് എന്റെ ആരാധന കൊണ്ടാണ്. ഒരു കഥ പറയുമ്പോൾ നമ്മളീ താരങ്ങളിലൂടെയാണ് അത് പ്രേക്ഷകനിലേക്ക് കടത്തി വിടുന്നത്. ഇത്തരത്തിലുള്ള താരങ്ങൾ ആവശ്യമില്ലാത്ത സിനിമകളിലും ഉണ്ടായേക്കാം എന്നതു കൊണ്ട് താരങ്ങളുടെ ശക്തി ഇല്ലാതാകുന്നില്ല. ഇപ്പോഴും മോഹൻലാലിന്റെ നല്ല സിനിമയ്ക്കൊപ്പം മറ്റൊരു നടന്റെ നല്ല സിനിമയിറങ്ങിയാൽ മോഹൻലാലിന്റെ സിനിമയുടെ പത്തിലൊന്ന് കളക്ഷനേ അതിന് കിട്ടൂ. ഏത് ക്രിക്കറ്ററുടെ സിക്സിനെക്കാളും നമുക്ക് കുളിർമ്മ തരുന്നത് സച്ചിന്റെ ഒരു ഫോറല്ലേ?

**ആദ്യത്തെ സിനിമ ഏറെക്കുറെ ജീവിതം തന്നെ ആയിരുന്നു. എന്നാൽ ഇനിയൊരു സിനിമ ചെയ്യുമ്പോൾ അത് സിനിമയ്ക്ക് വേണ്ടി ഒരു സിനിമയാകാൻ സാധ്യതയുണ്ടോ?**

അങ്ങനെയില്ല. ഒരു പക്ഷേ ഞാനിനി ചെയ്യുന്ന സിനിമ ഒരു പോലീസ് സ്റ്റോറിയോ സൂപ്പർ ഹീറോ സിനിമയോ ആകാം. ഇതെല്ലാം നമുക്ക് പരിചയമുണ്ടോ എന്നല്ല, നമ്മളെ എക്സൈറ്റ് ചെയ്യിക്കുന്നുണ്ടോ എന്നതാണ് കാര്യം; കുറഞ്ഞ പക്ഷം എന്നെയെങ്കിലും. ലോക സാഹിത്യത്തിൽ എനിക്കത് സെൻസ് ചെയ്യാൻ സാധിച്ചാൽ മതി, റിലേറ്റ് ചെയ്യണമെന്നില്ല. ഇതെന്റെ ബുദ്ധിയെ ആനന്ദിപ്പിക്കുന്നുണ്ടെങ്കിൽ, ഏതെങ്കിലും തരത്തിൽ ഒരു വൈകാരികത ഉണ്ടാക്കുന്നുണ്ടെങ്കിൽ എനിക്കത് സിനിമയാക്കാം. എന്റെ വൈകാരികത ഉണ്ടാക്കുന്നുണ്ടെങ്കിൽ എനിക്കത് സിനിമയാക്കാം. എന്റെ അടുത്ത സിനിമ ഞാൻ വായിച്ച ഒരു പുസ്തകത്തിൽ നിന്നുമാവാം.


**സിനിമയെ കൗതുകത്തോടെ വീക്ഷിക്കുന്ന, അതിലേക്ക് കടന്നു ചെല്ലാൻ ആഗ്രഹിക്കുന്ന പുതിയ തലമുറയോട് എന്താണ് പറയുവാനുള്ളത്?**

എല്ലാവർക്കും ചുറ്റും കഥകളും കഥാപാത്രങ്ങളും സംഭവങ്ങളും നർമ്മങ്ങളുമുണ്ട്. എല്ലാം തലച്ചോറിൽ ശേഖരിച്ചു വെക്കുക, പേപ്പറിലേക്ക് പകർത്തുക, സിനിമകൾ കാണുക, നല്ലൊരു പ്രേക്ഷകനായിരിക്കുക. പിന്നെ, സിനിമ സംവിധായകനാകാൻ ആഗ്രഹമുണ്ടെങ്കിൽ ഞാനെന്റെ അനുഭവത്തിൽ നിന്ന് പറയുകയാണ്, എല്ലാം ഒരു ഫ്രെയിമിലൂടെ കണ്ട് ശീലിക്കുക. അതിനൊപ്പം നല്ല സൗഹൃദങ്ങളും ചർച്ചകളും വായനയും വേണം. നിങ്ങൾ കണ്ണുകൾ തുറന്നിരിക്കണം.

തയാറാക്കിയത്:
**ശ്രീജിത്ത് പി. ശ്രീനിവാസൻ & എൽദോസ് രാജൻ**


NOBY : 9656803545 SIBY : 9745422368
KUNNATHUKATTIL
VEGETABLES & FRUITS
Near Weigh Bridge, Pakalomattam
KURUVILLANGAD
WHOLE SALE & RETAIL


ആശംസകൾ
ബിന്ദു ഹോട്ടൽ
പള്ളിക്കവല, കുറവിലങ്ങാട്
ഫോൺ : 04822 230573, 9846854203
കേറ്ററിംഗ് സർവ്വീസ്, പാർട്ടി ഓർഡർ സ്വീകരിക്കും


Best Compliments from
MODERN WOOD HOUSE
TEMPLE ROAD, ETTUMANOOR
Ph : 9447287794, 9847739092


Best Compliments
MATTATHIL
ELECTRICALS &
SANIWARES
M.C. Road, Kuravilangad
Kottayam-686 633
Tel : 04822 231250, 9447367546
HAVELLS
WIPRO
BAJAJ
Schneider Electric

# വെളിച്ചം കാണാത്ത ഒരു പ്രണയലേഖനം

ഈ കത്ത് എഴുതിയതാരാണെന്നോ എഴുതിയതാർക്കാണെന്നോ ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നില്ല
അത് അവരുടെ സ്വകാര്യതയായ് തന്നെ തുടരട്ടെ... എങ്കിലും അവിചാരിതമായി ഞങ്ങളുടെ
കൈകളിലേക്കെത്തിയ ഈ കത്ത് വായിച്ച് വെറുതെ ചിരിച്ചു തള്ളാനും ഞങ്ങൾക്കാവുന്നില്ല. അതുകൊണ്ട്
എഴുതിയ ആളോട് ഒരു ക്ഷമ മാത്രം ചോദിച്ചുകൊണ്ട് ഈ കത്ത് ഞങ്ങൾ ഇവിടെ തുറക്കുന്നു.

എന്റെ സ്വന്തം.............

നിന്നെ ആദ്യം ശ്രദ്ധിച്ചുതുടങ്ങിയത് എന്നാണെന്ന് നിനക്കറിയുമോ? ആദ്യത്തെ ലക്ഷണമൊത്ത നോവൽ ഏതാണെന്ന് മലയാളം ക്ലാസിൽ ടീച്ചർ ചോദിച്ചപ്പോൾ ഒ. ഇന്ദു മേനോന്റെ ചന്തുലേഖയാണെന്ന് തന്ത്രപ്രധാനമായി ഞാൻ പറഞ്ഞ മറുപടി കേട്ട് ഒരു മണിക്കൂർ നിർത്താതെ ചിരിച്ച പെൺകുട്ടിയെ എല്ലാവരും കൗതുകത്തോടെ നോക്കിയ ദിവസം അന്നു തന്നെ. അന്നെനിക്കു നിന്നോട് എന്തൊരു ദേഷ്യമായിരുന്നു എന്നോ. 'ഇന്ദു'വും 'ചന്ദു'വും ഒന്ന് മാറിപ്പോയതിന് അത്രമാത്രം എന്ത് ചിരിക്കാനായിരുന്നു ഉണ്ടായിരുന്നത് പെണ്ണേ? പിന്നെ നിന്നെയൊന്ന് ചമ്മിക്കാനെങ്കിലും അടുത്ത മലയാളം ക്ലാസിനുവേണ്ടി ഒരു തരം കാത്തിരിപ്പായിരുന്നു. പിന്നെ പിന്നെ എന്നെ ഒറ്റ ഉദ്ദേശവുമായി. പക്ഷേ പിന്നീടുള്ള ഒരു ക്ലാസിലും നിന്നെ കണ്ടിട്ടേയില്ല. എന്നാൽ ഓരോ ഇന്റർവെല്ലിനും ഞാൻ നിന്റെ ക്ലാസിനു മുമ്പിൽ വന്ന് നിൽക്കുമായിരുന്നു. ലൈബ്രറിയുടെ ഇടയിലെ ഒരൊറ്റ ഇന്റർവെല്ലിനു പോലും നിന്നെ ക്ലാസിൽ ഞാൻ കണ്ടില്ല. കണ്ടെത്തിയത് എന്റെ കോണിൽ പുസ്തകത്തിലേക്ക് മുഖവും പൂഴ്ത്തി ഇരിക്കുന്ന നിന്നെ കണ്ടുകൊണ്ട് പറഞ്ഞു വന്നത് കൂട്ടുകാരനായിരുന്നു. അവനാണ് 'കുമാരാ' എന്ന് അലറിവിളിച്ചു കൊണ്ട് ... നീ പോയിരുന്നു. ഇന്നും ഞാൻ ഓർക്കുന്നു ഓടി പാഞ്ഞ് ലൈബ്രറിയിൽ എത്തിയപ്പോൾ അവിടന്നും നീ പോയിരുന്നു. ഓരോ ഡിപ്പാർട്ട്മെന്റിലും ഓരോ അങ്ങനെ നിന്നെ കണ്ടെത്തിയാൽ ഉടൻ വിവരമറിയിക്കാൻ ഓരോ ചാരന്മാരെ ഞാൻ ഏർപ്പാടാക്കി, ഓരോ കണ്ടെത്തലിലും മാഞ്ഞും തെളിഞ്ഞും പഴയ പഴയ ... നീ ഇട്ടിരുന്ന ഓരോ ഡ്രസ്സ് പോലും ചെറിയൊരു ഇഷ്ടവും വളരാൻ തുടങ്ങി. ആ ദിവസങ്ങളിൽ നീ ഇട്ടിരുന്ന ആ കോട്ടൻ ചുരിദാർ. എനിക്ക് കാണാപാഠമാണ്. നീ വിശ്വസിക്കുമോ? കരിനീല നിറമുള്ള ആ ... അതെനിക്ക് എന്തിഷ്ടമായിരുന്നു എന്നോ...

നീ കയറുന്ന ബസ്സിൽ ബോർഡ് പോലും നോക്കാതെ ഞാൻ ചാടി കയറിയിട്ടുണ്ട്. അതറിയുമോ നിനക്ക്? ചീവീട് ചിലക്കുന്നപോലെ കലപിലാന്ന് വർത്തമാനം പറഞ്ഞിരുന്ന നിന്റെ മുഖഭാവങ്ങൾ ഇന്നും എന്റെ കണ്ണിലുണ്ട്. നീ ഇടക്കിടക്ക് എന്നെ ഒളികണ്ണിട്ട് നോക്കിയതായ് എനിക്കന്ന് തോന്നി. അല്ലെങ്കിലും എന്റെ തോന്നലുകൾ ഒന്നും തെറ്റുകയില്ലായിരുന്നല്ലോ! അങ്ങനെ 'വന്ദനം' സിനിമ 3 വട്ടം കണ്ട് നിന്നോടുള്ള ഇഷ്ടം തുറന്ന് പറയാൻ റെഡിയായ് ഞാനന്ന് നമ്മുടെ കോളേജിന്റെ മുന്നിലെ വാകമരച്ചോട്ടിൽ നിന്നു. കണ്ണടച്ച് ഇത്രയും പറഞ്ഞു തീർത്തു. 'എനിക്കു നിന്നെ ഭയങ്കര ഇഷ്ടമാ. സാധാരണ ആൺപിള്ളേരെപോലെയല്ല. മരംചുറ്റി പ്രേമിക്കാനോ കറങ്ങി നടക്കാനോ അല്ല. പഠിച്ച് ജോലി വാങ്ങി അന്തസ്സായി കെട്ടാനാ'. ... നീ പറഞ്ഞത് നീ ഓർത്തു. നീ ഫ്ലാറ്റ് എന്ന്. അന്ന് നീ പറഞ്ഞത്, അത്രയും ചങ്കുറ്റത്തോടെ പറഞ്ഞു നിർത്തിയപ്പോൾ 'സോറി ചേട്ടാ. എനിക്കു വേറൊരാളെ ഇഷ്ടമാ'. മറന്നാലും എനിക്കോർക്കാതെ വയ്യ. നിന്റെ നീണ്ട പിന്നിയിട്ട മുടി നൊടിയിടയിൽ തെന്നിനീങ്ങി നടന്നു പോയി. നിന്നെ കണ്ടെത്താൻ എന്നോടാരും പറഞ്ഞു നീ നിന്റെ ... പോയി ഞാൻ. നിന്നെ കണ്ടെത്താൻ എന്നോടൊപ്പം പൊട്ടിയാൽ മതിയായിരുന്നു എന്ന് ആശിച്ചു പോയി ഞാൻ. ആത്മാർത്ഥ സുഹൃത്തിനെ പറ്റിയാണ് ഞാൻ ഓർത്തത്. അവനാണ് 'കുമാരാ' ഉത്സാഹം കാട്ടി കൂടെയുണ്ടായിരുന്ന ആത്മസുഹൃത്തിനെ പറ്റിയാണ് ഞാൻ ശ്രദ്ധിയില്ലായിരുന്നു. പെണ്ണേ അവനോടൊന്നുമുള്ള ആത്മാർത്ഥതയൊന്നുമല്ല ഞാൻ ഓർത്തതൊന്നും തോന്നിയതേ! അവൻ കണ്ടു പിടിച്ച പുതിയ ഐറ്റത്തെ ഓർത്താണൊന്നും. എനിക്കു പിന്നിൽ നിന്ന് നിന്നെ ഇളിച്ചു എന്നറിയത് അവൻ കണ്ടു പിടിച്ച പുതിയ ബസ്സിൽ എനിക്കു പിന്നിൽ നിന്ന് ... ബോർഡ് പോലും നോക്കാതെ ചാടി കയറിയ ബസ്സിൽ 'വന്ദനം' സിനിമയുടെ ഡിസ്ക് കൊണ്ടു വന്ന് കാട്ടിയ ആ മരമണ്ടനെ ഞാൻ കാണാതെ പോയി. 'വന്ദനം' സിനിമയുടെ ഡിസ്ക് കൊണ്ടു വന്ന് എന്തേ ഞാൻ അവനും അത് പഠിച്ചു എന്ന് എന്തേ ഞാൻ ഓർത്തില്ല. പറയാനുള്ള ഡയലോഗ് പഠിപ്പിക്കാനെ നേരത്ത് അവനും അത് പഠിച്ചു എന്ന് ... എങ്കിലും എല്ലാ തന്, പറയാനുള്ള ഡയലോഗ് പഠിപ്പിക്കാനെ ... ഇനി ഈ കത്ത് നിനക്ക് അയക്കേണ്ടതില്ലല്ലോ..... എങ്കിലും എല്ലാ ഓർത്തില്ല. എന്തായാലും പെണ്ണേ... ഇനി ഈ കത്ത് നിനക്ക് അയക്കേണ്ടതില്ലല്ലോ കാമുകന്മാരെയും പോലെ ഞാനും സൈൻ ഔട്ട് ചെയ്യട്ടെ.

നിന്റെ സ്വന്തം.............

# औरतों के प्रति अत्याचार

हमारे समाज में ईमानदारोंलोग भले ही कम नज़र आ रहे है। फिर भी अत्याचार करनेवाले तो बहुत है और यह जाहिर है कि इनका शिकार हमेशा औरत ही बनता है। कहते तो औरत की दर्जा अब मर्द के बराबर है या वह फिर उससे भी ऊपर वे सुरक्षित नही है।

मनु स्मृति में ऐसा एक कहावत था पितृ रक्षती कौमारे, 'पति रक्षती यौवने, पुत्रों रक्षती वारधक्य' इसका मतलब यह है कि सतियों से ही औरतें किसी न किसी की सहायता से अपने आप को बचा रही है।

चाहे समाज कितना भी बढले कुछ लोग अभी भी वही के वही है ना वे बदला रहा है और नही बदलने का कोई इरादा भी नहीं है उन्हें। उन्हे बस औरतों को अपने उँगलियों में वे नचाते है।

हम हर दिन अखबार में पढते है यहाँ रेप हुआ, ज़बरदस्ती करने की वज़ह से एक लडकी मर गयी हम आंसूं तो बहा देते हैं लेकिन इसके खिलाफ कुछ करने की तो बिलकुल नही सोच रहे हैं।

पति की अत्याचार की वज़ह से लड़की ने आत्महत्या की। हम कहेंगे कि वह बेचारी अबला ऐसी थी उसे अपनी ज़िदगी खोनी पडी।एसी बातें बिलकुल गलत है । ऐसा कहकर हम उन औरतों की ताकत बुझा रही है जिन्हें अपने आप पर होनेवाले अत्याचारों के खिलाफ आवाज़ उडाना है। हम किसी से कम नही है। भारत की औरतों की सबसे बडी कमज़ोरी यह है कि वे अपने पति को भगवान मानती है । उनके खिलाफ आवाज़ तो क्या उनसे नज़रे भी नही मिलेगी। गलती करे तो उसे रोकना ही होगा जो जैसा करता है वे वैसा भरता भी है। सबसे आश्चर्य की बात तो यह खुद दूसरे औरतें भी इन मर्दों के जाथ होगा, चाहे वे अपनी माँ होथा सासुं माँ हो। अपनी बहु पर अत्याचार करनेवाली सासों को याद होनी चाहिए कि वे भी कभी बहु ही थी। अब जो उनके बहु के साथ हो रहा है। कल उनकी बेटी के साथ भी हो सकती है। दहेज माँगनेवालों को पत्थर से जवाब चाहिए आँसुओं से नही। उन्हे ऐसा समझना होगा कि स्त्री सबसे बडा धन होता है।

अक्सर लडकियों को प्यार में फसाकर लूट लेता है। क्या हम इतने किये जानेवाले माँ- बाप को धोखा दे। पाला- पोसकर बडा किये जानेवाले।



Archana Devi K. Raj
I DC Chemistry

# യാത്രാമൊഴി

ഇല്ല! വരില്ല ഞാനിനിയുമീ വാകമരച്ചുവട്ടിൽ
ഇന്നലകളുടെ ഓർമ്മകളാൽ പൂമാല കെട്ടുവാൻ
ഇനിയുമീ വാകമരം പൂക്കുട ചൂടുമ്പോൾ
ഇല്ല! വരില്ല ഞാനീത്തണലിലൊരിക്കലും

ഇനിയെന്റെ ശബ്ദം ഉണരില്ലൊരിക്കലും
ഇനിയെന്റെ വീണയിൽ തന്ത്രികളുയരില്ല
ഇടവഴികൾ താണ്ടുന്നയെൻ ജീവിതം
ഇനിയേറെ ദൂരം നീണ്ടില്ലൊരിക്കലും

അതിരുകളില്ലാത്ത ഈ ലോകത്തിൽ
അലയുന്നു ഞാൻ എന്തിനോ വേണ്ടി
കൊതിതീരെ ജീവിക്കാൻ വിധിയില്ലാതെ
വിധിയുടെ പിന്നാലെ പോകുന്നു ഞാൻ.

ആരോ എനിക്കായ് കാത്തിരിക്കുന്നു
അകലെ ഏതോ ഒരു ദിക്കിൽ
കണ്ണീർ കണ്ടു പൊഴിയും വേളയിൽ എൻ
ഹൃദയകവാടത്തിൽ ആരോ
എഴുതിയെൻ യാത്രാമൊഴി...

എനിക്കായിയൊരുനാൾ പോരാടിയ
ആത്മമിത്രങ്ങളെ നിങ്ങൾക്കു വിട
എൻ നൊമ്പരങ്ങളെ കടലിലെ
താളമായൊഴുക്കിയ എൻ ദുഃഖസാഗരത്തിനു വിട

ഈ ലോകത്തോട് യാത്ര പറഞ്ഞ് പോകുന്നു ഞാൻ
കണ്ണുനീരാൽ, തെളിഞ്ഞൊരാ പുഞ്ചിരിയാൽ,
പുറപ്പാടിനൊരുങ്ങിയെന്നാത്മാവ്
ചൊല്ലിയെൻ യാത്രാമൊഴി...



സുനു ജോർജ്
രണ്ടാം വർഷ മലയാളം



ജിക്സൺ ജോൺസ്
ഒന്നാം വർഷ സുവോളജി

# സൗഹൃദം ഒരു വസന്താനുഭവം

മെയ്മാസപൂക്കൾ വിരുന്നു വന്നതും
മരച്ചില്ലകളിൽ അവ വസന്തത്തിനോട്
കിന്നാരം പറഞ്ഞതും.......
ഞാൻ അറിഞ്ഞില്ല.....
കാരണം,
ഞാൻ സൗഹൃദത്തിന്റെ ഇന്നലകളിൽ
പിച്ചവച്ചു നടക്കുകയായിരുന്നു......

ഇനിയും പെയ്തുതീരാത്ത ആ
നിലാമഴയിൽ കുളിർകാറ്റിനെ
പുണരാൻ ഞാനിരുന്നു
വിജയശലഭങ്ങൾ
എനിക്കു ചുറ്റും പ്രതീക്ഷയോടെ
നുറുങ്ങുവെട്ടത്തിനായ് കാത്തിരിക്കുന്നു.

ഈ രാത്രി വെളുക്കുമ്പോൾ ഞാനറിയും
ആ പുഷ്പങ്ങൾ വിട പറയുകയായെന്ന്.....
പക്ഷേ എന്റെ കണ്ണുനീരിനു
വിരഹത്തിന്റെ ചുമപ്പുനിറം
പരക്കുമ്പോഴേക്കും അവ
പൊഴിഞ്ഞു തീർന്നിരിക്കും.....

# KSFE

(ഒരു കേരള സർക്കാർ സ്ഥാപനം)

വിശ്വസ്തം... സുരക്ഷിതം.

**കുറവിലങ്ങാട് ബ്രാഞ്ച്**

Ph: (0482) 2230380, Mob: 9447797065

E-mail: 65@ksfe.com

**വ്യക്തിഗത വായ്പകൾ,**
**വാഹന വായ്പകൾ,**
**ഭവന വായ്പകൾ കൂടാതെ**
**സ്വർണ്ണപ്പണയ വായ്പകൾ**
**എല്ലാ ദിവസവും വൈകുന്നേരം 4.30 വരെ.**

ആശംസകൾ



916
GOLD & SILVER

# വഴുതനപ്പള്ളിൽ


**ഫാഷൻ ജ്വല്ലറി**

സെൻട്രൽ ജംഗ്ഷൻ, കുറവിലങ്ങാട്

ഫോൺ : 04822 230606

# Pulickans

College Jn., Kuravilangad
Kottayam, Kerala, Pin: 686633
Ph: 04822 231547, 9496320535



**Boutique & Designing**
**Silk fabrics**

**Export Surplus**
**Branded Hub**

Items: Chuidar Materials, Running Materials
Leggins, Nighty, Bedsheet, Silk shawl

# FLEX PRINTING

- Advertising
- Corrugated Sheet Printing
- Light Boards
- Hoardings
- Window Graphics
- Graphic Designing



# മൾബറി

SIGNS & GRAPHICS

Tel.: 04822 233527, 7559088890

ഫെഡറൽ ബാങ്കിന് സമീപം, സെൻട്രൽ ജം., കുറവിലങ്ങാ

# Unnamed Pain

No love was lost in my life
but it became a mess.
Money and power decided everything,
feelings of heart were worth nothing.
My journey, once filled with boundless
flowers, now became a dark forest
Suddenly I became empty
the light inside me was lost somewhere
Pain roared inside me. But
silence surrounded my lips. For
more words demanded more pain.
I am saturated with agony
and needed no more suffering.
It seems even the God failed
to remember my existence.
Like an aging flower, I feel my
optimism also falling down
It looks like my life too is
coming to an end as the flower.
But deep down the desire to
live still remains in my heart.
The wish to be happy still exists.



**Christina Romeo**
II DC English

# Cafe Coffee Day

When the question points me,
where to meet again?, Images
flashed over me- Pizza Hut,
KFCs, Dominoz Pizza, Mc Donald...
But as if perpicacious, the
answer slipped, 'Tomorrow eve 5o' clock,
at cafe coffee Day'...

Winter wind waves through city
saw people rushing to Box Building
I fastened 'n reserved corner seat
Purple Blue Walls, Dim lights and candles
and facing an acquaintance in strange place
appear as if Odysseus in Aeaea...

But the Hot Cappuccino Served
feel us free as in Home
you turned as Daily Pilgrim Centre
giving warm and joy
than Weekend dance floor parties

Once in your presence we said
"Adieu" and wish "Hasta Pronto"
But fate didn't leave us
Zeus haul other to elysium...
Days passed, seating in front of
Hot chocolate coffee and empty chair
doesn't bring joy but feels
Heaven changed in suffocating Hell...

Now, the daily fb shared by you,
takes my breadth for a while
carrying me into tide of memories
Still hearing an echo from emptiness,
"Adieu, Hasta Pronto"....



**Jerene James**
II DC English

# നീലമേഘം പുൽകുന്ന വേഴാമ്പൽ

റോസ്മേരി തോമസ്
ഒന്നാം വർഷ ഭൗതികശാസ്ത്രം

മനസ്സിന്റെ നിശ്ചലതയെ മറയ്ക്കുന്ന മൂകതയുടെ തോഴിയായത് എന്ന് മുതലാണെന്ന് ഇന്നും വ്യക്തമല്ല... പക്ഷേ വേദനയുടെ തന്ത്രികളിൽ വിരൽ തൊടാൻ മറന്നു പോയ ഒരു മൗനഗായികയായി താൻ മാറിയെന്ന് തിരിച്ചറിഞ്ഞിട്ട് ഒത്തിരിനാളായി. ഈ മൂകതയുടെ മുടുപടം കൊണ്ട് സ്വയം മറയ്ക്കാൻ ശ്രമിച്ചിട്ടും എന്തുകൊണ്ടോ അതിനിയും അറിയാതെ പുറത്തു വരുന്നു. തീക്കനലിൽ വെന്തുരുകുമ്പോഴും ഒരിറ്റു വെള്ളത്തിനായി വെമ്പുന്നുവെന്ന് പറയുന്നതായിരിക്കും ശരി.

ചങ്ങലകളുണ്ട്. എന്നാൽ നീലാകാശവും നിഷ്കളങ്ക മനസ്സിനെയും പൂജ്യമായ സ്നേഹത്തെയും ചങ്ങലയ്ക്കിടാൻ സാധിക്കുമെന്ന് അതുവരെ അവൾക്കറിയുമായിരുന്നില്ല. രണ്ടു കതിനകളെ കൂട്ടിയിണക്കിയ വഴിമരുന്നിലായിരുന്നു അവളുടെ ജീവിതത്തിലെ സമാധാനം. ഇന്നിതാ ഈ നിമിഷം അവൾ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. വിരഹമെന്നോ വൈധവ്യമെന്നോ അവരതിനെ വിളിക്കുന്നു. എങ്കിലും കൈ പിടിച്ച് കൂടെ നടത്തിയ ഒരു സുഹൃത്തിന്റെ പെട്ടെന്നുള്ള അപ്രത്യക്ഷമാവം. ഇതായിരുന്നു അവളിൽ പുറംതോട് പൊളിച്ച് പുറത്തേക്കൊഴുകാൻ വെമ്പി നിന്നിരുന്ന ഭാവം. ഇനിയും മറച്ചാൽ ആളിക്കത്തലിൽ അവൾക്ക് ആ ഓർമ്മകളും നഷ്ടപ്പെട്ടേക്കാം.

അന്നുവരെ ജീവിതത്തിലൂടെ പലതും കടന്നു പോയിട്ടുണ്ട്... എങ്കിലും... ഇതു മാത്രം.... ഒരിക്കലും പ്രണയമെന്ന് പേരിടാൻ അവൾ ആഗ്രഹിച്ചില്ല. പക്ഷേ അതിനേക്കാൾ എത്രയോ മഹത്തായ മറ്റെന്തോ... വ്യാഖ്യാനങ്ങൾക്കും സ്വപ്നങ്ങൾക്കും അതീതമായി മനസ്സിനെ മാത്രം സ്വാധീനിച്ച അവൻ.. ചെറുപ്പം മുതലേ കൈ പിടിച്ച് കൂടെ നടന്ന കളിക്കൂട്ടുകാരൻ.. പിന്നീടാണ് അത് ഒരു സൗഹൃദത്തിന്റെ മതിലുകളിൽ നിന്നും ഒത്തിരിയേറെ ഉയർന്നു നിൽക്കുന്ന ഒരു വശ്യഭാവമാണെന്ന് അവൾ തിരിച്ചറിയുന്നത്... നഷ്ടപ്പെട്ടുപോയ സുഹൃത്തുക്കൾക്കൊക്കെ പകരം നിൽകാൻ ആ വശ്യതയ്ക്ക് സാധിച്ചിരുന്നു എന്നതാണ് സത്യം. ഇരുട്ടത്ത് പരതുന്ന മിന്നാമിനുങ്ങിനെപ്പോലെ അവരറിയാതെ തന്നെ അവൾ നടന്നു നീങ്ങിയിരുന്നു.

അല്ലെങ്കിലും ജീവിതം ഇങ്ങനെയാണെന്ന് ആശ്വസിക്കാൻ ഒത്തിരി തവണ ശ്രമിച്ചതാണ്. പൂവണിയാതെ പോയ ഒരു പ്രണയം എന്നതിനെ പുച്ഛമായിത്തന്നെ വ്യാഖ്യാനിക്കാം. പക്ഷേ ജീവിതത്തിലെ ഓരോ നിമിഷവും ആസ്വദിക്കാൻ അവളെ പഠിപ്പിച്ച ആ ബന്ധത്തിന് എന്ത് പേരു നൽകിയാലും അവൾക്ക് മതിവരില്ല. താനറിയാതെ തന്റെ ജീവിതത്തിലൂടെ ഒത്തിരിപേർ കടന്നു പോയിട്ടുണ്ട്. പിൻതിരിഞ്ഞു നോക്കുമ്പോൾ ഒരു പുഞ്ചിരിയായി അവശേഷിക്കുന്ന ബന്ധങ്ങൾ... ബന്ധങ്ങളും ബന്ധനങ്ങളും, തമ്മിൽ വേർതിരിക്കാനാവാത്ത നിമിഷങ്ങൾ... കൂടെ നടക്കുമ്പോൾ സ്നേഹം മാത്രം പൊഴിക്കുന്ന സൗഹൃദങ്ങൾ. അങ്ങനെ ഒത്തിരി. എങ്കിലും കൂടെ നടക്കുമ്പോൾ അറിയാതെ പോയിട്ടും വിരഹത്തിൻ വാളെടുത്ത് നോവിപ്പിക്കുന്ന ഇത്തരം ബന്ധങ്ങൾ അവളെ വല്ലാതെ അലട്ടുന്നു.

ഇനിയും മറക്കാനൊരു പ്രയാസം... ജീവിതത്തിൽ നിന്ന് നിശ്ചലതയിലേക്ക് പറന്നകലുന്ന, വലിച്ചകറ്റപ്പെട്ട ഒരു വേഴാമ്പലായി അവനിന്നു മാറി... കൺമുമ്പിൽ നിന്ന് അപ്രത്യക്ഷനാകുമ്പോൾ അവൻ പറയാൻ ശ്രമിച്ചിരുന്നത് എന്താണ്? ഒരു പക്ഷേ ഒന്നുമില്ലായിരിക്കാം, വെറുമൊരു യാത്രാമൊഴി, അല്ലെങ്കിൽ ഇണയെ തേടുന്ന ഒരു പക്ഷിയുടെ രോദനഗാനം.. അതുമല്ലെങ്കിൽ അവനോടൊത്തുള്ള യാത്രയിലേക്ക് ഒരു ക്ഷണം.

'സംഭവിച്ചതെല്ലാം നല്ലതിന്' എന്ന് മനസ്സിനെ വിശ്വസിപ്പിക്കാൻ ഒത്തിരിയേറെ ശ്രമിച്ചതാണ്. ന്യായീകരണങ്ങൾക്ക് വാക്കുകൾ ക്ഷാമമായപ്പോൾ കീറിപ്പറിഞ്ഞ പുസ്തകങ്ങൾ ഒത്തിരി പരതി. ഒന്ന് പറയട്ടെ, ഇനി ഒരിക്കലും പിരിയാതിരിക്കുന്നതിന് ഒരു വട്ടം പിരിയേണ്ടത് ആവശ്യമല്ലേ? ഇനി അവനെ കാണാനും സ്നേഹിക്കാനും അവൾ മാത്രമല്ലേയുള്ളൂ.. അങ്ങനെ എന്നേക്കുമായി അവൻ അവളുടെ സ്വന്തമായിരുന്നു.



സ്വപ്നങ്ങൾ ചിറകുവിരിക്കും മുമ്പേ കാലത്തിന്റെ ചിറകിലേറി പറന്നുപോയ ആ രാജകുമാരൻ ഇനി തിരികെ വരുമോ? ലോകം പറയുന്നു അവൻ മരിച്ചെന്ന്. ഇനി തിരികെ വരില്ലെന്ന്... പക്ഷെ വികാരങ്ങൾക്ക് മൂർച്ചയുണ്ടെങ്കിൽ... സ്വപ്നങ്ങൾക്ക് ജീവനുണ്ടെങ്കിൽ... കാലത്തിന് മനസ്സാക്ഷിയുണ്ടെങ്കിൽ അവൻ തിരിച്ചു വരും. പക്ഷെ കൺമുമ്പിൽ വച്ച് രക്തദാഹികളായ ആ ഭീമൻ തിരകൾ കൊണ്ടുപോയ അവനെ ഇനി തിരിച്ച് നൽകാൻ ആ കടലമ്മ അനുവദിക്കുമോ?...

'ഇത്ര നേരമായിട്ടും അവൾക്കിനിയും ചായ കുടിക്കാറായില്ലേ' അമ്മയുടെ കണ്ണുകളിൽ നിഴലിച്ചിരുന്ന ശാസനയുടെ ഭാവത്തിന് വഴങ്ങി അവളെഴുന്നേറ്റ് ചായ കുടിച്ചു. ഇനി...? പുറത്ത് നല്ല മഴയായിരുന്നു... ഹൈഡ്രജനും ഓക്സിജനും ചേർന്ന മഴത്തുള്ളികൾ. ആ മഴവെള്ള പാച്ചിലിൽ തന്നിൽ നിന്ന് എന്തൊക്കെയോ ഊർന്നു പോകുന്നതുപോലെ അവൾക്കു തോന്നി. എന്നോ കൈവിട്ടുപോയ ചോദ്യങ്ങൾക്ക് ഉള്ള ഉത്തരം അവളിൽ പരതി. ഉത്തരം കിട്ടാത്ത അത്തരം ചോദ്യങ്ങൾ ഇനി ആവർത്തിക്കില്ലെന്ന് ഒത്തിരി തവണ വിചാരിച്ചതാണ്. മഴത്തുള്ളിയുടെ കൈപിടിച്ച് അവളിന്നും കലാലയത്തിലേക്ക് തിരികെ പോയി. വിടരുവാൻ വെമ്പുന്ന ആമ്പൽപ്പൂക്കൾ എന്നും അവൾക്കൊരു ആവേശമായിരുന്നു. അതിനെ പറിക്കുന്നതിൽ അവൻ അസാമാന്യ പാടവം കാട്ടിയിരുന്നു എന്നതിലും തെറ്റില്ല... ഒരു പക്ഷെ ഈ ആവേശമായിരിക്കാം സ്വയം വിടരാതെ പോകാൻ അവനെ ക്ഷണിച്ചത്.

വെള്ളിമേഘങ്ങളെ പുൽകി ഒരു മന്ദമാരുതനായി അവനിനിയും വരുമായിരിക്കും. ചരിത്രമായവരും ചരിത്രമാകാതെ പോയവരും... പോരാടി ജയിച്ചവരും പോരാട്ടഭൂമിയിൽ വീണുപോയവരും... വിടർന്ന് സൗരഭ്യം പരത്തിയവരും വിടരുന്നതിന് മുമ്പേ പൊലിഞ്ഞ് പോയവരും എല്ലാം കാണുന്നത് ഈ ലോകത്തിൽ തന്നെ എന്ന വൈരുധ്യമായ സത്യത്തിന് പിന്നിൽ ഒളിച്ചിരുന്ന അവളുടെ വികാരം...

വാക്കുകളേക്കാൾ ശക്തി പ്രവർത്തനത്തിനുണ്ടെന്ന് അവൾ വിശ്വസിച്ചിരുന്നു. എങ്കിലും തുടിക്കുന്ന ഹൃദയത്തേക്കാൾ ശക്തി തുടിക്കാൻ വെമ്പുന്ന ഹൃദയത്തിനാണെന്ന് മനസ്സിലാക്കാൻ താൻ വൈകിപ്പോയതായി അവൾക്ക് തോന്നി.

വിരഹദു:ഖമെന്ന ചിലന്തിവലയിൽ കുരുങ്ങിക്കിടക്കുന്ന ഒരു പ്രാണിയുടെ പ്രാണവേദന എന്ന് അവർ അതിനെ വിശേഷിപ്പിച്ചിരിക്കാം. എങ്കിലും സത്യത്തിൽ നിന്ന് മിഥ്യാലോകത്തിലേക്ക് വഴുതിവീഴേണ്ടി വന്ന ഒരു മനസ്സിന്റെ മൂകനൊമ്പരം എന്ന് അതിനെ വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു.?

സ്വപ്നങ്ങൾ വ്യാഖ്യാനിച്ചിരുന്ന മനുഷ്യരുടെ ലോകത്തായിരുന്നു അവൾ. കണ്ടതിനും കേട്ടതിനും അവൾ വ്യാഖ്യാനം നൽകിയിരുന്നു. കാലചക്രത്തിന്റെ ഗതിയറിഞ്ഞ അവർക്കൊപ്പം ജീവിക്കുന്നത് അസഹ്യം ആണെന്ന് ഒത്തിരി തവണ തോന്നിയിട്ടുള്ളതാണ്. മാനുഷികതയുടെ പേരിൽ പ്രത്യയശാസ്ത്രങ്ങൾ പ്രചരിപ്പിക്കുന്ന അവർക്ക് ബന്ധങ്ങളുടെ അർത്ഥം മനസ്സിലാവില്ലെന്ന് അവൾക്കറിയാമായിരുന്നു. അവരുടെ കണ്ണുകളിലെ തിളക്കം അവളെ വ്രണപ്പെടുത്തിയിരുന്നു. ലോകവും താനും തമ്മിലുള്ള അകലം വർധിക്കുന്നതായി അവളിന്ന് അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു

എങ്കിലും പിന്മാറാൻ അവൾ തയ്യാറല്ല... ഇനിയും അവൾ ജീവിക്കുക തന്നെ ചെയ്യും. ബന്ധങ്ങൾക്ക് ശക്തിയുണ്ടെന്ന് ഈ ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാൻ. എന്നോ പെയ്യാൻ ഇരിക്കുന്ന മഴയെ ഓർത്ത് കേഴുന്ന വേഴാമ്പലിനെപ്പോലെ... മുങ്ങിത്താഴാൻ കൊതിക്കുന്ന അസ്തമയ സൂര്യനെപ്പോലെ... പരാതികളും പരിഭവങ്ങളുമില്ലാതെ... സ്നേഹിക്കാൻ മാത്രം അറിയുന്നവളായി... സ്നേഹം എന്താണെന്ന് അറിയാത്തവരുടെ ഇടയിൽ.... കണ്ണാടിയിൽ മുഖം നോക്കി സ്വയം ബോധ്യപ്പെടുത്തുന്ന ഒരു മനുഷ്യനെന്നു വിട്ട് മനസ്സിന്റെ മൺചിരാതിൽ കൊളുത്തിയ അണയാത്ത നാളമായ് അവളിനിയും ജീവിക്കും. മൗനത്തെ തോൽപ്പിക്കാൻ ശബ്ദത്തിന് ഒരിക്കലും സാധിക്കുകയില്ല... കാരണം മൗനം സംസാരിക്കുന്നത് മനസ്സിലൂടെയാണ്. അതിന്റെ ആശയങ്ങൾ ശബ്ദത്തിന് വേർതിരിച്ചെടുക്കാൻ സാധിക്കില്ല. നീലമേഘത്തിന് സംസാരിക്കാനുള്ളത് കേൾക്കാൻ എന്നെങ്കിലും സൂര്യൻ ശ്രമിച്ചിട്ടുണ്ടാവുമോ? ശ്രമിച്ചിരിക്കാം... പക്ഷെ നീലമേഘം പുൽകുന്ന ഈ വേഴാമ്പലിനെ മനസ്സിലാക്കാൻ ഇനിയെങ്കിലും സൂര്യൻ ശ്രമിക്കുമോ..? ശ്രമിച്ചാലും അർത്ഥമില്ലാതെ അത് മനസ്സിലാക്കുന്ന വികാരങ്ങൾക്ക് വിലങ്ങുകളില്ല...

ഇനിയും ഒത്തിരി മനസ്സിലാക്കാനും മനസ്സിലാക്കിക്കൊടുക്കാനും ഉണ്ട്. മനസ്സാക്ഷിക്ക് സംസാരിക്കാനുള്ളത് കേൾക്കാൻ മനസ്സാക്ഷിയെ ത്യജിക്കുന്നവർക്ക് സാധിക്കുമോ? എവിടെ നിന്നോ വന്നു കയറിയ ഇത്തരം ചോദ്യങ്ങൾ ഇനിയും അവളെ വളഞ്ഞു നിന്നിരുന്നു. ഉത്തരം കണ്ടെത്താൻ അവൾക്ക് മടി ആയിരുന്നു. കാരണം ഉത്തരങ്ങൾക്ക് ജീവനില്ലെന്ന് അവൾക്ക് അറിയാമായിരുന്നു. അങ്ങനെ ജീവനില്ലാത്ത ഉത്തരങ്ങളും ജീവനുള്ള ചോദ്യങ്ങളുമായി അവൾ ഇനിയും ജീവിക്കും... ഉത്തരങ്ങൾക്ക് ജീവൻ ലഭിക്കും വരെ...



# JOSCO
JEWELLERS

KOTTAYAM:
Rajiv Gandhi Complex, 0481-2303555
| K.K. Road, 0481-2564825
www.joscogroup.com | office@joscogroup.com | /JoscoGroup

ആശംസകൾ....

# Ammas Oven

Thalayolaparambu
Ph: 8289918431, 04829 238431

## Welcome to our New Teachers



Rev. Fr. Salvin Thomas Kappiliparampil
(Dept. of Mal.)



Anju C. Augustine
(Dept. of Maths)



Vidya Jose
(Dept. of Chemistry)



Dr. John Prakash
(Dept. of Chemistry)




Dr. Tony Thomas
(Dept. of Chemistry)

## Congratulations to our New Ph.D. Holders



Syju Thomas
(Dept. of Physics)



Rev. Fr. Dihoy Mathew Kevalammackal
(Dept. of Commerce)



Dr. M.J. Joseph
(Dept. of English)



Dr. M.C. Varghese
(Dept. of Botany)

## Faculties Deputed on FDP



Saritha K. Jose
(Dept. of Physics)



Elsamma Joseph
(Dept. of Economics)



Anjima Sebastian
(Dept. of Zoology)



Cigi Chacko
(Dept. of Malayalam)



Anish Thomas
(Dept. of Commerce)

## Farewell to our Beloved Teachers



T. Prasad Paul
(Dept. of Chemistry)



T. K. Thomas
(Dept. of Chemistry)



Thresiamma John
(Dept. of Commerce)



Lizy John
(Dept. of Maths)

## Farewell to our Beloved Non-Teaching Staff



Johny John Nidhiry



Louis Johny Joseph



Sr. Lillykutty Alex

# Walking down the memory lane.....

"Memories sure are the hardest thing in the world They leave you alone when you are with a group of people and come back, to you when you have none around you".

Three years before when I walked past the gates of Deva Matha College I never imagined that this college would give me the best memories and the best time of my life. first day of my college, new faces, new professors and atmosphere, even before I knew it. I became friendly with each and everyone. It was during my life in this college that I knew the warmth of friendship, the bitter sweet memories of quarels, the happiness in bunking classes, the blankness in facing the question paper, chats in coridors, group studies and so forth. I would defintly miss all this and above all I will miss our professors who proved the true meaning of the word gave to us.

Out of the countless incidents the few select ones which I would always cherish in my heart is the list conducted by our seniors. A remarkable thing which I found about our class was that each and make any even spectacular may it be college fests, A day or any event. The main foundatation behind all this undoubtedly oue divine frienship and unbreafable unity. The second thing found was the unity of our class. In fact everyone stood last is had times faced by anyone. The professors of this college broke all my preconcieved notions about a teacher. We were very lucky to get such friendly teachers to whom we had the freedom to share anything and everything. They helped as in every possible way only as teacher but as a friend whom we can relay on.

As I stand in the corridors of my college, memories of my life here flashes before my eyes and the words of frost rescends......

" And miles to go before I Sleep
And miles to go before I sleep"



Kavitha Ann Kuriakose
II DC English

# Last Memories

"Before stepping back
You filled my
broken heart with
Poisonous 'Love'
at the threshold
of death
I look for you
With a wet Rose
Striping my Poison"

**Surya Mol S.**
II DC Economics

# You are my Everything...

You are the star who in me brightly shines
The moon at night shining with motherly love
You are the silent brook till I throw my pebbles
You are the sheltering tree bent on me
Protecting me with your love- branches
You are my lofty mountain firm in love
Who'll stand erect and strong as now
You are my green pasture, I peacefully graze in
Feeding me words to win the wordly race.
You are my nature on whose blossom I peacefully rest.
You inspire and motivate me drain out the best
You are my vision and the things I see,
You are in me, out of me and all around me
You are my eveything....!!!



Sony Sabu
I DC Chemistry



# ഒരു തടവുകാരന്റെ ഡയറികുറിപ്പ്

**12** വർഷത്തെ ശിക്ഷക്കുശേഷം എനിക്ക് ആദ്യമായി 2 വർഷം പരോളുകിട്ടി. എന്റെ അന്നത്തെ ജയിൽ വാർഡനിൽ നിന്ന് 3 വർഷം കൂടി ഇനി ശിക്ഷ അനുഭവിക്കണമെന്ന് അറിയാൻ കഴിഞ്ഞു. അങ്ങനെ മുകളിൽ നിന്ന് പറഞ്ഞതനുസരിച്ച് ഞാൻ പല ജില്ലകളിലെയും പല ജയിലിലേക്കും അപേക്ഷ വച്ചു. എന്നാൽ എനിക്കു കിട്ടിയത് കോട്ടയം ജില്ലയിലെ ആ ജയിലിലായിരുന്നു. വാകമരങ്ങൾ ഇരുവശവും നിന്നു നിൽക്കുന്ന ആ വഴിയിലൂടെ നടന്നു ചെന്നാൽ കാണാൻ കഴിയുന്ന ആ ജയിലിലേക്ക്. ആ ജയിലിൽ ഞാൻ കിടന്ന മറ്റു ജയിലുകളേക്കാൾ സുഖകരമായിരുന്നു. കാരണം ഞാൻ അതുവരെ മുഴുവൻ സമയ തടവുശിക്ഷയാണ് അനുഭവിച്ചിരുന്നത്. എന്നാൽ അവിടെ രാവിലെ 9.30 മുതൽ വൈകുന്നേരം 3.15 വരെ ശിക്ഷ അനുഭവിച്ചാൽ മതി. ബാക്കി സമയം നമ്മുടെ ഇഷ്ടം പോലെ ചിലവഴിക്കാം.

ഇനിയുള്ള 3 വർഷം ഞാൻ നരകിച്ചു എന്നാണ് കരുതിയത്. എന്നാൽ അതിന് വിപരീതമാണ് സംഭവിച്ചത്. എന്നെ പാർപ്പിച്ചത് സാമ്പത്തിക കൃത്രിമം കാണിച്ച തടവുകാരുടെ സെല്ലിലായിരുന്നു. 21 പുരുഷന്മാരും 40 സ്ത്രീ തടവുകാരുമായിരുന്നു എന്റെ സെല്ലിൽ. ഞങ്ങളുടെ സെൽ സൂപ്രണ്ട് സാർ വളരെ വിനീത ഹൃദയനും സ്നേഹസമ്പന്നനും ആയിരുന്നു. അദ്ദേഹം ഞങ്ങൾക്കു വഴി കാട്ടി ഞങ്ങൾക്കു മുന്നിൽ നടന്നു. എന്നാൽ അദ്ദേഹത്തിനൊപ്പം നടന്നെത്താൻ ഇതുവരെ ആർക്കും സാധിച്ചിട്ടില്ല. സഹതടവുകാരും, സീനിയർ തടവുകാരുമായി വളരെ വേഗം ചങ്ങാത്തത്തിൽ ആകാൻ കഴിഞ്ഞതിനാൽ എന്റെ സെൽ എനിക്കൊരു സ്വർഗമായിരുന്നു. എന്റെ സഹതടവുകാരെ ഞാൻ സ്നേഹത്തോടെ ഓർമിക്കുന്നു. അവരെപ്പറ്റി പറഞ്ഞില്ലെങ്കിൽ മോശമായി പോകില്ലേ...? ആ പള്ളി പറഞ്ഞാലും അതിനെപ്പറ്റി കവിത എഴുതുന്ന, വള്ളത്തോളിന്റെ തോളിനൊപ്പം നിൽക്കുന്ന 'കഥ പറയുമ്പോൾ' എന്ന സിനിമയിലെ സലിം കുമാറിന്റെ കഥാപാത്രത്തോടു സാമ്യമുള്ള മഹാകവി ദാസ്.

അതുവരെ വലിച്ച എല്ലാ ലൈനുകളും ഷോർട്ടായി, പിന്നീട് പുതിയ ലൈൻ വലിച്ച് വിജയിച്ച ലൈൻ മാൻ ശശി, ഐ.എം. വിജയനോട് രൂപസാദൃശ്യമുണ്ടെങ്കിലും ഫുട്ബോൾ എന്തെന്നറിയാതെ, മെസി ആരാണെന്ന് എന്നോടു ചോദിച്ച ബൈക്ക് റൈഡർ ജോസേട്ടൻ, സെല്ലിലെ ഗ്ലാമർ താരം പന്തം, ഒരു മുള്ളൻപന്നിയുടെ തലയുമായി സെല്ലിലേക്ക് കയറി വരാറുള്ള സുന്ദരൻ നിക്കർ സൽമാൻ, പച്ചിലയിൽ പരീക്ഷണം നടത്തുന്ന ഞങ്ങളുടെ ചുരുളൻ മുടിക്കാരൻ, ജുറാസിക് പാർക്കിലെ ദിനോസറിന്റെ ശബ്ദവുമായി സെല്ലിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കേണൽ തോമസ്, ഒലിപ്പീരിൽ പി.എച്ച്.ഡി. എടുത്ത ഡോ. ചുടോ. ബലികാക്കയോട് പൊരുതി സൗന്ദര്യമത്സരത്തിൽ ജയിച്ച ബലികാക്ക അബി, ബംഗാളിയാണോ, മലയാളിയാണോന്ന് തിരിച്ചറിയാതെ ഞങ്ങളെ കുഴയ്ക്കുന്ന ബോധി ധർമന്റെ ശിഷ്യൻ മി. എല്ലൂരാൻ, പണ്ടെങ്ങോ തെറിച്ചുപോയ മുടിക്കു പകരം ഉണക്ക മുന്തിരി ഒട്ടിച്ചു നടക്കുന്ന ബോഡി ബിൽഡർ കൊച്ച്.. തുടങ്ങി മറ്റനേകം സ്ത്രീ പുരുഷ തടവുകാർ.

സമയം കിട്ടുമ്പോഴൊക്കെ ഞങ്ങളുടെ ജയിലിന്റെ മെയിൻ വാർഡൻ എല്ലാ സെല്ലിലും പെട്രോളിങ്ങിനെത്തുമായിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിന്റെ കണ്ണ് വെട്ടിച്ച് ഞാൻ ജയിലിന്റെ എല്ലാ മൂലയിലും കറങ്ങി. പടികൾ കയറി ആദ്യം എത്തുന്ന നിലയുടെ ഇടതു വശത്ത് മൃഗങ്ങളെക്കുറിച്ച് പഠിക്കാൻ കോടതി ശിക്ഷിച്ചവരെ പാർപ്പിച്ചിരുന്നു. അവർക്കു പഠിക്കാനായി അനേകം ജീവികളെ കുപ്പിയിൽ അടച്ചു വച്ചിരിക്കുന്ന ഒരു പരീക്ഷണശാലയും ഉണ്ടായിരുന്നു. അവിടെ സ്വന്തം അവസ്ഥയെ ശപിച്ച് ഓരോ ദിവസവും തള്ളി നീക്കുന്ന രണ്ടു പേരെ കാണാൻ സാധിച്ചു. കരിമൂർഖൻ വിക്രമൻചേട്ടനും പെരുമ്പാമ്പ് മുത്തുവും. പണ്ടൊരുകാലം പുലിയായിരുന്നെങ്കിലും ഇപ്പോൾ പൂച്ചക്കളുമായി കഴിഞ്ഞുവരുന്ന... പരീക്ഷണങ്ങൾ നടത്താൻ കോടതി വിധിച്ചവരെ പാർപ്പിച്ചിരിക്കുന്നു.





നിധിൻ മാത്യു
ഒണ്ടാം വർഷ സാമ്പത്തികശാസ്ത്രം

അവിടെയും ഉണ്ടായിരുന്നു ഒരു പരീക്ഷണശാല, ഇടയ്ക്ക് വിളപ്പിൽശാലയെ തോൽപ്പിക്കും വിധം മണം ഉയരുമെങ്കിലും അവരുടെ സാമ്രാജ്യമായിരുന്നു അത്. തുടർന്നുള്ള പടികൾ കയറി മുകളിലെ നിലയിൽ എത്തുമ്പോൾ ഇടതുവശം രണ്ടുതരം തടവുകാരെ പാർപ്പിച്ചിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ തട്ടിപ്പു നടത്തിയവരായിരുന്നു ആദ്യ സെല്ലുകളിൽ താമസിച്ചിരുന്നത്.

പണ്ഡിതന്മാരെയും കവികളെയും കുത്തി നിറച്ച് പാർപ്പിച്ചിരുന്ന ആ സെല്ലുകളുടെ നോട്ടീസ് ബോർഡുകൾ എന്നും പുതിയ കവിതകളാൽ നിറഞ്ഞിരുന്നു. പിന്നെ രണ്ടാമത്തെ ഭാഗത്ത് എന്റെ സ്വർഗ സെല്ലുകളായിരുന്നു. എന്റെ കൂട്ടുകാരെ പാർപ്പിച്ചിരുന്ന സെല്ലുകൾ. ജയിലിലെ വിപ്ലവകാരികൾ എന്നും ഉയർന്നു വന്നിരുന്നത് ഈ സെല്ലുകളിൽ നിന്നായിരുന്നു.

ആ നിലയുടെ വലതുവശത്ത് കണക്കുകൂട്ടാൻ ശിക്ഷ വിധിച്ച കുറെ നിർധനരും, സസ്യശാസ്ത്രത്തിന്റെ വഴിയിലൂടെ ജാഡയുടെ പുതിയ തലങ്ങൾ കണ്ടെത്താൻ എത്തിയവരും താമസിച്ചിരുന്നു. ആമസോൺ കാടുകളെ വെല്ലുന്ന വിധത്തിലായിരുന്നു സസ്യശാസ്ത്രഭാഗത്തെ വരാന്തകൾ, അവിടെ സസ്യങ്ങൾ ഇടതൂർന്നു വളർന്നു. ആർക്കു വേണ്ടിയെന്നറിയാതെ പ്രധാന ജയിലിനോടു ബന്ധമില്ലാതെ 3 തരം തടവുകാരെ പാർപ്പിച്ചിരുന്നു. ഒന്നാമതായി ഭൗതികശാസ്ത്രത്തിന്റെ വഴിയിലൂടെ പുതിയ ശിക്ഷകൾ അനുഭവിക്കുന്നവർ. രണ്ടാമതായി മലയാളഭാഷയെ പൊറോട്ട കീറുന്ന പോലെ വലിച്ചു കീറിയതിന് മഹാഗ്രന്ഥങ്ങൾ വായിക്കാൻ കോടതി വിധിച്ചവർ, മൂന്നാമത്തെ വിഭാഗം കയ്യാലയുടെ മുകളിലിരിക്കുന്ന വ്യാപാരവ്യവസായികൾ.

ജയിലിൽ തന്നെ പരീക്ഷണ നിരീക്ഷണശാലകളും കലാനിലയങ്ങളും പ്രവർത്തിച്ചിരുന്നു. വായിച്ചു വളരാനായി ഒരു വലിയ ലൈബ്രറിയും അതിൽ എണ്ണമറ്റ ചിതലരിച്ച ബുക്കുകളും ഉണ്ടായിരുന്നു. സാമ്പത്തിക ഭദ്രത ഇല്ലാത്തതിനാലാണ് എല്ലാ കുഴപ്പങ്ങളും ഉണ്ടാകുന്നതെന്ന് ഞങ്ങളുടെ സെല്ലിൽ പഠിപ്പിച്ചു. ഷേക്സ്പിയറിന്റെയും ഷെല്ലിയുടേയും ഗ്രന്ഥങ്ങൾ വായിക്കാത്തതിനാലും ഇംഗ്ലീഷ് ഭാഷ അറിയാത്തതിനാലുമാണ് എല്ലാ പ്രശ്നങ്ങളും ഉണ്ടാകുന്നതെന്ന് മറ്റൊരു വിഭാഗം പഠിപ്പിച്ചു. ആക്സിലറേഷനും ഗ്രാവിറ്റിയുമാണ് എല്ലാറ്റിനും കാരണമെന്ന് മറ്റൊരു വിഭാഗം വാദിച്ചിരുന്നു. ജയിലിന്റെ നല്ല പേരിനും അംഗീകാരത്തിനുമായി ചില കഠിനശിക്ഷകൾ നൽകാൻ വാർഡന്മാർ മടിച്ചതുമില്ല.

എന്നിരുന്നാലും ഞങ്ങളുടെ ജയിലിൽ മതിലുകളിലെ മമ്മൂട്ടിയെ ഓർമിപ്പിക്കും വിധം സ്ത്രീ പുരുഷ തടവുകാർ പ്രണയിച്ചിരുന്നു. കുമാരനും കുമാരിയും, പരീക്ഷക്കാരിയും ആദിവാസിയും ശിശുവും ആന്റിയും ഇതിനു ചില ഉദാഹരണങ്ങൾ മാത്രം. പറഞ്ഞാൽ തീരാത്ത അത്രയും 'ഏക-വശ' പ്രണയങ്ങളും ഉണ്ടായിരുന്നു. മിമിക്രി കലാകാരനും, വികടകവിയും, മാക്കാനും ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്.

ഈ ജയിലിൽ വന്നതിനു ശേഷം എനിക്ക് അനേകം മാറ്റങ്ങൾ സംഭവിച്ചു. ബ്രിട്ടീഷുകാർ ഉപേക്ഷിച്ചു പോയ ഒരു ഭാഷ ഉപയോഗിക്കാനും ഉപയോഗിച്ച് നശിപ്പിക്കാനും സാധിച്ചു. ക്ഷമയുടെ നെല്ലിപ്പലക കാണാനും അതിൽ ശിൽപം കൊത്താനും സാധിച്ചു. സ്വന്തം ശിക്ഷയുടെ റിസൽട്ട് കണ്ട് കണ്ണ് തള്ളിയവർ അടുത്തു കിടക്കുന്നവന്റെ റിസൽട്ട് കണ്ട് ആശ്വസിക്കുന്ന കാഴ്ച കാണാൻ സാധിച്ചു. ഇങ്ങനെയൊക്കെയാണെങ്കിലും ഈ ശിക്ഷ തീരരുതേ എന്നാണെന്റെ പ്രാർത്ഥന.

നിങ്ങൾ ഇതു വായിക്കുമ്പോൾ ഞാൻ ജയിലിന്റെ ഏതെങ്കിലുമൊരു മൂലയിൽ ഏതെങ്കിലുമൊരു തടവുകാരനോട് സംസാരിച്ചു നിൽപ്പുണ്ടായിരിക്കും. എല്ലാവരും വിനീത മനസോടെ എന്നോട് ക്ഷമിക്കുക.

എന്ന് വിനയപൂർവ്വം,


ഒരു തടവുകാരൻ.




# ഒരു ഉറുമ്പിന്റെ അന്ത്യം

ഇന്നലെ, എന്നാൽ
ഒരു ഉറുമ്പ് കൊല്ലപ്പെട്ടു
സ്നേഹത്തിന്റെ ഭാഷയറിയാവുന്ന
അതിനു റീത്തു വയ്ക്കാൻ
ഒരു മന്ത്രിയും വന്നില്ല
പബ്ലിസിറ്റി കിട്ടുവേലാത്തതു
കൊണ്ടാവണം
ഒരു ചാനൽ കവറേജും ഉണ്ടായില്ല
തലക്കലിരുന്നു മാറ് തല്ലി
കരയുവാൻ
ഭാര്യയോ മക്കളോ ഉണ്ടായില്ല
അത് ചൂലിനടിയിൽ
കിടന്നു പിടയുമ്പോൾ
ആശുപത്രിയിൽ കൊണ്ടുപോകാൻ
ആരുമുണ്ടായിരുന്നില്ല
ചിതക്കു തീ കൊളുത്താൻ
ആരും...!
ഒരു പോസ്റ്റുമോർട്ടം റിപ്പോർട്ടിലും
പ്രതി ഞാനാണെന്ന് തെളിഞ്ഞില്ല
ഒന്നുറക്കെ കരയാൻ പോലുമാവാതെ
അത് എന്റെ ചൂലിനടിയിൽ
അസ്തമിച്ചു...
പൊതുശ്മശാനത്തിൽ ശവസംസ്കാര-
ശുശ്രൂഷ നടക്കുമ്പോഴേക്കും
ഞാൻ ഉറക്കത്തിൽ നിന്നും
എഴുന്നേറ്റിരുന്നു...

സാഗര എസ്.
രണ്ടാം വർഷ മലയാളം




GIFT OF GOD
Boniface
A/C AIR BUS
BONIFACE TRAVELS
AC,NON- AC PUSH BACK BUSES
49/35/17/14/19/27 SEATS
LUXURY CAR RENTAL
AUDI,BMW,BENZ,
JAGUAR
9895632229,9495369917
847124712,8156941712

# LIVE LIVE LIVE LIVE LIVE LIVE



**ജോസി ജേക്കബ്**
രണ്ടാം വർഷ ഇംഗ്ലീഷ്

**സ**ന്ധ്യ മയങ്ങിയതേയുള്ളൂ. അന്നു കറുത്ത വാവിന്റെ കരിനിഴലുകൾ ആ ഗ്രാമത്തെ അർദ്ധരാത്രിക്കു സമാനമാക്കിക്കഴിഞ്ഞിരുന്നു. വഴിയോരങ്ങളും തെരുവീഥികളുമെല്ലാം ആളൊഴിഞ്ഞു കഴിഞ്ഞിരുന്നു. തെരുവുനായ്ക്കളുടെ സന്ധ്യാസവാരിയും ചീവീടുകളുടെയും കൂമന്റെയും കരച്ചിൽ ശബ്ദവും ഒഴിച്ചാൽ ആ രാത്രി ശവപ്പറമ്പിനു തുല്യം തന്നെ.

പൊടുന്നനെ ദേവകിയുടെ വീട്ടിൽ നിന്നും പൊന്തിയ കരച്ചിൽ ആ രാത്രിയുടെ നിശബ്ദതയെ രണ്ടായി കീറിമുറിച്ചു. വാവിട്ടുള്ള അവളുടെയും മക്കളുടെയും നിലവിളി ആ ഗ്രാമത്തെ അക്ഷരാർത്ഥത്തിൽ നടുക്കിക്കളഞ്ഞു. കേട്ടവർ കേട്ടവർ അവളുടെ വീട്ടിലേയ്ക്ക് ഓടിക്കൂടി. നിമിഷങ്ങൾക്കകം അവളുടെ വീട്ടുമുറ്റം ഗ്രാമവാസികളെക്കൊണ്ടു നിറഞ്ഞു. കരച്ചിലും ഏങ്ങലടികളും വീടിനുള്ളിൽ നിന്നും നിലയ്ക്കാതെ പൊന്തിക്കൊണ്ടേയിരുന്നു. വാതിലു കളും ജനാലകളും അടച്ചിരുന്നതിനാൽ പുറത്തു തടിച്ചു കൂടിയ അവർക്കാർക്കും എന്താണ് സംഭവമെന്ന് മനസ്സിലാക്കാനായില്ല. വീടു കുത്തിപ്പൊളിച്ച് അകത്തു കടക്കാനുള്ള ശ്രമത്തിലായി ഒരു കൂട്ടം ആളുകൾ. മറ്റൊരു കൂട്ടർ ഫയർഫോഴ്സിനെ വിളിക്കാനായി പോയി. ഫയർഫോഴ്സ് പാഞ്ഞുപോകുന്നതു കണ്ടവർ കണ്ടവർ വണ്ടികളിലും ഓടിയും കൈയായി ദേവകിയുടെ വീട്ടിലേയ്ക്ക് വീണ്ടും വീണ്ടും വന്നു കൊണ്ടേയിരുന്നു.

പോലീസും ഫയർഫോഴ്സും വന്നതിനു പിന്നാലെ വിവിധ ടി.വി. ചാനലുകളും വീട്ടുമുറ്റത്തെത്തി. ന്യൂസ് റിപ്പോർട്ടേഴ്സ് മത്സരിച്ചാണ് വാർത്താ വിശേഷങ്ങൾ എയർ ചെയ്യുന്നതെന്നു തോന്നി. എല്ലാ ചാനലുകളും തങ്ങളുടെ വണ്ടികൾക്കു മുൻപിൽ പ്രത്യേകം പലരെയും മാറിമാറി വിളിച്ചു കൊണ്ടുപോയി കാര്യങ്ങൾ ചോദിച്ചറിയുകയാണ്. ലൈവായി പ്രക്ഷേപണം ചെയ്ത ഈ വാർത്ത കണ്ട കേരളത്തിലും കേരളത്തിനു പുറത്തുമുള്ള എല്ലാ മലയാളികളും ദേവകിക്കും കുടുംബത്തിനും വേണ്ടി പ്രാർത്ഥനകൾ നടത്തിക്കൊണ്ടേയിരുന്നു. ഇപ്പോൾ ലോകശ്രദ്ധ മുഴുവനും ആ ഭവനത്തിലേയ്ക്കായി.

പ്രാർത്ഥനാലയങ്ങളിൽ ദേവകിക്കും കുടുംബത്തിനും വേണ്ടി മെഴുകുതിരി കത്തിച്ച് പ്രത്യേകം പ്രാർത്ഥനകൾ നടത്തപ്പെട്ടു. സ്ത്രീകളും പുരുഷന്മാരും കുട്ടികളുമടക്കം പതിനായിരക്കണക്കിനാളുകൾ മുഖ്യമന്ത്രിയുടെ ക്ലിഫ് ഹൗസിനു മുൻപിൽ ധർണ നടത്തിത്തുടങ്ങി. മെഴുകുതിരി കത്തിച്ച് യുവജനങ്ങൾ ഒന്നടങ്കം തെരുവുകളിലൂടെ ജാഥ നടത്തി. ലോകം മുഴുവനും വിറങ്ങലിച്ചു നിന്നുപോയ ആ രാത്രി.

ഇതിനിടയിൽ ഏഷ്യാനെറ്റ് ന്യൂസിന്റെ പ്രഗത്ഭനായ ക്യാമറാമാൻ ഒളിക്യാമറ ഒരു തുമ്പിവണ്ടിന്റെ പുറത്തു വച്ചുകെട്ടി ജനാലയുടെ ഇടയിലുള്ള ചെറിയ വിള്ളലിലൂടെ വീടിനകത്തു പ്രവേശിപ്പിച്ചു. വണ്ട് വീടിനുള്ളിൽ കടന്ന ആ നിമിഷം മുതൽ ഏഷ്യാനെറ്റ് ന്യൂസ് വീടിനുള്ളിലെ ദൃശ്യങ്ങൾ ലൈവായി ടെലികാസ്റ്റ് ചെയ്തു തുടങ്ങി. വണ്ട് ആദ്യം പോയത് വീടിന്റെ ഒരു കോണിൽ വച്ചിരുന്ന കുറച്ചു തുണികളിലേയ്ക്കായിരുന്നു. അവിടെ നിന്നും അത് മുത്തശ്ശിയുടെ കണ്ണടയിൽ കയറിയിരുന്നു. മുത്തശ്ശി കണ്ണടയെടുത്ത് അതിൽ നിന്നും വണ്ടിനെ തട്ടിയെറിഞ്ഞു. വണ്ടു ചെന്നു വീണത് വീണത് വീടിനുള്ളിലെ ടോയിലെറ്റിലായിരുന്നു. പ്രേക്ഷകർ ശ്വാസമടക്കിപ്പിടിച്ച് ന്യൂസ് കേൾക്കുകയാണ്. പിന്നീട് അവിടെ നിന്നും വണ്ട് ഒരു വിധത്തിൽ നടന്നു നടന്ന് സ്വീകരണമുറിയിലെത്തി.

ഇപ്പോൾ ദേവകിയുടെ മുഖം ദൃശ്യമായിത്തുടങ്ങി. കരഞ്ഞു കലങ്ങിയ അവളുടെ കണ്ണുകളിൽ പ്രതീക്ഷയറ്റു പോയിരുന്നു. 'ഇനി ജീവിച്ചിരുന്നിട്ട് എന്തു കാര്യം' എന്ന് അവർ ഇടയ്ക്ക് പുലമ്പുന്നുണ്ട്. വണ്ട് മുമ്പോട്ടു നീങ്ങിയപ്പോൾ ക്യാമറയിൽ കൂടുതൽ കാര്യങ്ങൾ ദൃശ്യമായി...

പെട്ടെന്ന് ദൃശ്യമായ ടി.വി. സ്ക്രീനിൽ 'കുങ്കുമപ്പൂവ്' ഇനി നാളെ രാത്രി ഇതേ സമയം... ദേവകി വിളിച്ചു പറഞ്ഞു. 'ആ രുദ്രനെ എന്റെ കൈയിൽ കിട്ടിയാൽ അവന്റെ മുഖത്തു ഞാൻ ചൂലു കൊണ്ടടിക്കും. ആം ആദ്മിയുടെ പവർ അവനെ ഞാൻ കാണിച്ചു കൊടുക്കും. പാവം ജയന്തി ടീച്ചർ... ഇനി നാളെ രാത്രി ഈ സമയം വരെ അവൾ ഈ കണ്ണീരു കുടിച്ച് ജീവിക്കണമല്ലോ....'

'മുറ്റത്തു തടിച്ചു കൂടിയ ജനം വിഡ്ഢികളായോ? പോലീസും ഭരണകൂടവും ഇളിഭ്യരായോ? വാർത്താ ചാനലുകൾ കണ്ടിരുന്നവർ മണ്ടന്മാരായോ?' അന്നു രാത്രി 9.00 മണിക്കുള്ള പ്രൈം ടൈം ന്യൂസിൽ ചർച്ച നടത്തുവാൻ തെരഞ്ഞെടുത്ത ചോദ്യങ്ങൾ ഇവയായിരുന്നു. വാർത്തകൾ അവസാനിക്കുന്നില്ല. പിറ്റേന്നുള്ള ശ്രീകണ്ഠൻ നായർ ഷോയിൽ സ്ത്രീജനങ്ങൾ നഖശിഖാന്തം എതിർത്തു പറഞ്ഞു. സ്ത്രീ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു. സ്ത്രീ സുരക്ഷയ്ക്കായി പ്രത്യേകം സെല്ലുകൾ തുറക്കണം. അവൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നവരെ ഉടൻ തന്നെ ശിക്ഷിക്കണം. ജയന്തി ടീച്ചറുടെ വേദനയിൽ സഹതപിച്ച ദേവകിക്ക് പ്രത്യേകം പാരിതോഷികം നൽകണം....

## എന്നെ കരയിക്കല്ലേ...?


ELAMBASSERIL
BILLA
GIFT & LADIES CENTRE
KACHERIKAVALA, VAIKOM PH: 04829 229997
TOYS, GIFT, LADIES ITEMS & CROCKERY

# 'സന്ദർശകന്റെ' ഹൃദയം

ഒരു ഭാഗത്ത് തുളുമ്പുന്ന തേടിച്ച് സ്നേഹ പ്രവാഹത്തെ സമുദ്രസംഗീതമായി മാറ്റുന്ന, ബലിഷ്ഠമായ ചില്ലകളിൽ കൊടുങ്കാറ്റു കൂടു വയ്ക്കുന്ന വന്യ കാലത്തെ തണൽമരം പോലുള്ള തടവുകാരനായ വിപ്ലവകാരി ജോസഫ്... മറു വശത്ത് വ്യക്തിദൈന്യങ്ങൾ ആലേഖനം ചെയ്യപ്പെടുന്ന പ്രണയം, വരാത്ത സന്ദർശകൻ, ബീഡിക്കറയിൽ കരിഞ്ഞ ഹൃദയം, കഠാരക്കുത്തേലായി മാറിയ തീച്ചുണ്ടിന്റെ ചുംബനം, ഉന്മാദത്തിന്റെ കത്തലും ജ്വാലകൾ, മോഹങ്ങളുടെ ശവദാഹം, മുറ്റിയും മുറിപ്പും മഴയും മരണവും തീന് കാലം പോലെ വരളുന്ന ക്രോധം.. ഇവയാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ.

ചുള്ളിക്കാടിന്റെ പ്രണയകവിതകൾ ആത്മാവിനെ പോലും ലഹരി പിടിപ്പിക്കുന്നവയാണ്.

'മുറുകിയോ നെഞ്ചിടിപ്പിന്റെ താളവും
നിറയെ സംഗീതമുള്ള നിശ്വാസവും...
പറയുവാനുണ്ട് പൊൻ ചെമ്പകം പൂത്ത
കരളു പണ്ടേ കരിഞ്ഞു പോകയെങ്കിലും
കറ പിടിച്ചൊരെൻ ചുണ്ടിൽ തുളുമ്പുവാൻ
കവിത പോലുമേ വരണ്ടു പോകയെങ്കിലും
ചിറകു നീർത്തുവാനാകാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്ത രോദനം...
സ്മരണ തൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും...
കനകമൈലാഞ്ചി നീരിൽ തുടുത്ത നിൻ
വിരൽ തൊടുമ്പോൾ കിനാവു ചുരന്നതും
നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും......

---

ഓരോ വരിയും മനസിലുണർത്തുന്നത് ഗൃഹാതുരത്വത്തിന്റെ, നോവുള്ള സുഖങ്ങളുടെ, സ്മൃതികളുടെ നനുത്ത ചിത്രങ്ങളാണ്. മൈലാഞ്ചി നീരിൽ തുടുത്ത വിരലുകളിൽ ആദ്യമായി ഒന്നു തൊടുമ്പോൾ അനുഭവിച്ച അനുരാഗത്തിന്റെ നിർവൃതിയും അവളുടെ കണ്ണുകളുടെ കിരണമേറ്റ് ഹൃദയത്തിൽ സ്വപ്നങ്ങളുടെ ചില്ലകൾ പൂത്തതും പൊയ്പോയ പ്രണയകാലത്തിലെ തീവ്രമായ സ്മരണകളാണ്. ഈ വരികളിൽ കോൾമയിർ കൊള്ളാത്തവർ ചുരുക്കം..!

'ചൂടാതെ പോയ് നീ നിനക്കായി ഞാൻ ചോര
ചാറിച്ചുവപ്പിച്ചൊരെൻ പനിനീർപ്പൂവുകൾ
കാണാതെ പോയ് നീ നിനക്കായി ഞാനെന്റെ
പ്രാണന്റെ പിന്നിൽ കുറിച്ചിട്ട വാക്കുകൾ
ഒന്നു തൊടാതെ പോയി വിരൽത്തുമ്പിനാൽ
ഇന്നും നിനക്കായ്ത്തുടിക്കുമെൻ തന്ത്രികൾ..
എന്നു തുടങ്ങി,
ദുഃഖമാണെങ്കിലും നിന്നെക്കുറിച്ചുള്ള
ദുഃഖമെന്താനന്ദമാണെനിക്കോമനേ
എന്നെന്നുമെൻ പാനപാത്രം നിറയ്ക്കട്ടെ
നിന്നസാന്നിധ്യം പകരുന്ന വേദന...'

എന്നു പാടി കവിത നിർത്തുന്ന ചുള്ളിക്കാട് അറിഞ്ഞിരിക്കുമോ, പറയാതെ പോയ വസന്ത രാവുകളെക്കാളും പറഞ്ഞിട്ടും പിരിഞ്ഞകന്ന പ്രണയത്തെയും പിന്നെ അവൾ നടന്നകന്ന മൺതരികളെ പോലും നാം തിരികെ വിളിക്കുകയാണെന്ന്.

കത്തുന്ന ചുംബനം കൊണ്ടു നീ പണ്ടെന്റെ
കയ്ക്കുന്ന പ്രാണനെച്ചുട്ടു പൊള്ളിച്ചതും
കണ്ണിന്റെ നക്ഷത്രജാലകത്തിൽക്കൂടി
ജന്മാന്തരങ്ങളെ കണ്ടു മൂർച്ഛിച്ചതും,
എന്നോ കറുത്ത തിരശ്ശീല വീണതാം
ഉന്മാദനാടക രംഗസ്മരണകൾ
വർഷപാതങ്ങളിൽക്കുതിർന്നൊലിച്ചുപോം
അർത്ഥമില്ലാത്ത ദിനാന്ത്യക്കുറിപ്പുകൾ...

എന്നോ നഷ്ടപ്പെട്ട പ്രണയത്തെ അർത്ഥമില്ലാത്ത ദിനാന്ത്യക്കുറിപ്പുകളായി അവശേഷിപ്പിച്ച് തളിക നിശ്ചലമാക്കുമ്പോഴും തളർന്നുള്ള വരികൾക്കായി നാം കാതോർത്തിരിക്കുകയാണെന്നും കവി അറിഞ്ഞിരിക്കില്ല.

തീക്ഷ്ണമായ ഹൃദയഭാവങ്ങളെയും ശിവനന്ദന സമാനമായ ഊർജ്ജപ്രസരത്തെയും ഒരു കാമുകന്റെ സ്വപ്നങ്ങളെയും ഓർമ്മയും പകരം വയ്ക്കാനാവാത്ത തീക്ഷ്ണ സൗന്ദര്യത്തെയും ഒരുപോലെ ആവാഹിക്കുന്ന കവിതകളാണ് ചുള്ളിക്കാടിന്റേത്. അതുകൊണ്ടു തന്നെ വെറും ജനപ്രിയ കവിതകളിൽ നിന്നും, അതിന്റെ കാല്പനികവും പുരാണപരമായ അവതാരങ്ങളിൽ നിന്നും കവിതയെ ഏറെ ഉയർത്തി നിർത്തിയ കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്.

'ഞാൻ മരണത്തെ ഭയപ്പെടുന്നില്ല
അതുകൊണ്ട് ജീവിതത്തെക്കുറിച്ച്
സത്യം പറയാൻ ബാദ്ധ്യസ്ഥനാണ്'

എന്നുറക്കെ പ്രഖ്യാപിക്കുന്ന ചുള്ളിക്കാട് എന്ന മനുഷ്യസ്നേഹിയെ, അദ്ദേഹത്തിന്റെ കവിതകളെ നെഞ്ചോടു ചേർത്ത് പിടിച്ചുകൊണ്ട് നമുക്ക് നേരാം...

ഭാവുകങ്ങൾ........

# സ്ത്രീകളിലെ മാനസിക സമ്മർദ്ദം

## ഒരു സ്ത്രീപക്ഷരചന



ആതിര കൃഷ്ണകുമാർ
രണ്ടാം വർഷ സാമ്പത്തികശാസ്ത്രം

**പെണ്ണ്...!**

അവളുടെ നഷ്ടവസന്തങ്ങളെപറ്റി ആരും ചോദിച്ചില്ല. യാതനകളിൽ മുദ്ര വയ്ക്കപ്പെട്ട അവരുടെ ബാല്യകൗമാരങ്ങളുടെ ഓർമപുസ്തകങ്ങൾ ആരും തുറന്നു നോക്കിയില്ല. ബന്ധങ്ങൾക്കുവേണ്ടി എല്ലുമുറിയെ പണിത യൗവനത്തിന് ആരും വില കൊടുത്തില്ല. കൈകളിലെ തഴമ്പുകളിലോ നെഞ്ചിലെ മുറിപാടുകളിലോ ആരും വിരൽ കൊണ്ടു തൊട്ടില്ല. സൂചി കുത്താനിടയില്ലാത്ത വിധം അവൾ നട്ടുവളർത്തിയ ഫലപുഷ്ടതകളുടെ ആകാശ കാഴ്ചകണ്ടു പശ്ചിമഘട്ടത്തിലെ കന്യാവനങ്ങളെന്നു തെറ്റിദ്ധരിച്ച പരിസ്ഥിതിവാദികളും സ്ത്രീത്വത്തിന്റെ മകുടമെന്നും വിശേഷിപ്പിച്ച ഫെമിനിസ്റ്റുകളും അവളെ അറിഞ്ഞില്ല. ഭൂമിയെ പെറ്റുവളർത്തി പരിപാലിച്ച അവളാണ് മണ്ണിന്റെ മകളും ജീവന്റെ തുടിപ്പുമെന്ന് ആരും അറിയുന്നേയില്ല. അറിഞ്ഞവർ അറിഞ്ഞതായി ഭാവിക്കുന്നുമില്ല. അറിയാതെയും അറിഞ്ഞും കൂട്ടിലടച്ച കിളിയാവാൻ അവൾ ഒരുങ്ങുകയാണെന്ന് അവളും അറിയുന്നില്ല. സ്ത്രീകളുടെ ജീവിതകഥയിൽ വ്യക്തിയുടെ വൈകാരിക ജീവിതത്തിലെ തളക്കെട്ടുകളായി പരിമുറുക്കം കൈകാര്യം ചെയ്യപ്പെടുന്നു. പുരുഷകേന്ദ്രീകൃത സമൂഹത്തിൽ സ്ത്രീ കൂട്ടിലിട്ട ഒരു മൃഗം തന്നെയാണ്. അതുകൊണ്ടു തന്നെ അവൾക്കുണ്ടാകുന്ന പല മാനസികമായ അസ്വസ്ഥതകളുടെയും വേരുകൾ സമൂഹത്തിൽകൂടി ചികയേണ്ടതുണ്ട്. മലയാളികളുടെ സ്ത്രീസങ്കല്പം എന്താണ്? യൗവ്വനയുക്ത, സുന്ദരി, അനുസരണശീല, പതിവ്രത, കുടുംബത്തെ സേവിക്കുന്ന വീട്ടമ്മ, തന്നെ സ്വയം ശൂന്യവത്കരിക്കുകയും ത്യജിക്കുകയും ചെയ്യുന്നവൾ. ഇതിനെ സോക്രട്ടീസിന്റെ കട്ടിലിനോടുപമിക്കാം. തന്റെ ഇരകളെ ഇരുമ്പുകട്ടിലിൽ ബലമായി കിടത്തി ശരീരാവയവങ്ങൾ ഛേദിക്കും. സമൂഹത്തിന്റെ സ്ത്രീസങ്കല്പമെന്ന പീഡനോപകരണത്തിൽ സ്ത്രീയെന്ന വ്യക്തിയെ ഒതുക്കുവാൻ ശ്രമിക്കുമ്പോൾ അവളനുഭവിക്കുന്ന സമ്മർദ്ദം വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

സാഹിത്യവും സിനിമയും കാലാകാലങ്ങളായി പകർന്നു നൽകുന്ന ഊതിവീർപ്പിക്കപ്പെട്ട കാല്പനിക പ്രണയ സങ്കല്പങ്ങളാണ് സ്ത്രീയുടെ മറ്റൊരു ശാപം. താൻ ജനിച്ചത് പ്രണയസായൂജ്യത്തിനു വേണ്ടിയാണെന്നു അവൾ ധരിക്കുന്നു. എന്നാൽ എന്താണ് പുരുഷാധിപത്യത്തിൻ കീഴിൽ പ്രണയം? അതു പിടിച്ചടക്കലിന്റെ സ്വന്തമാക്കലിന്റെ തത്വശാസ്ത്രമാണ്. അത് പലപ്പോഴും ഏറ്റവും ഹിംസാത്മകമായി ഒരു ആസിഡ് ബൾബിലോ ആത്മഹത്യയിലോ പര്യവസാനിക്കുന്നു. ഒരിക്കൽ ഒരാളിൽ നാം കണ്ടെത്തുന്ന അന്യതയുടെ സൗന്ദര്യം ഒരു നക്ഷത്രത്തിന്റെയോ കടലിന്റെയോ സൗന്ദര്യം ആസ്വദിക്കുന്നതുപോലെ കൈപ്പിടിയിൽ ഒതുക്കാതെ തന്നെ നുകരാൻ നമുക്ക് കഴിയേണ്ടതല്ലേ? അത്തരം മാനുഷിക ധന്യതയ്ക്കുള്ള പേരല്ലേ പ്രണയം? ഒരു സ്ത്രീയുടെ ജീവിതത്തിൽ സമസ്ത മേഖലകളിലും ഭർത്താവിനു സമസ്താധികാരം നൽകുന്നതല്ല വിവാഹം. അവളിലെ ഭാര്യയുടെ മേൽ മാത്രമാണ് അയാൾക്കു പരിപൂർണ്ണാധികാരം. അവളിൽ മകൾ, സഹോദരി, അമ്മ, ഉദ്യോഗസ്ഥ, കലാകാരി, സുഹൃത്ത് എന്നിങ്ങനെ നിരവധി വ്യക്തിത്വങ്ങൾ ഉണ്ടായിരിക്കും. അവരൊക്കെ സ്വതന്ത്രരായിരിക്കണം. അപ്പോഴെ അവൾ പരിപൂർണ്ണ വ്യക്തിത്വത്തിനർഹയാകുന്നുള്ളൂ. നമ്മുടെ സമൂഹത്തിൽ പുരുഷനു ഈയൊരു വളരലും പൂവിടലും പടരലും സാധ്യമാവുന്നുണ്ടെങ്കിലും സ്ത്രീ പലപ്പോഴും ഭാര്യ എന്ന ബോൺസായ് ആയി വെട്ടിയൊതുക്കപ്പെടുകയാണ്. ത്യാഗമാണ് എന്നും എവിടെയും അമ്മയ്ക്ക് പറഞ്ഞിട്ടുള്ളത്. അത് അവളിൽ നിറക്കുന്ന കയ്പ് ആരും കാണുന്നില്ല. സംതൃപ്തയായ ഒരു അമ്മായിയമ്മ ഒരിക്കലും മരുമകളെ ശത്രുവായി കാണുകയില്ല. ശകുന്തളയെ മറന്നതിന് ഒരു മോതിരത്തിന്റെ ആവിശ്വസനീയമായ കഥ പറഞ്ഞ് ദുഷ്യന്തനെ കുറ്റവിമുക്തനാക്കുന്ന സാഹിത്യം, ഒരു പുരുഷനെ ആത്മാർത്ഥമായി എന്നും സ്നേഹിച്ചതിന്റെ പേരിൽ കറുത്തമ്മയെയും ലീലയെയും ഭർതൃഘാതകരാക്കുന്നു. ഇതിലെ പുരുഷതന്ത്രം ബുദ്ധിയുള്ള സ്ത്രീ തിരിച്ചറിയണം. അനാവശ്യമായ കുറ്റബോധം ഉളവാക്കിയാണ് സമൂഹം സ്ത്രീയെ അസ്വതന്ത്രയാക്കുന്നത്. ഈ ചങ്ങല പൊട്ടിച്ചെറിയാൻ അവൾക്കു കഴിയും. സ്വന്തം വ്യക്തിബോധം വേണ്ട വിധത്തിൽ ഉപയോഗിക്കണമെന്നു മാത്രം. വീടിനു പുറത്തുള്ള ലോകം നിന്റേതല്ല എന്നു സമൂഹം നിരന്തരം ഒളിച്ചും തെളിച്ചും സ്ത്രീയോടു പറഞ്ഞുകൊണ്ടിരിക്കുന്നു. പീഡനഭീതിയിലാണ് ഏതു പ്രായത്തിലെയും സ്ത്രീ. ചിറകുകളരിഞ്ഞിട്ട്, 'ഏയ് അവൾക്കെന്ത് പറക്കൽ' എന്ന് ഏറ്റവും നിഷ്കളങ്കമായി സമൂഹം ചിരിക്കുന്നു. ആരെങ്കിലും സ്വാതന്ത്ര്യം ഒരു തളികയിൽ വെച്ച് സസന്തോഷം തനിക്കു നേരെ നീട്ടുമെന്ന് സ്ത്രീ പ്രതീക്ഷിക്കുകയേ വേണ്ട. അതിനു വേണ്ടി ഒറ്റയ്ക്കും കൂട്ടിയുമുള്ള ശ്രമങ്ങൾ നടത്തിത്തന്നെ വേണം അവർ ജയിക്കാൻ.

താനൊരു പൂർണ്ണവ്യക്തിയാണെന്നും തന്റെ ജീവിതത്തിനർത്ഥം നൽകുന്നത് താൻ തന്നെയാണ് എന്നുമുള്ള ബോധം ഒരു സ്ത്രീ ആർജിക്കുമ്പോൾ മാത്രമേ അവളിലെ സൂര്യൻ ഗ്രഹണത്തിൽ നിന്നു പുറത്തുവരുകയും തെളിഞ്ഞു പ്രകാശിക്കുകയും ചെയ്യുകയുള്ളൂ.


അവലംബം: മാതൃഭൂമി



ടിനോ തോമസ്
മൂന്നാം വർഷ മലയാളം

# ബ്ലാക്ക് മാൻ

ഒത്ത പകലിലും നീ ഉണ്ടായിരുന്നു
ഇടവഴി, ഒറ്റമരക്കാട്, കുറ്റിരുട്ട്
എന്നിവിടങ്ങളിൽ മാത്രം
പ്രതീക്ഷിച്ചതിൽ
തിരിച്ചറിഞ്ഞില്ല
രാത്രിയിൽ കാറ്റും കരിയിലയും
ഇണ ചേരുന്നതിനെ,
വേരുകൾ തേടിയുള്ള പാമ്പിറക്കങ്ങളെ
കാത്തിരിപ്പിന്റെ ഒറ്റ മുഷിപ്പൻ നിഴലനക്കങ്ങളെ
നീയെന്നു കരുതി
ആസിഡ് വീണ പോലുള്ള
മോന്ത,
രക്തം കട്ടച്ച കണ്ണ്,
ജട കെട്ടിയ മുടി,
എന്നിവയിൽ ഒരു ഭയം കാത്തുനിന്നു
കരയുമ്പോൾ മുഖം മുഴുവൻ
പങ്കുചേരുന്നതാണ്
വിയർപ്പെന്ന്
പഠിക്കപ്പെട്ടു,
ഒറ്റമുറി,
ഭയങ്ങൾ,
വീടാകുന്നതെങ്ങനെന്ന്,
നിന്റെ,
ഉറപ്പില്ലാത്ത,
വരവിൽ,
തിരിച്ചറിഞ്ഞു
തട്ടു കേൾക്കുന്നു
ഒത്ത പകലിലും
നീ
ഉണ്ടായിരുന്നുവെന്ന് ഓർക്കുമ്പോൾ.


സൗന്ദര്യ സങ്കല്പത്തിന്
ഒരു പുതിയ
മുഖവുമായി...
DRISYA
ദൃശ്യ
HERBAL BEAUTY CLINIC
( SHAHNAZ HERBAL )
KURAVILANGAD
Ph: 9605094899, 8281739962
OUR SPECIALITIES



# ലൈബ്രറിയിലെ അവർ!

കോളേജ്
ലൈബ്രറിയിലെ നാലാമത്തെ
ഷെൽഫിൽ വെച്ച് അവർ
ആരും കാണാതെ സംസാരിച്ചിരുന്നു.

ചിതലരിച്ച പുസ്തകത്താളുകളെ
സാക്ഷിയാക്കി ഹൃദയം കൈമാറി
സ്നേഹം പങ്കുവെച്ചിരുന്നു.

വിദ്യാർത്ഥിക്കൂട്ടങ്ങളുടെ
തമാശയും, സ്വപ്നങ്ങളും
വർത്തമാനത്തിന്റെ ആഴവും
അവർ അളന്നു പോന്നു.

ചില പ്രാക്കുകൾ
സംഭവിക്കണമേ
എന്നു കേട്ടവർ
ആശിച്ചിരുന്നു.

എഴുത്തച്ഛൻ മുതൽ
ബെന്യാമിൻ വരെയുള്ള
ചിലർ ആരെയോ
പ്രതീക്ഷിക്കുന്ന
ഹൃദയസ്പന്ദന രാഗങ്ങൾ
അവർ നിത്യം കേട്ടിരുന്നു.

ഒടുവിൽ ഹൃദയം
കൈമാറി കൈമാറി
ഒരു പുസ്തകത്താളിൽ
അവർ അവരുടെ
വിവാഹം ഒരുക്കി.

പക്ഷെ ഇന്നലെ
ആരോ തളിച്ച
വിഷപ്പുകയുടെ
ചുംബനം കൊണ്ട്
അവർ അവിടെ തന്നെ
അന്തിയുറങ്ങി.

ഇന്ന്
ആ പുസ്തക
താളുകൾ വിടർത്തി
ഞാൻ താഴേയ്ക്ക്
കുടഞ്ഞിട്ടവരെ
പാവം രണ്ട്
'പാറ്റകളെ....'




വിഷ്ണുദാസ് വി. എൽ.
ഒന്നാം വർഷ സാമ്പത്തികശാസ്ത്രം

# തൊഴിലുറപ്പ്



നട്ടപ്പിരാന്തുണ്ടോ നട്ടുച്ചനേരത്ത്
വെട്ടിത്തിളയ്ക്കുന്ന ടാറിന്റെയോരത്ത്
ചപ്പുചവറുകൾ കൊത്തിയെടുത്തിട്ട്
ചെത്തം വരുത്തുവാനെന്തെടീ ഓമനേ

കൂരയിൽ വേവുന്നു നാലുവയറുകൾ
ആലയിൽ വേവുന്നിരുമ്പു കണക്കവെ
ആരാനുമുണ്ടോ സഹായിക്കുവാനെന്നു
പാരാ തുഴഞ്ഞെന്റെ കണ്ണുകളെങ്കിലും
വേഗം തിരിച്ചറിഞ്ഞല്ലോ ഫിലോമിനേ
വേറാരുമില്ലെനിക്കെന്നുള്ള സത്യവും

പിന്നെപ്പിരാന്തെന്നു ചിന്തിച്ചിടാതെന്റെ
പിഞ്ഞിയ നൈറ്റിയൊരെണ്ണമെടുത്തിട്ടു
വന്നെത്തിയല്ലോ തൊഴിൽക്കൂട്ടമൊന്നിതിൽ
ഇല്ലായ്മ കൂട്ടിപ്പിടിപ്പിച്ച കൂട്ടിതിൽ

കെട്ടിയോൻ ചത്ത നബീസ തലേന്നത്തെ
ചെറ്റപൊക്കിന്റെ ചരിത്രം പറയുന്നു
നേഴ്സിങ്ങിനു പോയ പെണ്ണിനെടുത്ത ലോൺ
തീരാക്കടമെന്നു മറിയാമ്മ പ്രാകുന്നു

ദേഹം തളർന്നു കിടക്കുന്ന തള്ളേടെ
നാവു തളർന്നെങ്കിൽ നന്നായിരുന്നെന്നു
തന്നോടുതന്നെ പറഞ്ഞുകൊണ്ടമ്മിണി
മണ്ണും ചുമന്നു നടന്നുനീങ്ങീടുന്നു

കള്ളിൽ പുളിപ്പിച്ച വേദവാക്യം കേട്ടു
കർണ്ണം പുകഞ്ഞെന്നു സാറാമ്മ തേങ്ങവേ
കള്ളില്ലയെങ്കിലും കാര്യം കണക്കെ-
ന്നുറക്കെച്ചിരിച്ചുകൊണ്ടാമിന ചൊല്ലുന്നു

രാഷ്ട്രീയമില്ലാ, മതമില്ല ജാതിയും
മേലാളരില്ലാ നീയില്ല ഞാനില്ല
വിശപ്പെന്നൊരേ മതം അന്നമതിൽ ദൈവം
ഹാ എത്ര സുന്ദരം! ഈ നവ്യപദ്ധതി.

**മിനി സെബാസ്റ്റ്യൻ**
അസ്സി. പ്രൊഫസർ, മലയാളം വിഭാഗം



## Just For You...

What is happening
to the love we share?
Please don't say that
you no longer care.
The tears are still falling
From my eyes
I shed endless tears
just for you
You have broken my heart
and left me feeling blue.
when you left
I felt a part of me die
Why did you have
to say good-bye?
I never wanted
to let you go.
You are the center of my life
and also my heart.
You are also the person
who has torn my life apart
If you look into my eyes,
love is what you will see.
You are my first True Love.

**Sarath Jayasankar**
II DC Bcom

## My Friends...



My friends, you are my asset
You surround me and protect,
When I am in danger
You enlight me, when I
find myself ignorant and weak
You pinch and tease me,
to remind me my mistakes
You cut me with a dagger,
and then tends me saying
"remember life is not so easy"
You are gentle and caring,
You are frank and caring,
You are funny and teasing,
You are serious and guiding,
You reminds me life is
a mixture of joy and pain.

Fredie George
III DC English

## It's Up to You...

One song can spark a moment
One flower can wake the dream
One tree can start a forest,
one bird can herald spring
one smile begins a friendship,
one handclasp lift a soul
one star can guide a ship at sea,
one word can frame the goal
one vote can change a nation
One sunbeam lights a room
one candle wipes out darkness,
one laugh will conquer gloom
one step must start each journey,
one word must start each prayer
one hope will raise our sprits,
one touch can show your care
one voice can speak with wisdom
one heart can know what's true,
one life can make the difference,
You see, it's up to you!

**Vineetha P.M.**
II DC English

# SBT

## STATE BANK OF TRAVANCORE

**KOZHA BRANCH, KURAVILANGAD**
Ph: 04822 230583, Fax: 04822 230206
IFSC: SBTR0000521
MICR: 686009404
www.statebankoftravancore.com

# MATHA

## DIAGNOSTICS CENTRE

(Fully Computerised Clinical Lab)
Muttappally Complex, Central Junction
**KURAVILANGAD**
**Ph : 9495665147 (O), 04822-232366**
**9447067081** (Manager)

Testing for:
Haematlogy, Pathology, Serology
Microbiology, Biochemistery
Hormon Tests & ECG



# അനിലാ

## ഷൂസ് & ബാഗ്സ്

സെൻട്രൽ ജംഗ്ഷൻ
എസ്.ബി.റ്റി. ക്ക് എതിർവശം
**കുറവിലങ്ങാട്**
ഫോൺ : 9895150745



....Churida
......Sare
....Ku
......Ladies & Kids we
with Tailor

# AMULYA
## FASHIONS

Opp. TTI, M.C. Road, Ettumanoor, Ph: 0481 2534533

# സ്ത്രീ ശാക്തീകരണവും വിദ്യാഭ്യാസവും

പ്രിയംവദ ബി.
രണ്ടാം വർഷ ഗണിതശാസ്ത്രം



**ഓ**ക്സ്ഫോർഡും കേംബ്രിഡ്ജും കന്നുകാലികൾ മേഞ്ഞുനടന്ന പുൽമൈതാനങ്ങളായിരുന്ന കാലത്ത് ഭാരതം ജ്ഞാനദീപ്തങ്ങളായ സർവ്വകലാശാലകളാൽ വിശ്വപ്രസിദ്ധയായിരുന്നു എന്നൊരു ചൊല്ലുണ്ട്. പക്ഷെ നളന്ദയിലും തക്ഷശിലയിലും കാഞ്ചിയിലും വിക്രമശിലയിലും പഠിച്ചിറങ്ങിയ ഒരു സ്ത്രീയെയും നാം ചരിത്രത്തിലെങ്ങും കണ്ടിട്ടില്ല. കാരണം മറ്റൊന്നുമല്ല. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുസ്മൃതിയിൽ അധിഷ്ഠിതമായിരുന്നു ഭാരതീയ സാമൂഹ്യ വ്യവസ്ഥിതി.

ഇവിടെ സ്ത്രീകൾ പുരുഷന്റെ നിഴലുകളാകാൻ വിധിക്കപ്പെട്ട പാഴ്ജന്മങ്ങൾ മാത്രമായിരുന്നു. ഭർത്താവിന്റെ ചൂതുകളി ഭ്രമത്താൽ എല്ലാം ത്യജിച്ച് കാനനവാസത്തിനിറങ്ങിയ രണ്ടു പാവം 'പെണ്ണുങ്ങളെ' നമുക്കറിയാം. ദ്രൗപതിയും ദമയന്തിയും. ഇതിൽ ദമയന്തിയുടെ വസ്ത്രത്തിൽ പാതി കീറിയെടുത്ത് കാട്ടിൽ അവളെ ഉപേക്ഷിക്കുകയും ചെയ്യുന്നു നളൻ. പരിത്യക്തയായി ദുരിത കാനനങ്ങളിൽ അലയുന്ന എത്രയെത്ര ആധുനിക ദമയന്തിമാരെ നമുക്കു കാണാനാകുന്നു.

ദ്രൗപതിയും ഇതിന് മറ്റൊരുദാഹരണമാണ്. പുരുഷമേധാവിത്വത്തിന്റെ ഇരയാകുന്ന അപമാനിതയായ സ്ത്രീ ജന്മം. ഇവർ മാത്രമല്ല ശകുന്തളയും സീതയും പരിത്യക്ത വനിതകളുടെ കണ്ണുനീർത്തുള്ളികളുടെ നനവുമായി നമ്മുടെ ഓർമകളിലുണ്ട്.

ഇതിഹാസം ചരിത്രത്തിനു വഴി മാറി. കാലം ആധുനികവും ആധുനികോത്തരവുമായി ആഗോള ഗ്രാമമായിക്കഴിഞ്ഞു. എങ്കിലും സ്ത്രീ ജന്മങ്ങൾ പഴയ മനുസ്മൃതിയുടെ നിയമബന്ധനങ്ങളിൽ പരോക്ഷമായി ഇന്നും കുരുങ്ങിക്കിടക്കുന്നു. എങ്ങനെയാണ് സ്ത്രീ മോചിതയാകുന്നത്?

വിദ്യാഭ്യാസമെന്ന ആയുധത്താൽ മാത്രമേ അവർക്ക് തന്നെ ബന്ധിച്ച വലക്കണ്ണുകളെ അറുത്തെറിയാനാവുകയുള്ളൂ. ഭാരതം സ്വതന്ത്രമായ കാലത്ത് ഭാരതത്തിലെ സ്ത്രീകളിൽ വെറും എട്ടു ശതമാനത്തിനു മാത്രമേ എഴുത്തും വായനയും അറിയാമായിരുന്നുള്ളൂ. എന്നാലിന്നിത് 66 ശതമാനത്തിലേറെ ആയിരിക്കുന്നു. പക്ഷെ ഈ വർദ്ധനവ് ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രകടമല്ല. കേരളം പോലെ അപൂർവ്വം സംസ്ഥാനങ്ങളിൽ മാത്രമാണ് പെൺകുട്ടികൾ കലാലയങ്ങളിൽ എത്തുന്നത്. മറ്റു പലയിടത്തും പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അവർ കുടുംബജീവിതം എന്ന ജീവപര്യന്തത്തടവിന് വിധിക്കപ്പെടുന്നു.

പെൺകുട്ടികളെ ക്രൂരമായി കൊന്നു കളയുന്ന നരാധമന്മാരുടെ നാടായി ഭാരതം മാറിയിരിക്കുന്നു. ശൈശവത്തിൽത്തന്നെ കള്ളിപ്പാൽ കൊടുത്ത് പിഞ്ചുകുട്ടികളെ കൊല്ലുന്ന രീതി തമിഴ്നാട്ടിലെ ചില ഭാഗങ്ങളിൽ ഇന്നുമുണ്ട്. നിയമം മൂലം നിരോധിച്ചാലും, അമ്മത്തൊട്ടിലുകൾ മൂലം പുനരധിവാസം നടത്തിയാലും ഈ ദുരാചാരം നിർബാധം തുടരുന്നു. പെൺകുട്ടികൾ വളർന്നു വന്നാൽ ഭാവിയിൽ തങ്ങൾക്കു ഭാരമാണ് എന്നവർ കരുതുന്നു.

സ്ത്രീ ശാക്തീകരണം വെറും വാക്കുകളിൽ മാത്രം ഒതുങ്ങുന്ന കാലമാണിത്. ജനാധിപത്യത്തിൽ സ്ത്രീകൾക്കു സംവരണം ഏർപ്പെടുത്തുന്നു. പക്ഷെ പുരുഷന്മാരുടെ 'പിൻസീറ്റ് ഡ്രൈവിംഗാണ്' പലയിടത്തും നടക്കുന്നത് എന്നത് എല്ലാവർക്കും അറിവുള്ള വസ്തുതയാണ്.

അറിവാണ് ധനം. അറിവാണ് ആയുധം. അത് നേടുമ്പോൾ മാത്രമേ ജീവിതമെന്ന മഹായാത്രയിൽ നാം ചെന്നുപെടുന്ന ദുരിതകാനനങ്ങളിൽ സുരക്ഷിതരായി നമുക്ക് യാത്ര ചെയ്യാനാവുകയുള്ളൂ. പഠനകാലം വെറും മായികപ്രഭകളുടെ പിന്നാലെ പായുവാനുള്ളതല്ല എന്നും മറിച്ച് അത് അഗ്നിയിലുരുക്കി സ്ഫുടം ചെയ്ത സ്വർണ്ണത്തെപ്പോലെ ഭാവിയിൽ പ്രശോഭിക്കാനുള്ള പരീക്ഷണശാലയാണെന്നും സ്വയം തിരിച്ചറിയുക.

മഹാനായ അലക്സാണ്ടറോട് ഗുരുവായ അരിസ്റ്റോട്ടിൽ പറഞ്ഞ വാക്കുകൾ ഓർമിക്കുക. 'നിന്റെ വിദ്യാഭ്യാസകാലത്ത് നീ അടിമയായി ജീവിച്ചാൽ ശിഷ്ടകാലം നീ യജമാനനായി ജീവിക്കും. മറിച്ചാണെങ്കിൽ ശിഷ്ടകാലം നീ അടിമയായിരിക്കും'.

അതെ! വിദ്യാഭ്യാസകാലത്ത് കലാലയങ്ങളുടെ കാർക്കശ്യത്തെ മാധുര്യമാക്കി മുന്നേറിയാൽ ഭാവിയിൽ രുചിക്കേണ്ട കയ്പുകൾക്കും വേദനകൾക്കുമുള്ള ഒരു മുൻ ഔഷധമായി അതു നമ്മെ കാത്തു രക്ഷിക്കും. പിന്നീടൊരിക്കലും ഈ ജീവിതയാത്രയിൽ വിളക്കും പാഥേയവുമില്ലാതെ ദണ്ഡകാരണ്യത്തിലും കാമ്യകത്തിലും നമുക്ക് അലയേണ്ടി വരില്ല. പാഞ്ചാലിമാരും ദമയന്തിമാരും സീതമാരുമായി.

പരിത്യക്തമാരായ ഭാരതസ്ത്രീകൾ പഴങ്കഥയാകട്ടെ... അറിവിന്റെ വിളക്കുമേന്തി, ജ്ഞാനത്തിന്റെ ആയുധവുമേന്തി അവർ ഭാരതത്തിന്റെ ഭാവികാലത്തെ നയിക്കട്ടെ....


















ചരിത്രത്തിലേക്കൊരു
ക്ലൈമാക്സ്




















കാലം ഇനിയും ഉരുളും...
വിഷുവരും... വർഷം വരും... തിരുവോണം വരും...
പിന്നെ ഓരോ തളിരിലും പൂവരും...കായ് വരും...
അപ്പോൾ ആരെന്നും എന്തെന്നും ആർക്കറിയാം...!

DEVAS GROUP



# ദേവാസ്

## ഐ ക്ലിനിക്ക് & ഒപ്റ്റിക്കൽസ്

പള്ളിക്കവല, കുറവിലങ്ങാട്

Mob: 9447322127, 9497667953

**ഞങ്ങളുടെ പ്രത്യേകതകൾ**

- കമ്പ്യൂട്ടറിൽ സൗജന്യ നേത്രപരിശോധന
- പരിശോധനയ്ക്കായ് മുഴുവൻ സമയവും ഒപ്ടോമെട്രിസ്റ്റിന്റെ സേവനം
- ഇന്ത്യൻ നിർമ്മിതവും വിദേശനിർമ്മിതവുമായ ഫ്രെയിമുകളുടെ വിപുലമായ ശേഖരം
- കുട്ടികൾക്കായി പ്രത്യേക കളക്ഷൻസ്.

സൺ ഗ്ലാസ്, പോളറൈസ്ഡ് കണ്ണടകൾ, Crizal, HOYA തുടങ്ങിയ പ്രമുഖ കമ്പനികളുടെ ലെൻസുകൾ

Johnson & Johnson, Bausch & Lomb, FRESHLOOK തുടങ്ങിയകമ്പനികളുടെ കോൺടാക്ട് ലെൻസുകൾ എന്നിവ മിതമായ വിലയ്ക്ക് ലഭ്യമാണ്.

**മികച്ച വിൽപനാനന്തര സേവനം**

**BRANCHES**

ALUNKAL OPTICALS MCH, KOTTAYAM

Hi TECH OPTICALS PERUVA







# വേർപാടിനോട്

ഒഴുകുന്ന പുഴയായി നാം
പിരിയുന്നു പനിനീർപൂവെ
പാതിയടഞ്ഞ മിഴിയുടെ
നനുനീർത്തുള്ളികൾ വീണൊരാ
കവിതയിൽ കാലമിട്ടൊരാ
കൈയ്യൊപ്പുമായി നാം അകലുന്നു.
യാത്രയുടെയന്ത്യം ഒരു
തീജ്വാലയുടെ അവരോഹണം മാത്രം
അപ്പോഴും ആരുമറിയാത്ത
ഗഗനവീഥിയിൽ പരസ്പരം
നാം മുകിലും മഴയും
കഥ പറഞ്ഞു തഴമ്പിച്ച
മണ്ണിന്റെ മാറിൽ
മൗനം കൊണ്ട് ചുംബിച്ച
ഒടുവിലത്തെ ചിത്രമായി
നമ്മുടെ പ്രണയം അവശേഷിക്കും.
അതിനാൽ യാത്രാമൊഴിയില്ല
ബാക്കിയുള്ളത്
ഒരു പുനർജന്മത്തിന്റെ
പ്രാർത്ഥന മാത്രം...

**അർച്ചന സജീവ്**
രണ്ടാം വർഷ സാമ്പത്തികശാസ്ത്രം

# നിന്റെ പ്രണയം

നിന്റെ പ്രണയത്തിന്
തുമ്പപ്പൂവിന്റെ നിറമാണ്
എന്റെ പ്രണയവീഥിയിൽ
നീ എന്നും....
പ്രണയപൂക്കളുമായി
കാത്തു നിന്നിരുന്നു...
നാൽക്കവലയിൽ
ദിശ അറിയാതെ നിൽക്കുമ്പോൾ
നിന്റെ പ്രണയം
എന്നും വഴികാട്ടിയായിരുന്നു...
എന്റെ ജീവിതസാന്ത്വനം
നിന്റെ പ്രണയത്തിലൂടെയാണ്.
ഓർമ്മകളുടെ
താഴ്വരയിലേക്ക്
നീ എന്നാണ് മടങ്ങി വരിക..?
ജീവിതം സന്ധ്യയോട് അടുക്കുന്നു
എന്നിട്ടും നീയെന്ന
വസന്തത്തിനായ് ഞാൻ കാത്തിരിക്കുന്നു...
ഒരു നീണ്ട യാത്രയ്ക്കായ്...

**രൂപേഷ് മൈക്കിൾ**
രണ്ടാം വർഷ രസതന്ത്രം

# സ്വപ്നമേഖലങ്ങൾ

ഇനിയും നിന്റെ മിഴികൾക്കെന്തോ പറയുവാനുണ്ട്...
ഇന്നോളം പറഞ്ഞ കഥകളൊന്നൊന്നായി
നമുക്ക് വീണ്ടുമാവർത്തിക്കാം...

ഇടനാഴിയിൽ നിൻ കൊലുസ്സിൻ കിലുക്കം...
തുളുമ്പും നേരം മനമെന്നും തുടിക്കും
നിനക്കൊപ്പമെത്താൻ നിന്നോട് ചേരാൻ...
നിറമുള്ള ഓർമ്മകൾ കൊണ്ടൊരുക്കാം
മഴവിൽ പൂക്കളം...

വാകമരത്തിൻ ചോട്ടിലായി,
കാത്തുവെച്ച പ്രണയത്തെ
നാളെയുടെ സ്വപ്നങ്ങളോടൊപ്പം ചേർത്തു ഞാൻ...
ഇനിവരും പുലരികളിലൊന്നു നമ്മുടേതാകാം സഖി...



**ജോഷി കുര്യാക്കോസ്**
രണ്ടാം വർഷ കൊമേഴ്സ്


# മൗനം....

'അതൊരു വിങ്ങലാണ്
ആർപ്പുവിളിയാണ്
പൊട്ടിക്കരച്ചിലാണ്
ചില കറ പുരണ്ട നിമിഷങ്ങളിൽ
നിശബ്ദതയുടെ
കൂരിരുട്ടിൽ
വികാരങ്ങളുടെ
ഊർച്ചവാളാൽ
വെട്ടി നുറുക്കുന്ന
ഹൃദയത്തിൽ
നിന്നും
അണപൊട്ടിയൊഴുകുന്ന
ചുടു രക്തമാണ്.
മൗനം......'





**ശ്രീലക്ഷ്മി ജി.**
രണ്ടാം വർഷ സാമ്പത്തികശാസ്ത്രം


DEVAMATHA
HARDWARES & SANITARY HOUSE
KURAVILANGAD
Ph : 04822-230405
Mob: 9744178401
Authorised Dealer:
TEXMO, KIRLOSKER PUMPSETS
Dealers of RAMCO CEMENT


BB
Best Bakers
9446056666
Best Bakers
സെൻട്രൽ ജംഗ്ഷൻ
കുറവിലങ്ങാട്
ഫോൺ: 9446056666


പാസ്പോർട്ട് ഫോട്ടോകൾ 5 മിനിറ്റിനുള്ളിൽ
അക്ഷയ
ഡിജിറ്റൽ സ്റ്റുഡിയോ A/C
പൂതംകുഴയ്ക്കൽ ഷോപ്പിങ് കോംപ്ലക്സ്
പ്രൈവറ്റ് ബസ്റ്റാൻഡ് കുറവിലങ്ങാട്
Ph: 04822 230896,
Mob: 9447303844
akshayamohan6@gmail.com
ആഘോഷവേളകൾ ഏതുമാകട്ടെ പുത്തൻ ഡിജിറ്റൽ സാങ്കേതിക വിദ്യകളോടെ
വീഡിയോഗ്രാഫിയും, ഫോട്ടോഗ്രാഫിയും ചെയ്തുകൊടുക്കുന്നു


മുട്ടപ്പിള്ളിൽ
മരിയൻ
ഫേബ്രിക്സ്
ടെക്സ്റ്റയിൽസ് & റെഡിമെയ്ഡ്സ്
പ്രൈവറ്റ് ബസ് സ്റ്റാന്റ്, കുറവിലങ്ങാട്
Ph: 8281887766
www.thunikkada.com

# ASSOCIATION REPORTS

## മലയാളം അസോസ്സിയേഷൻ

ജൂലൈ 30-ാം തീയതി സാഹിത്യകാരനും അധ്യാപകനുമായ ഡോ. ബി.വി. ശശികുമാർ 2013-2014 അധ്യയന വർഷത്തിലെ അസോസ്സിയേഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വകുപ്പുമേധാവി ഡോ. ഫിലിപ്പ് ജോൺ അദ്ധ്യക്ഷത വഹിച്ചു. സാഹിത്യനിരൂപണങ്ങളെക്കുറിച്ച് നടത്തിയ നാഷണൽ സെമിനാറിൽ അസ്സോസിയേഷൻ സജീവമായി പങ്കെടുക്കുകയും പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഡോ. ഹരികുമാറിന്റെ ചങ്ങമ്പുഴ അനുസ്മരണക്ലാസ് ഏറെ ശ്രദ്ധേയമായിരുന്നു.

അധ്യാപകദിനവും ഓണാഘോഷവും വിപുലമായ രീതിയിൽ ആഘോഷിച്ചു. അതിനോടനുബന്ധിച്ച് ഓണം 2013 എന്ന പേരിൽ ഒരു ചുമർ പത്രിക പതിപ്പിക്കാനും സാധിച്ചു. 'സമന്വയം' എന്ന ചുവർപത്രിക മനോഹരമായി തയ്യാറാക്കാനും അസോസ്സിയേഷന് കഴിഞ്ഞു. സുവർണ്ണജൂബിലിയോടനുബന്ധിച്ച് നടന്ന റാലിയിലും മറ്റ് കലാ സാംസ്കാരിക പരിപാടികളിലും സ്പോർട്സ് ഡേ, ആർട്സ് ഡേ, കോളേജ് ഡേ, നൂൺ പ്രോഗ്രാം തുടങ്ങിയവയിലെല്ലാം സജീവമായി പങ്കെടുക്കുവാൻ കഴിഞ്ഞു. നാളിതുവരെയുള്ള ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും താങ്ങും തണലുമായി നിന്ന എല്ലാ അധ്യാപകരെയും ഈ നിമിഷം നന്ദിയോടെ ഓർക്കുന്നു.

## ENGLISH ASSOCIATION

English Association had a very eventful and fruitful time during the academic year 2013-14. The association activities were formally inaugurated on 26th Sept. 2013 by Dr. Meena T. Pillai, Director, centre for cultural studies, TVM. The intercollegiate dissertation Kat Vastr was successfully conducted on 10th Oct 2013. As many as nine teams participated in the competition. Dr. Susan Viswanathan, Professor in English, JNU, New Delhi made an invited lecture on gender studies on 26th Nov. 2013. A spectacular noon programme was displayed by the Association on 14th February 2014. The English department organized a national seminar 'Eco-Aesthetic Blend: Oral and written representations and resistance on 25th and 26th February 2014. The annual Lit Quiz was successfully conducted on 7th March 2014. The Annual day of English Association was celebrated on 20th March 2014.The valedictory gathering was convened under the presidentship of Dr.Joy Jacob, the principal. Dr.V.C.Harris, professor, School of Letters M.G. university performed the play 'Krapp's Last Tape' by Samuel Becket after the valedictory gathering.

## MATHEMATICS ASSOCIATION

The activities of Mathematics Association for the year 2013-14 started with the Onam celebration held in the month of September 2013. In accordance with Christmas grand programmes were arranged in the college and our department had an effective participation in that. The formal inauguration of the association was on 9th January 2014 which was done by Dr. Sunny Kuriakose Principal BPC College, Piravom. The inaugural session was followed by a seminar on 'Applications Mathematics in Real Life'. In the after noon session we organized the Intercollegiate Maths Quiz. About 15th teams participated in this quiz programme. Activities of Mathematics Association came to an end with the sendoff given to Mrs Lisy John. Before winding up we would like to thank God almighty for all his blessings.

## PHYSICS ASSOCIATION


The first event organized by the department was the Merit day on July 4th 2013 to honour the toppers and achievers of the department. Ms. Sreelakshmi Chandrabose who secured A+ and top 2nd position in CBCSS, BSc degree exam of MG university and Mr. Arjun Babu, who cleared entrance test of CUSAT was awarded cash prize by the department. The formal inauguration of Physics association was done on August 16th 2013 by Prof. P.J. John, former Head of our department. The same day a talk by Dr. K.S. Sibi was organized to motivate students to pursue research in Physics. Onam celebration was held under the auspicious of the department on Sept. 13th. Department become the venue to the grand alumni meet held on 14/12/'13 in which members of retired faculty as well as old students participated whole heartedly. A talk by Dr. VPN Nampoori, emeritus professor, CUSAT was organized on 10th January 2014 for the PG and final year students. A seminar competition was held and cash prizes were sponsored by the department as a part of Science day celebrations on February 28th 2014. On the same day we also released the department magazine 'Focus 2014'. On 11th March 2014 we come to the formal winding up of 2013-'14 Physics association activities.

## CHEMISTRY ASSOCIATION

The activities of the 23rd chemistry association were inaugurated by Dr. Harisharma P.N, Asso. Professor, Sreeshankara Vidyapeedu, Perumbavoor on 27th October 2013. The inaugural meeting was followed by a seminar on the topic "Food Preservatives and Pesticides in Agriculture". Noon programme, Onam celebration and Christmas celebration were conducted by the department in a grand manner. A two day national seminar on "Envionmental conversation and sustainable living" was conducted on 11th & 12th September 2013. An intercollegiate 'ChemiQuiz' was conducted on 7th February 2014. M.A College Kothamangalam won the Devamatha Ever rolling Trophy, and Baselios College Kottayam, was the first runner up. The department bid farewell to our most beloved teachers Prof. T.K. Thoms and Thomas and Prof. Prasad Paul who retired in this academic year. Before winding up we bow our head before God almighty for all the blessings showered upon us.

## BOTANY ASSOCIATION

The inauguration of our department was conducted on 29 November 2013. The function was presided by Prof. Anice Kurian the Head of the department. The inauguration was done by Prof. V.T. Antony, Head of the department of Botany, SB College Changanassery. He took a seminar on the topic, 'Biodiversity-Conservation'. Onam and christmas were celebrated with great pomp and show on Sept. 13rd and December 20th respectively. Noon programme was conducted on 8th Jan. 2014. Fruits Day was conducted on 5th March 2014. A fruit display was conducted in the open auditorium. The programme grabbed attention from different departments and hence became a success. An Intercollegiate quiz competition was conducted on 21st February. CMS college kottayam bagged the trophy.


SONY
Photography & Videography
Pala Road, Opp. District Bank
Kuruppanthara Kavala
E-mail: sonydigitalfotos@gmail.com
Passport size photo
within minute
Contact: Sabu Paliyil
9447415103, 7034120010


Karikkineth Silk Villagio
Silks beyond compare
CRADLE OF WORLD CLASS FASHION
SHOWROOM HIGHLIGHTS
കേരളത്തിലെ ഏറ്റവും വിശാലമായ ചുരിദാർ മെറ്റീരിയൽസ് & ഷർട്ടിംഗ് - സ്യൂട്ടിംഗ് വിഭാഗങ്ങൾ
8000 sq. ft. ൽ ഡിസൈനിലും പാറ്റേണിലും നിറങ്ങളിലും പുതുമകൾ നിറഞ്ഞ ചുരിദാർ മെറ്റീരിയലുകൾക്കായി മാത്രം അതിവിശാലമായ വിഭാഗവുമായി ഡിസൈനേഴ്സ് ക്ലബ്ബ്
5000 sq. ft. ൽ ഷർട്ടിംഗ് - സ്യൂട്ടിംഗുകളുടെ ഏറ്റവും പുതുമയാർന്ന വെറൈറ്റികളുമായി വിപുലവും വിശാലവുമായ പ്രത്യേക വിഭാഗം തുറന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു
അന്താരാഷ്ട്ര ബ്രാൻഡുകളായ ലൂയിഫിലിപ്, വാൻഹ്യൂസൺ, അലൻസോളി, എന്നിവയുടെ വെറൈറ്റികൾ അണിനിരത്തിക്കൊണ്ടുള്ള മധുര ഗാർമെന്റ്സിന്റെ കേരളത്തിലെ ആദ്യ പ്രിസ്റ്റീജിയം കോണർ.
110 - ൽപരം അന്താരാഷ്ട്ര ബ്രാൻഡുകളുടെ ട്രെൻഡ് സെറ്റർ ഫാഷൻ വെയർ കളക്ഷൻ
വെഡ്ഡിംഗ് ലാച്ചകളുടെ ഏറ്റവും മികച്ച കളക്ഷൻ
Open on all Sundays
C M S College Jn., Kottayam, Tel: 0481-2580003 / 3211200
For online shopping : www.silkvillagio.com /silkvillagio

## ZOOLOGY ASSOCIATION

This year is a remarkable year for department of Zoology. A felicitation ceremony was arranged on 26th July 2013 by the Association to congratulate Aparna S. who was the university topper in CBCSS examination 2012-13. Association activities were inaugurated on 29th August by prof. V.J. Mathew (former Head of the Department) Dr. joy Jacob, Principal presided over the function. We celebrated Onam on September 13 with all its traditional beauty. On 2nd December a seminar on Amphibian biodiversity in Western ghats was conducted. Sandeep Das, Research fellow, KFRI Peechi was the Resource person. On December 14th an Alumni meet was conducted on Jan. 4th 2014. Department got the opportunity to present the Noon programme in the open auditorium. A study tour to Munnar and Kodaikanal for III DC was conducted from feb. 3rd to 6th. Thelliyil scholarship was introduced by Prof. T.J. John former Head of the Department for meritorious students of economically weaker section. Before concluding we would like to express my gratitude to all for their co-operation.

## COMMERCE ASSOCIATION

**The PG Department of Commerce** conducted a two day National Seminar on Financial Inclusion and Rural development -Challenges and Opportunities on 4th & 5th Feb. 2014. Finishing School was established by the Department in association with Synergen Consultants led by Benson Thomas George for enhancing the employability of the students and for their better career prospects. The VIIth Inter Collegiate Dissertation Presentation Contest was held on 7th Nov. 2013. Departmental magazine named "Illuminates" was published in June 2013 detailing the departmental activities of the previous year.

**The Commerce Associaion** of 2013-2014 was very live and dynamic with a variety of meaningful activities and new initiatives as listed below. A merit day was conducted on 21st June 2013 for congratulating the senior students for their excellent results in university exams. The association inaguration was held on 30th November 2013 along with a brand new intra department fest for the commerce department students, named FINESSE HUNT. Mr. Vijayakumar K.K., Vice president of ING VYSYA and alumni of our department was our Chief Guest. The 11th edition of CASUS BELLI was conducted on saturday, 24th August, 2013. The chief guest was Mr. Mathew Kuruvila, M. D. Chandy's Group of companies. The Onam and Christmas celebration was conducted in a very colourful and joyful manner. With the combined effort of our athlets and support of the members we could retain the overall championship in 2013-14 too. Our noon programme for this academic year was held on 28th February 2014. All together the Commerce Association activities for the year 2013-'14 were commendable and worthy.

## SELF-FINANCING DEPT. OF COMMERCE

Under the guidance and instructions of Fr. Kuriakose kappilliparampil, we were able to form an association. Dr. Bino Joy (Prof. Govt College, Manimalakunnu) inagurated the association on August 19th. Onam and Christmas celebrations were conducted for which there was whole hearted participation from the students. The department is proud to be part of a great lineage and greatfully acknowledge the endeavour of the Management and college Authorities.





















# അമിത രോമവളർച്ചയ്ക്ക് ശാശ്വത പരിഹാരം!!



സിൽജി പൗലോസ്

**അ**മിത രോമവളർച്ച സ്ത്രീകളുടെ ഉറക്കം കെടുത്തുന്നുണ്ടോ....? ആഴ്ചതോറും ബ്യൂട്ടിപാർലറുകളിൽ കയറിയിറങ്ങി മടുത്തെങ്കിൽ അവർക്ക് ഒരു സന്തോഷ വാർത്തയുമായി അമേരിക്കൻ ഇലകട്രോലൈസിസ്. അമിത രോമവളർച്ചയ്ക്ക് ശാശ്വതപരിഹാരമാണ് അമേരിക്കൻ ഇലക്ട്രോലൈസിസ് വാഗ്ദാനം ചെയ്യുന്നത്. കടുത്തുരുത്തി ആസ്ഥാനമായി പ്രവർത്തിക്കുന്ന അമേരിക്കൻ ഇലക്ട്രോലൈസിസ് കോഴിക്കോട്, കോട്ടയം, കൊച്ചി, തൃശ്ശൂർ, തിരുവനന്തപുരം, തൊടുപുഴ, മലപ്പുറം, കൊട്ടാരക്കര, ദുബായ്, അങ്കമാലി, പാലാ, ആലപ്പുഴ എന്നിവിടങ്ങളിലെ വിജയകരമായ പ്രവർത്തനത്തിനുശേഷം കാസർഗോഡ്, കണ്ണൂർ, വടകര, കൊയിലാണ്ടി, കുന്നമംഗലം, കല്പറ്റ, യുഎസ്എ എന്നിവിടങ്ങളിലും ഉടൻ പ്രവർത്തനം ആരംഭിക്കുകയാണ്. യുഎഇയിലെ ആദ്യ ബ്രാഞ്ച് അജ്മനിൽ പ്രവർത്തനം ആരംഭിച്ചു.

അമേരിക്കയിൽനിന്ന് ഇലക്ട്രോലൈസിസിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയശേഷമാണ് ഇതിന്റെ മാനേജിംഗ് ഡയറക്ടറായ സിൽജി പൗലോസ് ക്ലിനിക് ആരംഭിച്ചത്. പാരമ്പര്യമായും ഹോർമോൺ വ്യതിയാനം കൊണ്ടും അമിത രോമവളർച്ച ഉണ്ടാകാം. ചില മരുന്നുകൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള പാർശ്വഫലമായും രോഗങ്ങൾകൊണ്ടും രോമവളർച്ച കൂടാം. എന്താണ് രോമവളർച്ചയുടെ കാരണമെന്ന് കണ്ടെത്തിയശേഷമാണ് ട്രീറ്റ്മെന്റ് തുടങ്ങുക. പ്രമുഖ ഡോക്ടർമാർ പോലും അമേരിക്കൻ ഇലക്ട്രോലൈസിസിലേക്ക് രോഗികളെ റഫർ ചെയ്യുന്നത് തങ്ങളുടെ വിശ്വാസ്യതയ്ക്ക് തെളിവായി ഇവർ ചൂണ്ടിക്കാട്ടുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഉപഭോക്താക്കൾ ക്ലിനിക്കുകളിൽ എത്തുന്നുണ്ട്. അമേരിക്ക ഉൾപ്പെടെയുള്ള മൂന്ന് വിദേശരാജ്യങ്ങളിലെ കോസ്മെറ്റിക് ടെക്നോളജി ഇന്ത്യൻ ചർമ്മത്തിന് ചേരുന്ന വിധത്തിൽ പ്രയോജനപ്പെടുത്തിയെന്നുള്ളതാണ് ഈ സ്ഥാപനത്തിന്റെ വിജയരഹസ്യമെന്ന് മാനേജിംഗ് ഡയറക്ടർ സിൽജി പൗലോസ് പറഞ്ഞു.

രോമനിർമ്മാർജനത്തിന് വാക്സിംഗ്, ത്രെഡിംഗ്, ഷേവിംഗ്, റിമൂവറിന്റെ ഉപയോഗം തുടങ്ങി പല മാർഗ്ഗങ്ങൾ ഉണ്ട്. എന്നാൽ ഇതൊന്നും ശാശ്വതമല്ല. ലേസർ ട്രീറ്റ്മെന്റിനാകട്ടെ പാർശ്വഫലങ്ങൾ ഏറെയാണ്. ഗർഭിണികളിൽ ഇത് ഒരിക്കലും അഭികാമ്യമല്ല. രോമനിർമ്മാർജ്ജനത്തിന് പാർശ്വഫലങ്ങൾ ഇല്ലാത്തതും ശാശ്വതവുമായ ഏക മാർഗ്ഗം ഇലക്ട്രോലൈസിസ് മാത്രമാണ്. സാധാരണ മെഷീനിൽ ഇലക്ട്രോലൈസിസ് ട്രീറ്റ്മെന്റ് ചെയ്താൽ രോമത്തിന് ചുറ്റുമുള്ള കോശങ്ങൾക്ക് തകരാറുകൾ വരുവാനും കറുത്തപാടുകൾ ഉണ്ടാകുവാനും സാധ്യതയുണ്ട്. എന്നാൽ ലോകത്തിലെ ഏറ്റവും നൂതനമായ അമേരിക്കൻ നിർമ്മിത മെഷീനുകളിൽ പ്രത്യേകതരം പ്രോബുകൾ ഉപയോഗിച്ച് പരിചയസമ്പന്നയായ ടെക്നീഷ്യൻ ട്രീറ്റ്മെന്റ് ചെയ്യുമ്പോൾ ത്വക്കിൽ നേരിയ പാടുകൾ പോലും അവശേഷിക്കുകയില്ല. മാത്രമല്ല ടെക്നീഷ്യന്റെ നിർദ്ദേശപ്രകാരം ചികിത്സ പൂർത്തിയാക്കുമ്പോൾ പിന്നീട് ഒരിക്കലും രോമങ്ങൾ വരികയില്ലെന്നുള്ള ഗ്യാരണ്ടിയും ലഭിക്കുന്നു. അടിസ്ഥാനപരമായി പറഞ്ഞാൽ ടെക്നീഷ്യന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്യപ്പെടേണ്ട രോമങ്ങളുടെ അടിവേരുകളിലേക്ക് പ്രോബ്ടിപ്പ് ഉപയോഗിച്ച് നേരിയതരം ആവേഗങ്ങൾ കടത്തിവിട്ട് പിന്നീട് ഒരിക്കലും വളരാത്തവിധം രോമങ്ങളുടെ അടിവേരുകൾ നശിപ്പിക്കുകയാണത്രേ ചെയ്യുന്നത്.

*കൂടുതൽ വിവരങ്ങൾക്ക്*

**Siljy's American Electrolysis™**

Regent Plaza, Baker Jn; **KOTTAYAM**
**PH: 0481 2582888**
**Helpline : 94478 21355**

*Branches:* **H.O. KADUTHURUTHY** - Ph: 04829 282888 | **THODUPUZHA** - Ph: 9544122 888
**KOCHI** - Ph: 0484 6452888 | **KOTTARAKKARA** - Ph: 0474 2160888 | **TRIVANDRUM** - Ph: 0471 6452888
**THRISSUR** - Ph: 0487 6562888 | **MALAPPURAM** - Ph: 0483 6452888 | **CALICUT** Ph: 0495 2762888
**DUBAI** - Ph: 00971501938180. | **ANGAMALI** - Ph: 0484 2134888 | **PALA** - Ph: 04822 217888
**KANNUR** - Ph: 0497 - 6062888 | **ALAPPUZHA** - Ph: 0477 6062888 | **THIRUVALLA** - Ph: 0469 6052888
**KASARAGOD** - Ph: 0499 4652888 | **VADAKARA** - Ph: 0496 6052888 | **KALPETTA** - Ph: 0493 6204888

Opening Shortly @ Palakad, Kunnamangalam, Koyilandy Banglore, Chennai, Boamby & USA

www.americanelectrolysis.com | E-mail: americanelectrolysis@yahoo.com

# Through the Lens....

**My favourite photograph is the one I'm going to take tomorrow...**



Eldhose Rajan



Sonu Xavier



Alphin Chacko (Assi. Prof. Eng.)



Praveen Thomas



Alex John



Sreejith P. S.



Devika M.A



Jestin Thomas





# വിലയ്ക്കു വാങ്ങിയ ബിരുദം

ഇന്നലെ കലാലയം വിട്ടിറങ്ങുമ്പോളെന്റെ
കണ്ണുകൾ, കാതുകൾ, കാലുകൾ നിശ്ചലമായ്...
ഹൃദയമൊരു ബുൾബുൾത്താരയായ്
മൃദുർമ്മികൾക്കകമേ,
അനുരാഗ സ്പന്ദനം വിതുമ്പിപ്പോയ്...

തിരിഞ്ഞു നോക്കുവാൻ വെമ്പും 'മനസ്സി' നെ
അരുതെന്ന് 'ബുദ്ധി' വിലക്കുന്നു...
ജീവിതത്തിന്റെ ശൂന്യമാം ഗോളത്തിൽ,
ഭിക്ഷാംദേഹിയായ് ചുറ്റാനൊരു ബിരുദം എനിക്കേകി,

നീ വിവശയായ്
നിർവികാരയായ് നിൽപ്പൂ
ജ്ഞാനദേവതേ സരസ്വതീ...!

പൊട്ടകിണറ്റിലെ തവളയായ് സ്വപ്നം കണ്ടു
നാലു ഭിത്തിക്കുള്ളിൽ യൗവ്വനം വരച്ചിട്ടു
ഈ കാണുന്നതൊക്കെ തന്നെ
ലോകമെന്നുറപ്പിച്ചു,
വിമർശനങ്ങൾക്കൊക്കെ കൈയ്യും തലയും കാട്ടി....

മാറ്റാൻ ശ്രമിച്ചു....!
മാറി നിൽക്കേണ്ടി വന്നു...
തിരുത്താൻ ശ്രമിച്ചു.... സ്വയം,
തിരുത്തേണ്ടിയും വന്നു...

കാണരുതെന്നാശിച്ച കാഴ്ചകളൊക്കെ കണ്ടു..
കേൾക്കില്ലെന്നുറപ്പിച്ചവയൊക്കെ കേട്ടു...

'അജ്ഞാനികൾ ജ്ഞാനപീഠം കയറുന്നതും
ശുപാർശകൾ സ്ഥാനമാനങ്ങൾ നേടുന്നതും
വർഗീയത വംശവൃക്ഷങ്ങൾ നടുന്നതും
വിതയ്ക്കാത്തോർ വിള കൊയ്തെടുക്കുന്നതും'
കാൺകേ ഉറപ്പിച്ചു........

'അർഹതയ്ക്കൊരിക്കലും
ഇല്ല പോൽ അംഗീകാരം'

പണയപ്പെടുത്തി ഞാൻ ജീവിതം..
പകരം വാങ്ങിപോയ് ബിരുദം പരാജയം....

ദേവിക എം.എ.
രണ്ടാം വർഷ ഇംഗ്ലീഷ്



916
PURITY
HALLMARKED JEWELLERS
BIS
പരിശുദ്ധ സ്വർണ്ണത്തിന്റെ വിസ്മയവുമായി
അമാസ് ഗോൾഡ്
& ഡയമണ്ട്സ്
100% BIS 916
HALLMARKED JEWELLERY
AMASS
GOLD & DIAMONDS
PENATTU TOWERS, M.C. ROAD
KOOTHATTUKULAM
PH: 0485 2250103




IELTS, PROMETRIC,
HAAD, MOH, DHA
SPOKEN ENGLISH
100% Result Oriented Coaching
Study in: CANADA, NEW ZEALAND
VARIOUS COURSES FOR: ENGINEERS,
IT PROFESSIONALS, NURSES, GRADUATES Etc...
TA TEXAS
ACADEMY
Pvt.Ltd (Estd 1990)
KADUTHURUTHY
CONTACT
PH:04829-282367 , 9447367877

# ഈശ്വരൻ സത്യമോ മിഥ്യയോ?



നൈസി മരിയ
ഒന്നാം വർഷ ഭൗതികശാസ്ത്രം

പ്രാചീന മനുഷ്യൻ മുതൽ അത്യന്താധുനികനെന്നു വിശേഷിപ്പിക്കുന്ന ഇന്നത്തെ മനുഷ്യൻ വരെ അവൻ വസിക്കുന്ന പ്രപഞ്ചത്തെയും അവനെയും നിയന്ത്രിക്കുന്ന ശക്തികേന്ദ്രത്തെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്തു വരുന്നു. ആ അദൃശ്യമായ ശക്തികേന്ദ്രത്തെ അവൻ ദൈവമെന്നും ഈശ്വരനെന്നും മറ്റും പേരുകൾ നല്കി ആരാധിക്കുന്നു. വിവിധ തരക്കാരായ മനുഷ്യർ വിഭിന്നങ്ങളായ മതാചാരങ്ങളിലൂടെ ഈശ്വരനെ വണങ്ങുന്നു. ശാസ്ത്രയുഗമെന്നു വിശേഷിപ്പിക്കുന്ന 21-ാം നൂറ്റാണ്ടിലും ഈശ്വരനെക്കുറിച്ചു പറഞ്ഞാൽ അതിനെ ഭോഷത്വമെന്നു മുദ്രയടിക്കുന്നവരാണ് ഭൂരിഭാഗം മനുഷ്യരും.

ആധുനിക മനുഷ്യൻ സാമ്പത്തികമായും ശാസ്ത്രീയമായും പുരോഗമനത്തിന്റെ പടികൾ ചവുട്ടിക്കയറുമ്പോൾ ധാർമ്മിക സംസ്ക്കാരത്തിലും ആദ്ധ്യാത്മികതയിലും അവൻ അധഃപതനത്തിന്റെ അഗാധഗർത്തങ്ങളിലേക്ക് ആണ്ടു പതിക്കുകയാണെന്നു പറഞ്ഞാൽ അതിൽ അല്പം പോലും അതിശയോക്തിക്ക് അവകാശമില്ല. ആധുനിക മനുഷ്യനായാൽ പിന്നെ അവൻ ആദ്ധ്യാത്മിക തയിൽ അശേഷം വിശ്വാസമില്ല. ഈശ്വരൻ, ദൈവം തുടങ്ങിയ പദങ്ങൾ അറുപഴഞ്ചൻ മാത്രം. ധാർമ്മികതയെന്നത് ഒരു കഴിഞ്ഞ അദ്ധ്യായമായി മാറുന്നു. ഇതിന്റെയെല്ലാം ഫലമോ അനീതിയും അക്രമവും തേർവാഴ്ച നടത്തുന്ന ശവപ്പറമ്പിനു തുല്യമായ ആധുനികലോകം. ആത്മാർത്ഥമായി ചിന്തിച്ചാൽ ഈശ്വരവിശ്വാസത്തിന്റെ അഭാവം മാത്രമാണ് മനുഷ്യന്റെ ഈ അധഃപതനത്തിന്റെ മൂലകാരണം.

സാമ്പത്തികമായി വളർന്ന മനുഷ്യൻ, ശാസ്ത്രീയമായി പുരോഗമിച്ച മനുഷ്യൻ, അവന് ഈശ്വരൻ നൽകിയ കഴിവിനെക്കുറിച്ച് ചിന്തിക്കാതെ തന്റെ തനതായ സൃഷ്ടിയാണ് ഇവയെല്ലാം എന്നു മനസ്സിൽ കരുതി അഹങ്കരിക്കുമ്പോൾ അവൻ ഈശ്വരനെയും മതത്തെയും വലിച്ചെറിയുകയായി. അവസാനം സമാധാനം നഷ്ടപ്പെട്ട ഈ മനുഷ്യൻ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും അടിമകളായി സ്വയം മാറിക്കൊണ്ടിരിക്കുന്നു.

താൻ ആത്യന്താധുനികനും ബുദ്ധിയുള്ളവനുമെന്ന് മറ്റുള്ളവരെ മനസ്സിലാക്കാൻ വേണ്ടി ദൈവത്തെ തള്ളിപ്പറഞ്ഞ് സ്വയം നാസ്തികനാകുന്ന വിഢികളായ മനുഷ്യരുമില്ലാതില്ല. ഡാർവിന്റെ പരിണാമസിദ്ധാന്തത്തിനു പോലും ജീവന്റെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന നഗ്നസത്യം ഇവർ വിസ്മരിക്കുന്നു.

ഇവിടെ ആധുനിക മനുഷ്യന്റെ പട്ടിക തീർന്നിട്ടില്ല. യുവത്വത്തിന്റെ ചുറുചുറുക്കിലും ശക്തിയിലും സൗന്ദര്യത്തിലും സ്വന്തം അസ്തിത്വത്തെക്കുറിച്ച് ചിന്തിക്കാതെ ദൈവമെന്ന പദം ഒരു പഴഞ്ചൻ വസ്തുവാക്കി മാറ്റിക്കളയുന്ന ഇന്നത്തെ യുവതലമുറ. ഈശ്വരവിശ്വാസമെന്ന പദം ഒരു യുവാവിന്റെയോ യുവതിയുടെയോ ആധുനിക ചിന്താഗതിക്കു യോജിക്കുന്നതല്ല.

ഒരു യുവാവോ യുവതിയോ ഈശ്വരനെക്കുറിച്ചു പറയുകയോ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്താൽ അവരുടെ സമൂഹത്തിൽ വിലയില്ലാത്തവനാകുന്നു. ദേവാലയങ്ങളും മറ്റും യുവമിഥുനങ്ങളുടെ ആശകൾ കൈമാറുന്നതിനുള്ള വേദികളാക്കി മാറ്റിയെടുക്കുന്നില്ലേ? പ്രാർത്ഥനയും ദൈവാരാധനയും അവരിൽ ലജ്ജയുളവാക്കുന്നു. ഓമർ ഖയ്യാമിന്റെ കൂടെ അവർ പറയും. 'ജീവിതം സുഖിക്കുവാനുള്ളതാണ്. മരിച്ചു പോയ ഇന്നലെകളെയും വരുവാനിരിക്കുന്ന നാളകളെയും ഓർത്ത് വ്യാകുലചിത്തരാകാതെ ഇന്നു തന്നെ സുഖിക്കുവിൻ...'

യഥാർത്ഥത്തിൽ സ്വന്തം സ്വാർത്ഥ താല്പര്യങ്ങൾക്കായി ഈശ്വരനെയും, മതത്തെയും വലിച്ചെറിയുവാൻ ശ്രമിക്കുമ്പോൾ അവിടെ ആ ശക്തി ഒരു മിഥ്യയായി അവശേഷിക്കും. ശാസ്ത്രം എന്തു മാത്രം പുരോഗമിച്ചാലും മനുഷ്യൻ എത്രമാത്രം ഭൗതികമായി ഉയർന്നാലും ഈ പ്രപഞ്ചം മുഴുവൻ നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ട് എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. നമുക്കും ഈ ശക്തിയിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യാം. അതിനെ നമുക്ക് ക്രിസ്തുവെന്നോ കൃഷ്ണനെന്നോ അല്ലാഹുവെന്നോ വിളിക്കണ്ട... 'ദൈവം എന്നുമാത്രം' വിളിക്കാം...

'നല്ലതിനെയൊക്കെ നമുക്ക് ഈശ്വരൻ എന്ന് വിളിക്കാം....'

# नारी जीवन

माँ की ममता आनंद है,
उनके हाथ, उनका आंचल यह
सब जन्नत है, इक बच्चे की।
उसको अपनी माँ से किया जाए अलग,
तब क्या होगा अंजाम?
रो-रोकर दुनियाँ एक करदेंगे,
सबके भेजे पर ताण्डव करेंगे।
उतना चाहते है हम उनको,
अपनी माँको, इक नारी को।

हूँ मैं एक भारतीय, जो अपनी
मिट्ठी को मानते है मैया, और
अपने देश को कहलाते है 'माता' ।
भारतीय की पहचान नारी के सम्मान में थी।
लेकिन अब!! लानत है यह कहकर कि
हूँ मैं एक भारतीय, जहाँ बहन को बहन
माँ को माँ, नारी को इनसान
तक नही समझते।

अखबार, टी.वी., समाज
जहाँ भी देखूँ एक ही बात,
शोषण!!! नारी के ऊपर अत्याचार!!
सुनकर बढ़ते बलात्कार और शोषण,
तंक आ चूके है हम, और डर भी!
एक काला हाथ, कभी पड सकता है, मूझकर भी!
काटना होगा हर पल डर-डरके?!
नारी होने के कारण हर पल होगा मुझे?!
लगा एक पल भी मुझको कि,
हे भगवान, क्यों बनाया तुमने नारी मुझे?
कहीं जा नही सकते, बस, ट्रेन, सडक,
दिन हो या रात, हर घंडी, हर पल,
दो हाथ पीछा करते है जैसे।
हमेशा बेचैनी और घर के साथ जीना होगा मुझे?!
क्या नही है नारी का शाप?
लेकिन नही है, डरने को नही।
तोडना होगा उलझनों को
जिदगी अपने अंदाज़ से जीना है मूझे
क्योंकि यह ज़िदगी मेरी है, सिर्फ मेरी।



Vanisree V.
IDC English



## ഇനിയെന്നും ഓർമ്മയിൽ...

എന്നോ വിടർന്നയീ സൗഹൃദമലരിന്
കൊഴിയുവാനേറെ തിടുക്കമായോ
അകലുന്ന നാളിലും അകതാരിലെന്നുമീ
ആദ്യമായ് കണ്ടയാ നാളു മാത്രം.

വിട ചൊല്ലി അകലുമ്പോൾ മനതാരിലെന്നും
കാലമറച്ചയാ ഓർമ്മകൾ മാത്രം..
ഒരുമിച്ചിരുന്നു നുകർന്നയീ വിദ്യയും
ഒരുമിച്ചു കോർത്ത ഓർമ്മകളും
ഒരുമിച്ചു നെയ്ത സ്വപ്നങ്ങളെന്നും
മയങ്ങുന്നു ഹൃത്തിൻ മടിയിലായി.

ഉണങ്ങിയും പിണങ്ങിയും കഴിഞ്ഞയീ നാളുകൾ
മറക്കില്ല മനസ്സിന്നൊരുനാളിലും
കൊഴിയുമാ ഓരോ ഇതളുകൾ പോലെ
അകലുകയാണീ നിമിഷങ്ങളെന്നും
മറക്കുവാനാകാത്ത ഓർമ്മകളേകി
മറയുന്നു എന്നിൽ നിന്നീ വസന്തം
മറയുന്നു നമ്മിൽ നിന്നീ വസന്തം.

**അഞ്ജു വിജയൻ**
രണ്ടാം വർഷ ഗണിതശാസ്ത്രം

## ഒത്തിരി ഓർമ്മകൾ ഒത്തിരി പ്രതീക്ഷ...



ഒരു നൂലിഴയുടെ പോലും അകലം നമുക്കിടയിൽ
ഉണ്ടാവരുതെന്നു ആശിച്ചവളാണു ഞാൻ
എന്റെ സ്വപ്നങ്ങളിൽ നിന്നു നീ മാഞ്ഞുപോയാൽ
എന്റെ നിദ്രയെ വരെ ഞാൻ ശപിക്കുമായിരുന്നു
എന്നിട്ടും നമ്മുടെ പ്രണയത്തിന്റെ ഗതിമാറി-
ഒഴുകേണ്ടി വന്നത് എവിടെ വച്ചായിരുന്നു?
എനിക്കറിയില്ല,
അറിയാവുന്നതിത്ര മാത്രമാണ്...
ഇന്നും ഞാനാ പ്രണയത്തിന്റെ തണലിലാണ്
എനിക്കറിയാം നമുക്കിടയിലെ അകലം
എന്റെ മനസിൽ നിന്നും ഹൃദയം വരെ
മാത്രമേയുള്ളുവെന്ന്...
എങ്കിലും ചിലപ്പോഴൊക്കെ
നിന്നെ ഞാൻ വെറുക്കാറുണ്ട്...
എന്നെ തന്നെ ശപിക്കാറുണ്ട്
തൊട്ടടുത്ത നിമിഷം സ്വപ്നം കാണാറുണ്ട്
നമ്മുടെ പ്രണയം കൊണ്ട് നാം നേടിയെടുത്ത
ലോകത്തെക്കുറിച്ചോർക്കാറുണ്ട്
എന്നിട്ടും ഈ വിരഹം.. ഒറ്റപ്പെടൽ..
എനിക്ക് ദുസ്സഹമായിത്തീരാറേയില്ല
കാരണം, നമ്മളിപ്പോഴും
പ്രണയിക്കുകയാണെന്ന സത്യം...
അതേ വികാരത്തോടെ,
തീവ്രതയോടെ നമ്മൾ പരസ്പരം
സ്നേഹിച്ചു തോൽപ്പിക്കുകയാണെന്ന
സത്യം ഞാൻ തിരിച്ചറിയുന്നു...

**ബിബിതമോൾ കെ. ബി.**
രണ്ടാം വർഷ മലയാളം



ആശംസകൾ



**PALLAVI COLLECTIONS**
**&**
**PALLAVI FOOT WEARS**

Central Junction
**KURAVILANGAD**
**Ph : 0482 2230113**



Best Compliments...

**VAZHUTHANAPPALLIL**
**DENTAL CLINIC & IMPLANT CENTRE**

(Near K.S.R.T.C. Bus Stand), Pallikavala
**KURAVILANGAD**
Ph : 04822 231843 (Clinic)
04822 230852 (Res.)

**Working Hours**
**9.00 am - 1.00 pm : 3.00 pm - 5.30 pm**
**Saturdays : 8.00 am - 1.00 pm**

Best Compliments




**DEVAMATHA COLLEGE**
**CANTEEN**
Ph: 9605912860




ആശംസകൾ



**ആൻ & പോൾ ബ്യൂട്ടി ക്യൂൻ**

പാറയ്ക്കൽ ബിൽഡിംഗ്
സെൻട്രൽ ജംഗ്ഷൻ, വൈക്കം റോഡ്
കുറവിലങ്ങാട്
ഫോൺ : 9495394316



# Master Blaster

The name that has echoed in our ears for nearly over two decades and has become the only synonym for cricket in India, Yes it is none other than our little Master- Sachin Ramesh Tendulkar.

"LITTLE MASTER", "MASTER BLASTER", there is an endless list of adjectives to describe him. He has always stayed in our minds and will continue to do so. For those passionate about cricket, he is the Lord of cricket, while for those outside its ambit, he is who ultimately defined the game of the cricket.

Sachin is a real gentleman to aptly define the gentleman's game. He is exactly what we have seen him as over the years. His character has not undergone the slighest of changes even after being accredited with innumerous titles and records.

It is true beyond doubt that Sachin has made a huge impact both within and outside the sphere of cricket. His entry to Indian cricket team has undoubtedly increased its popularity among the masses.

More and more people started watching cricket matches just to see how a little boy was working wonders in the crease. Above all he was able to inspire others as many of them wanted to be like him, humble and down to earth.

Each time new series commences, the first question that each one of us asks and anxious of is whether Sachin is there to leave a mark on the ground. He has become an inevitable part of the Indian team.

His ever composed stature with a sweet smile is in fact a feast to the eyes. A man who finds joy and solace in everything he does and is an elder brother to all in the team. He is never complacent as his mentor Achrekar has always wanted him to be.

Even in the most adverse situation where he had to leave the ground in utter dismay, there was in his face a promise to the people of India that he would be back another time fulfilling their aspirations.

Nobody in Indian cricket team forgets to mention Sachin's greatness, however short their speech may be. This is an indication of Sachin's concern for his team mates. He cares for them and is always forthcoming in giving them advices whenever they needed.

Leadership is inherent in Sachin, leading and motivating his colleagues in his own way. But when his leadership quality manifests itself in to captaining it becomes less effective. His individual performance graph goes down.

He is a real criceter, playing for team India and not for his personal rewards. Even at the verge of securing 100 centuries he never played for that round figure but for India and its ultimate victory.

As we look back at how this little boy of 17 emerged in to whom we see today, we start realising of how difficult life could be. When he began his career with his first match against Pakistan, he scored duck and was not able to open his account.

Starting from there, it was amazing to see his career bloom, putting an end to the prejudiced mind that he is no good for this game; he emerged like phoenix in the following matches, a clear symbol of his perseverance and sheer determination. The way cricket sank in to him know no bounds as it is unimaginable for human brains.

His final addressing of the crowd where he spoke about the end of his carreer as "between 22 yards for 24 years" shows that he has considered this 22 yards as his temple and his journey to the crease as a pilgrimage as he has renounced everything for cricket.

Beyond the fact he is the Master Blaster of cricket, his personality is something that leaves everybody amazed. He never spoke about himself but about the game and his team mates. The way he dealt with others made him dear to all around. There was not a single person who blames him and he too never spoke of others.

The way world cricket saluted him proves the intensity of his cricket, his friendship and the way he dealt with others, making them feel that each one of them is important to him. He is one such person who travelled with time and has retired at the apt time but we have never realized that time has flown by. Watching him play and grow has become a part of our life. Never in our life did we imagine that a time would come when Indian cricket team would be devoid of Sachin. But yes life and cricket has to go on.....



**Shalumon**
II Dc Zoology



MULTI BRANDED PC & LAPTOP SHOPPE
SONY
Laptops
hp
Laptops & Desktops
DELL
Laptops & Desktops
HCL
Laptops & Desktops
acer
Laptops & Desktops
ASUS
Laptops
SAMSUNG
Laptops & Desktops
lenovo
Laptops & Desktops
TOSHIBA
Leading Innovation
Laptops
iPads
HCL
AN ISO 9001:2008 CERTIFIED COMPANY
ESQUIRE
MULTIBRANDED COMPUTER SHOPPE
EDENS SHOPPING CENTRE, PALA ROAD, ETTUMANOOR
PH : 0481-2533112, 9388107755
E-mail : kottayamesquire@esquirecomputers.com, www.esquirecomputers.com
Note Books, Ultra Books, Net Books, Desktops
Al-in-one, Printers, Scanners, Projectors, Tablets
നിങ്ങളുടെ കംപ്യൂട്ടർ
ഏതുമായിക്കൊള്ളട്ടെ!
സർവ്വീസിന് ബുദ്ധിമുട്ടുന്നുവോ?
Our Service Features
Laptop Quick Service
Onsite & Indoor Service Units for all IT Products
Trained Engineers available on call for support
Facility of Annual Service Contract
Networking and Cabling
Upgradation Scheme
എങ്കിൽ വിളിക്കൂ...
0481 2533112
9446397889
9388033112
9388107755

## മനസിനെ പാകപ്പെടുത്തി

# ഒരു മടക്കയാത്ര...

റിനു കുര്യാക്കോസ്
ഒന്നാം വർഷ സാമ്പത്തികശാസ്ത്രം

സ്നേഹതീരം എന്നു പേരുള്ള ആ വൃദ്ധസദനത്തിന്റെ ചുവരുകൾക്കുള്ളിൽ എങ്ങും നിശബ്ദത തളം കെട്ടി നിൽക്കുന്നു. മുഖത്തോടു മുഖം നോക്കിയിരുന്നാലും മൗനത്തെ മുറിക്കുവാൻ പലപ്പോഴും കഴിഞ്ഞിരുന്നില്ല. നിർത്താതെ അടിക്കുന്ന ഫോണിന്റെ ശബ്ദം കേട്ട് അന്തേവാസികൾ ഓരോരുത്തരും ആകാംക്ഷയോടെ പരസ്പരം നോക്കും, ആർക്കായിരിക്കും ഇത്തവണ ഭാഗ്യം കൈവന്നിരിക്കുന്നത്. കാത്തിരുന്ന് മടുക്കുമ്പോഴും നേരിയ പ്രതീക്ഷ ഉള്ളിൽ സൂക്ഷിച്ച് ഓരോരുത്തരും തന്നോടു തന്നെ ചോദിക്കും, 'എനിക്കുള്ളതാണോ' നിരാശയാണ് ഫലമെങ്കിലും അന്തേവാസികൾ ഓരോരുത്തരും പ്രതീക്ഷയോടെ അടുത്ത മണിമുഴക്കത്തിനായി കാത്തിരുന്നു.

ഇതൊരു കൂടാണ്. സ്നേഹക്കൂട്. വളരെ അന്തസോടും പ്രതാപത്തോടും ജീവിച്ചവർ ഓർമ്മകൾ പരസ്പരം പങ്കുവച്ച് ഒടുവിലത്തെ വിധിക്കായി ഇവിടെ കാത്തിരിക്കുന്നു. ഇവിടെ അവർ പരസ്പരം സ്നേഹിക്കുന്നു. പരസ്പരം സഹായിക്കുന്നു. മക്കൾക്കും ബന്ധുക്കൾക്കും ആർക്കും വേണ്ടെങ്കിലും ഇവിടെ ഈ സ്നേഹതീരത്ത് ആരും അന്യരല്ല. എല്ലാവരും സമാനദുഃഖിതർ.

ജീവിതം എപ്പോഴും ഒരു കുതിച്ചോട്ടമാണ്. ചിലപ്പോൾ കിതയ്ക്കും. ചിലപ്പോൾ തളരും. പിന്നെ തിന് ഓരോന്ന് ചിന്തിക്കുന്നു. പണത്തിനായുള്ള നെട്ടോട്ടത്തിനിടയിൽ സ്നേഹമെന്ന മൂല്യത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നു, ബന്ധങ്ങളിൽ നിന്ന് ഒളിച്ചോടാൻ മനുഷ്യൻ ഇന്ന് പെടാപ്പാട് പെടുന്നു. മക്കളും പണം ഉണ്ടാക്കാനുള്ള കുതിച്ചോട്ടത്തിലാണ്. അവരറിയുന്നില്ല അവരുടെ മക്കൾ അവർക്കായി നാളെ വൃദ്ധസദനം കണ്ടുവച്ചിരിക്കുന്നുവെന്ന്. ഒരു ഹോം നേഴ്സിനെ നിയമിക്കുമെന്ന്... ആലോചനയുടെ ചിറകിലേറി ദേവിടീച്ചർ എല്ലാവരിൽ നിന്നും മാറി പ്രാർത്ഥനാമുറിയിലിരുന്നു. മനസ് ഓർമ്മകളുടെ കയങ്ങളിൽ മുങ്ങിത്താണു. മനസിൽ സങ്കടം അലയടിച്ചു ഒരു റിട്ടയേർഡ് ടീച്ചർ. അതിലപ്പുറം ഒരു വിശേഷണവും ടീച്ചറിനിപ്പോൾ ഇല്ല. രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ഉന്നത ബിരുദധാരികൾ. വിദേശത്ത് തൊഴിൽ. ടീച്ചറായ അമ്മയുടെ അഭിമാനം. പക്ഷെ മക്കൾ പണം ഉണ്ടാക്കാനുള്ള ഓട്ടത്തിനിടയിൽ അമ്മയെ പലപ്പോഴും വിസ്മരിച്ചു. ജീവിതത്തിലെ ആ ഒറ്റപ്പെടൽ അവസാനിച്ചത് ഈ അഗതി മന്ദിരത്തിൽ.

ഭർത്താവിന്റെ അകാലത്തിലുള്ള മരണം വളരെ ചെറുപ്പത്തിലെ ടീച്ചറിനെ ഒറ്റപ്പെടുത്തി. പിന്നീടുള്ള ജീവിതം മക്കൾക്കു വേണ്ടിയായിരുന്നു. പിന്നീട് ഒരു വിവാഹത്തെക്കുറിച്ച് ടീച്ചർ ചിന്തിച്ചതേയില്ല. മക്കളെ പഠിപ്പിച്ച് ഒരു നിലയിലെത്തിക്കാൻ ടീച്ചർ രാപകൽ അധ്വാനിച്ചു. മക്കൾ പ്രതീക്ഷക്കൊത്ത് ഉയർന്ന് ഡോക്ടറും എഞ്ചിനീയറുമൊക്കെയായി. സമൂഹത്തിൽ നിലയും വിലയുമായി. മക്കൾ അമ്മയെ മറന്നു. ടീച്ചർ ജീവിതത്തിൽ വീണ്ടും തനിച്ചായി. ഓർമ്മകൾ ടീച്ചറുടെ മിഴികളെ ഈറനണിയിച്ചു.

എല്ലാവരും ദുഃഖങ്ങളെ മറക്കാൻ ആഗ്രഹിക്കുന്നവരാണ്. പ്രത്യേകിച്ചും ഇവിടെ എത്തുന്നവർ തങ്ങളുടെ ദുഃഖങ്ങൾ മറ്റാരും അറിയരുതെന്ന് ആഗ്രഹിക്കുന്നവർ. പക്ഷെ ഇന്ന് സ്നേഹതീരത്തെ അന്തേവാസികൾ ഉത്സാഹത്തിമിർപ്പിലാണ്. പുറത്ത് അലങ്കാരപ്പണികൾ അവസാനഘട്ടത്തിലാണ്. അന്തേവാസികൾ കുളിച്ച് നല്ല വസ്ത്രങ്ങൾ അണിഞ്ഞു. എല്ലാവരും പ്രതീക്ഷയോടെ പുറത്തേയ്ക്ക് ഉറ്റു നോക്കുന്നു. ഇന്ന് കളക്ടർ ഇവിടെയെത്തും. ഏറ്റവും നല്ല അധ്യാപികയ്ക്കുള്ള അവാർഡ് ദേവിടീച്ചർക്ക് നൽകാനായി. സമൂഹത്തിനായി ഇത്രയും നാൾ മികച്ച സേവനം അനുഷ്ഠിച്ച ടീച്ചറെ ആദരിക്കാനായി. ഈ അവാർഡിന്റെ തിളക്കത്തിലും ടീച്ചറുടെ മനസ് നെടുവീർപ്പിടുകയാണ് തന്റെ മക്കളെ ഓർത്ത്. തന്റെ മക്കൾ തന്നെ തിരികെ വിളിക്കും എന്ന പ്രതീക്ഷയോടെ ടീച്ചർ വേദിയിലിരുന്നു. കളക്ടർ എത്തി സമ്മേളനം ആരംഭിച്ചു. ചെറുപ്പക്കാരനായ കളക്ടർ പ്രസംഗത്തിനായി എഴുന്നേറ്റു. മുൻനിരയിൽ ഇരുന്ന ടീച്ചറിന്റെ മുഖത്ത് ആ കണ്ണുകൾ ഉടക്കി. ടീച്ചറിന്റെ മനസ് ഒരു നിമിഷം പഴയ ക്ലാസ് മുറിയിലെത്തി. ഓർമ്മകൾ എവിടെയൊക്കെയോ പരതി നടന്നു. മനസിൽ ഒരു വേലിയേറ്റം നടക്കുന്നതായി ടീച്ചറിന് തോന്നി.

ദേവിടീച്ചർ വേദിയിലേയ്ക്ക് തന്നെ ഉറ്റു നോക്കിയിരുന്നു. പ്രസംഗപീഠത്തിന് മുമ്പിൽ നിൽക്കുന്ന ആ ചെറുപ്പക്കാരനെ ടീച്ചർക്ക് മുൻപരിചയം ഉള്ളതുപോലെ തോന്നി. ചിതലരിച്ച ഓർമ്മകളിൽ മങ്ങിയും തെളിഞ്ഞും പല മുഖങ്ങളുമെത്തി. ഒടുവിൽ സമ്മേളനത്തിന്റെ അവസാന ഘട്ടത്തിൽ ടീച്ചറെ പൊന്നാടയണിയിച്ച് ആദരിച്ചു. ടീച്ചറുടെ കണ്ണുകളിൽ നിന്ന് സന്തോഷത്തിന്റെ അശ്രുകണങ്ങൾ പൊഴിഞ്ഞു.

സമ്മേളനം അവസാനിച്ചയുടൻ ആ ചെറുപ്പക്കാരനായ കളക്ടർ കൂപ്പുകൈയ്യുമായി ടീച്ചറിന്റെ അടുക്കൽ എത്തി. കാലിൽ തൊട്ട് വന്ദിച്ചു. പിന്നെ ടീച്ചറിനെ ചേർത്തു പിടിച്ചുകൊണ്ട് ചോദിച്ചു. ടീച്ചറെന്താണ് ഇവിടെ? ടീച്ചർക്ക് എന്നെ ഓർമ്മയില്ലേ? ഞാൻ ടീച്ചറുടെ പ്രിയശിഷ്യൻ റോബിനാണ്. ടീച്ചറുടെ കണ്ണിൽ അഭിമാനത്തിന്റെ തിളക്കം. ടീച്ചർ തന്റെ ശിഷ്യനെ കെട്ടിപ്പിടിച്ചു. ആ ചെറുപ്പക്കാരന്റെ കണ്ണിൽ നിന്നും കണ്ണീർ പൊഴിയുന്നുണ്ടായിരുന്നു. അനുസരണയുള്ള മകനെപ്പോലെ അദ്ദേഹം ടീച്ചറിനോട് ചേർന്നു നിന്നുകൊണ്ട് പറഞ്ഞു 'ടീച്ചർ ഞാനിന്ന് ഈ നിലയിലെത്തിയത് ടീച്ചറിന്റെ സഹായവും ദൈവാനുഗ്രഹവും കൊണ്ടാണ്. ജീവിതത്തിൽ ഒറ്റപ്പെട്ടു പോയ എന്നെ ടീച്ചറാണ് സഹായിച്ചത്. സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് ഉയരാൻ പ്രേരിപ്പിച്ചത്'.

ഇത്രയും പറഞ്ഞു നിർത്തിയപ്പോൾ ആ ചെറുപ്പക്കാരന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. 'ടീച്ചർ എന്നോടൊപ്പം വരണം. ഇന്നു മുതൽ എന്റെ അമ്മയായി. ആ പഴയ ടീച്ചറായി'. അരുത് മോനേ, അതിനെന്നെ നിർബന്ധിക്കരുത്. ടീച്ചർ ഒഴിഞ്ഞു മാറാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. ഇനി മുതൽ ടീച്ചർ എനിക്ക് സ്വന്തം അമ്മയാണ്. ഞാനാണ് ഇനി ടീച്ചറിനെല്ലാം. ടീച്ചറിന്റെ ജീവിതസാഹചര്യം എനിക്ക് മനസിലായി. വരൂ, നമുക്ക് പോകാം. ടീച്ചറിനോടുള്ള ശിഷ്യന്റെ സ്നേഹം സ്നേഹതീരത്തെ അന്തേവാസികളെ ഈറനണിയിച്ചു. അവരും ടീച്ചറെ നിർബന്ധിച്ചു. ഈ ഏകാന്തതയിൽ നിന്ന് വിട്ടൊഴിഞ്ഞ് സന്തോഷത്തോടെ ജീവിക്കാൻ.

ഇതേ സമയം റോബിൻ എന്ന ചെറുപ്പക്കാരൻ ടീച്ചറിന്റെ സമ്മതത്തിന് കാത്തുനിൽക്കാതെ ടീച്ചറുടെ കൈപിടിച്ച് തന്റെ കാറിനടുത്തേയ്ക്ക് നടന്നു. കാറിനടുത്തെത്തിയപ്പോൾ റോബിന്റെ തലയിൽ കൈവച്ച് അനുഗ്രഹിച്ച ശേഷം ദേവി ടീച്ചർ സ്നേഹതീരത്തേയ്ക്ക് തിരിച്ചു നടന്നു. താൻ നൊന്തു പ്രസവിച്ച തന്റെ മക്കൾ ഉപേക്ഷിച്ചുവെങ്കിലും തന്റെ ശിഷ്യന്റെ ആഴത്തിലുള്ള സ്നേഹസാഗരത്തിൽ മുങ്ങിത്താണ് ടീച്ചറിന്റെ നീറുന്ന മനസ് തണുത്തു. ഉത്സാഹഭരിതയായി ആ വൃദ്ധസദനത്തിന്റെ പടവുകൾ വീണ്ടും ചവിട്ടിക്കയറുമ്പോൾ അലയടിക്കുന്ന സന്തോഷത്തെ സ്വാഗതം ചെയ്തുകൊണ്ട് ഒരു ഇളം തെന്നൽ ടീച്ചറെ തഴുകി കടന്നു പോയി.



ജയരാജ് എ.വി.
രണ്ടാം വർഷ രസതന്ത്രം

## കവി

ആരാണ് കവി?
ചുരുങ്ങിയ വാക്കിൽ-
പറയാനുള്ളത് പറയാതെ-
പറയുന്നതാരോ അയാൾ കവി
അങ്ങനെയെങ്കിൽ
ഏറ്റവും വലിയ കവി
എന്റെ അമ്മയാണ്.....

## കണ്ണാടി

കുളി കഴിഞ്ഞ് തുളസിക്കതിർ-
ചൂടിയവൾ കണ്ണാടി നോക്കി
ഞെട്ടിപ്പോയ്!
തലയിലൊരു കൊമ്പ്, മുഖമാകെ കറുപ്പ്
കണ്ണാടി പറഞ്ഞു...
'ഉള്ളറിയാൻ ഞാനും പഠിച്ചു'.



ആതിര കെ. വിജയൻ
രണ്ടാം വർഷ ധനതന്ത്രം

# Faceless Book

ഇന്ന് മലയാളികൾ തന്റെ ദിനചര്യകൾ രേഖപ്പെടുത്തുന്നത് ഡയറിക്കുറിപ്പുകളിലല്ല മറിച്ച് ഫേയ്സ്ബുക്കിലേക്കാണ്. ഗുഡ്മോണിംഗ് മുതൽ ഗുഡ്നൈറ്റ് വരെ തന്റെ ജീവിതത്തിൽ സംഭവിക്കുന്ന എന്തുമേതും ചിട്ടയായി നേരെ ഫേയ്സ്ബുക്കിലേക്ക്. ചിത്രങ്ങളും വിവരങ്ങളും സഹിതം നിക്ഷേപിച്ച് സ്വന്തം ജീവിതം മറ്റുള്ളവരുടെ മുൻപിൽ പ്രദർശിപ്പിക്കുന്നത് ഒരു വിഭാഗം മലയാളികളുടെ ശീലമായിരിക്കുന്നു, ക്ഷമിക്കുക, ദുശ്ശീലമായിരിക്കുന്നു. ഒരു സമയനിഷ്ഠയുമില്ലാതെ ഏതു നേരവും ഫേസ്ബുക്കിൽ കണ്ണും നട്ടിരിക്കുന്നവരാണ് ഇപ്പോഴത്തെ കൗമാരക്കാർ. എന്തിന് അദ്ധ്യാപകൻ ക്ലാസ്സ് എടുക്കുന്ന, സമയത്തും ഫേസ്ബുക്കിൽ വരുന്ന പുതിയ അപ്ഡേറ്റ്കൾക്ക് കമന്റും ലൈക്കും നൽകുന്നു. ഇതുകൊണ്ടാണ് ഇതിനെ ദുശ്ശീലമെന്ന് പറഞ്ഞത്.

ഒരു ദിവസത്തിന്റെ പകുതിയിലേറെ ഫേസ്ബുക്കിൽ ചെലവഴിക്കുന്ന കുട്ടികാർ നിർബന്ധമായും വായിച്ചിരിക്കേണ്ട പഠനറിപ്പോർട്ടാണ് ബാഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് സയൻസ് (നിംഹാൻസ്) അടുത്തിടെ നടത്തിയ പഠനമനുസരിച്ച് കൊച്ചിയുൾപ്പെടെയുള്ള നഗരങ്ങളിലെ 73% കൗമാരക്കാരും അമിതമായി ഫേസ്ബുക്ക് ഉപയോഗിക്കുന്നവരാണ്. ഇത് ഫേയ്സ്ബുക്ക് അഡിക്ഷൻ എന്ന ഒരു മനോരോഗമായി മാറിയിട്ടുണ്ടെന്ന് പഠനറിപ്പോർട്ട് പറയുന്നു. ഭാരതത്തിന്റെ ഭാവി നിർണ്ണയിക്കേണ്ട യുവതലമുറ മനോരോഗത്തിന് അടിമകളാണ് എന്ന് പറയുന്നത് മേന്മയാണോ? (മലയാള മനോരമ)

ഇന്ന് കൂടുതലായും ഫേസ്ബുക്ക് ഉപയോഗിക്കുന്നത് മറ്റുള്ളവരെ അപകീർത്തിപ്പെടുത്താനും അധിക്ഷേപിക്കാനുമാണ്. ഏതൊരു കാര്യത്തെയും ഒരൽപം പോലും ചിന്തകൾക്കിടം നൽകാതെ അതിന്റെ നെഗറ്റീവ് വശം മാത്രം കണ്ട് വിമർശിക്കുന്നവരാണ് കൂടുതലും. അതിന് ഉദാഹരണമാണ് റഷ്യൻ ടെന്നീസ് താരമായ മരിയ ഷറപ്പോവ ഇന്ത്യൻ ക്രിക്കറ്റ് താരമായ സച്ചിൻ ടെൻഡുൽക്കറിനെ അറിയില്ല എന്ന് പറഞ്ഞ സംഭവം. സച്ചിൻ എന്ന നാമം ഓരോ ഭാരതീയന്റെയും രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നതാണ് എന്ന് കരുതി എല്ലാവരേയും എല്ലാവരും അറിയണമെന്നുണ്ടോ? ഈ സംഭവത്തിന്റെ പേരിൽ ടെന്നീസ് താരത്തിന്റെ ഫെയ്സ്ബുക്കിൽ കയറി പുച്ഛം, പരിഹാസം, അസഭ്യവർഷം തുടങ്ങിയതെല്ലാം വാരി വിതറി.

കൂടുതലും മംഗ്ലീഷിലും മലയാളത്തിലും ആയിരുന്നതു കൊണ്ടു തന്നെ മലയാളികൾ ഫേയ്സ്ബുക്ക് ആക്രമണത്തിൽ മുൻപന്തിയാണെന്ന് തെളിയിച്ചു. അറിയാത്തൊരാളെ അറിയില്ല എന്ന് പറഞ്ഞതിന്റെ പേരിൽ ഒരാളെ തേജോവധം ചെയ്യേണ്ടതുണ്ടോ? ഒരാളെ അധിക്ഷേപിക്കുമ്പോൾ എന്തു സന്തോഷമാണ് മലയാളിക്ക് ലഭിക്കുന്നത്? ഫേസ്ബുക്കിലെ മറ്റു ചിലരുണ്ട്. സ്വന്തം മുഖവും പേരും മറച്ച് വച്ച് മറ്റൊരു മുഖവും പേരും സ്വീകരിച്ച്, മറ്റുള്ളവരെ പരിഹസിക്കുന്നവർ.

എന്നാൽ മറ്റൊരു വശം ചിന്തിച്ചാൽ ഫേസ്ബുക്കിലൂടെയും മറ്റ് സോഷ്യൽ മീഡിയകളിലൂടെയും നല്ല കാര്യങ്ങൾ ഭവിക്കാൻ കാരണമായിട്ടുണ്ട്. നാല് ചുമരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ട് പഠിക്കാനും പ്രതികരിക്കാനും അവകാശമില്ലാത്തവരുടെ പ്രതിനിധിയായി ആ ചട്ടക്കൂടിന്റെ വെളിയിൽ വന്ന് ഞങ്ങൾക്കും ലോകത്തോട് "**ചിലത് പറയുവാനുണ്ട്**" എന്ന് സധൈര്യം വിളിച്ചു പറഞ്ഞ മലാലയുടെ ശബ്ദം പ്രതിധ്വനികൊണ്ടത് ഫേസ്ബുക്കിലൂടെയും മറ്റ് സോഷ്യൽ മീഡിയകളിലൂടെയുമാണ്. മലാലയുടെ മുറിവുകളും നെടുവീർപ്പുകളും വേദനയും സങ്കടവും സന്തോഷവും ശബ്ദവുമെല്ലാം നമ്മുടേത് കൂടിയാണ് എന്ന് തിരിച്ചറിയാൻ സഹായിച്ചത് ഈ സോഷ്യൽ മീഡിയകളാണ്. ലോകസമാധാനത്തിനുള്ള നോബേൽ സമ്മാനത്തിന്റെ അരികിൽ വരെയെത്തിയ മലാലയെ ഇന്നും നാം ഓർത്തിരിക്കുന്നെങ്കിൽ ഇതിനായി ഫേസ്ബുക്ക് വഹിച്ച പങ്ക് ചെറുതല്ല. ഇന്ത്യയിൽ തന്നെ നോക്കിയാൽ മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച ഡൽഹി പീഢനസംഭവത്തിനെതിരെ പ്രതികരിക്കാനും, പ്രതിഷേധിക്കാനും, പീഢനത്തിനിരയായ പെൺകുട്ടിക്ക് സഹായവും ആശ്വാസവുമായി നിലകൊള്ളാനും ഫേസ്ബുക്ക് വഹിച്ച പങ്ക് വിസ്മരിക്കപ്പെടാവുന്നതല്ല. മനുഷ്യത്വരഹിതമായ ഈ പ്രവൃത്തിയിൽ പ്രതിഷേധിച്ച് ഫേസ്ബുക്ക് സുഹൃത്തുക്കൾ ഫേസ്ബുക്കിൽ കറുത്ത പൊട്ടണിഞ്ഞു. ഈ സുഹൃത്തുക്കളുടെ അഘോരാത്രമായ പ്രതിഷേധത്തിന്റെ ഫലമായി ഇന്ത്യയിൽ 'നിർഭയ' എന്ന ഒരു സ്ത്രീസുരക്ഷാ നിയമം തന്നെ നിലവിൽ വരാൻ കാരണമായി. ഈ നിശ്ചയദാർഢ്യം കൈവിടാതെ ഫേസ്ബുക്ക് നല്ല രീതിയിൽ ഉപയോഗിച്ചാൽ സമൂഹത്തിനും മനുഷ്യ മനസാക്ഷിക്കും നന്മ കൈവരുമെന്നതിൽ യാതൊരു തർക്കവുമില്ല.


SMARTPHONES
LENOVE, SONY
ASUS, NOKIA, MICROMAX
HCL
HRIDYA COMPUTERS
KOCHUCHAKALATHUMYALIL BUILDING
OPP. BUSSBAY, PALLIKKAVALA, KURAVILANGAD
E-mail : hridyacomputers@gmail.com
04822-233422
9995880024
Desktop
Laptop
Printers
Accessories
Toner Refilling
Broadbrand modem
Services:
All brands Desktops & Laptops
Easy Finance
All Laptop & Desktop Home service
All Printer Toner Refilling
hp
ASUS
DELL
TOSHIBA
Leading Innovation
lenovo
acer



# ചോദ്യം

വിളറി വെളുത്ത വിപിനം...
രക്തം വീണ് ചുവന്ന മണ്ണ്...
ആർത്ത നാദത്തിന്റെയും
നിസ്സഹായതയുടെയും
മൗനശരങ്ങൾ ഉതിർത്ത
അന്തരീക്ഷം.....
ബുള്ളറ്റിന്റെ വേഗതയിൽ
നഷ്ടമായ സ്വപ്നങ്ങളുടെ
ഭാണ്ഡക്കെട്ടുമായി ജീവിതങ്ങൾ...
രണ്ട് വയസ്സുകാരന്റെ നിലവിളിയിൽ തുടങ്ങി;
വൃദ്ധന്റെ ഒടുവിലത്തെ
കാഴ്ചകൾ മറയ്ക്കുന്ന
ഉദയാസ്തമയങ്ങൾ...
സമാധാന ചർച്ചയുടെ
വെള്ളക്കൊടിയിൽ
പണത്തിന്റെ കറുപ്പുനിറം
പടർത്തുന്ന മുഖം മൂടികൾ...
ഒരു കഥയുടെയോ
കവിതയുടെയോ
ഉള്ളടക്കമല്ല
ചരിത്രം
കണ്ണീർ കൊണ്ട്
കുറിക്കാനും
വരയ്ക്കാനും
തുടങ്ങുന്ന
നാമത്തിന്റെ
ചിത്രങ്ങൾ
ഇത്,
'ഗാസയുടെ കുറിപ്പുകൾ'



ശ്രുതി മോഹൻ
മൂന്നാം വർഷ ജന്തുശാസ്ത്രം



# ഈ രക്തത്തിലെ പങ്ക്

എരിയുന്നത് മെഴുകുതിരിയല്ല
പച്ച മനുഷ്യൻ
പൊഴിയുന്നത് ഇതളുകളല്ല
പിഞ്ചുജീവൻ
ഒരു Kitkat breakൽ
Fantaയുടെ Funൽ
Nestcafeയുടെ ചൂടിൽ
Mc Donaldന്റെ രുചിയിൽ
Cococolaയുടെ നുരയിൽ
Nestleയുടെ ചോക്ലേറ്റ് മധുരത്തിൽ
L'Oreal തരും സൗന്ദര്യത്തിൽ
നാം കാണുന്നില്ല
കാണാൻ ആഗ്രഹിക്കുന്നില്ല
പിടയുന്ന ജീവനെ
അനാഥ ബാല്യത്തെ
അമ്മമാരുടെ പിളർന്ന ഹൃദയത്തെ
വിപണി കൈയ്യടക്കിയ വമ്പന്മാർ വഴി
ഇതാ കൊല്ലാൻ ഒരു കൈ സഹായം

ലക്ഷ്മിമോൾ സി.പി.
രണ്ടാം വർഷ ഇംഗ്ലീഷ്


95 44 66 56 04
98 46 82 22 10
94 47 30 85 91
DREAMZ
TRAVELS
KURAVILANGAD
14 17 26 49
Seater A/c and Non A/c Buses
DREAMZ
AIR BUS
CONTRACT CARRIAGE

Solutions for all your NRI Banking needs
NRI Bank Accounts
NRI Fixed Deposits
Home Loans
Insurance
Mutual Funds
Money Transfers
ICICI Bank
NRI Services
khayaal aapka

# റാണി

## ചരിത്രത്തിൽ നിന്നും ഒരു വീരഗാഥ

ഭാരതത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ സുപ്രധാനമായൊരേടാണ് 1857-ലെ ശിപായി ലഹളയെന്നറിയപ്പെട്ട ഒന്നാം സ്വാതന്ത്ര്യസമരം. ഈ പ്രക്ഷോഭത്തിന്റെ നേതൃ നിരയിലുണ്ടായിരുന്ന വീരയോദ്ധാക്കളെ വെറും കലാപകാരികളായി ബ്രിട്ടീഷ് ചരിത്രകാരന്മാർ മുദ്ര കുത്തി. അങ്ങനെയുള്ള നേതാക്കളിൽ ഏറ്റവും സുപ്രധാനമായ പേര് ഝാൻസിയിലെ റാണി ലക്ഷ്മി ബായിയുടേതാണ്. കലാപകാരികളുമായിച്ചേർന്ന് ബ്രിട്ടീഷുകാരുടെ സ്ത്രീകളെയും കുട്ടികളെയും ക്രൂരമായി കൊലപ്പെടുത്തിയ രാജ്ഞിയായി ഭാരതത്തിനു വെളിയിലും അസാമാന്യ ധീരതയും ബുദ്ധിവൈഭവവും ത്തിണങ്ങിയ പ്രജാവത്സലയായ ഭരണാധികാരിയായി ഭാരതത്തിലും കേൾവികേട്ട ലക്ഷ്മി ബായിയെ കേന്ദ്രീകരിച്ചെഴുതപ്പെട്ട ചരിത്രനോവലാണ് ജയശ്രീ മിശ്രയുടെ 'റാണി'....

പതിമൂന്നാം വയസിൽ മധ്യവയസ്കനും രോഗിയു മായിരുന്ന ഝാൻസിയിലെ രാജാവ് ഗംഗാധരറാവുവിന്റെ ഭാര്യയായി അവിടെയെത്തിയ വാരണാസിയിലെ മണികർണികയെന്ന പെൺകുട്ടി ലക്ഷ്മിബായിയായി. രാജാവിനൊപ്പം സഭയിൽ പങ്കെടുത്ത് ഭരണകാര്യങ്ങളിൽ വൈഭവം നേടിയ റാണി അധികം വൈകാതെ പ്രജകളുടെ പ്രിയങ്കരിയായി മാറി. ഝാൻസിയിൽ നിലനിന്നിരുന്ന 'പാവഭരണം' റാണിയെ പലപ്പോഴും ചൊടിപ്പിച്ചു. ഭാരതം ഒരിക്കൽ പോലും സന്ദർശിച്ചിട്ടില്ലാത്ത, ഇവിടുത്തെ സംസ്കാരം ജനങ്ങൾ തുടങ്ങിയതൊന്നും അറിയാത്തവരാണ് ഇംഗ്ലണ്ടിലിരുന്ന് ഭാരതീയർക്കു വേണ്ടി നിയമങ്ങളുണ്ടാക്കുന്നതെന്ന വസ്തുത അവരെ അസ്വസ്ഥയാക്കി. ഏറെ ആഗ്രഹിച്ചു ലഭിച്ച മകന്റെ മരണവും, അകാലവൈധവ്യവും റാണിയെ ജനങ്ങളുമായി അടുപ്പിക്കുകയുണ്ടായി. ദത്തെടുത്ത പുത്രന് രാജ്യാവകാശം ലഭിക്കാൻ വേണ്ടിയായിരുന്നു അവർ ബ്രിട്ടീഷുകാരുമായി ഇടഞ്ഞത്. തികഞ്ഞ പാണ്ഡിത്യവും അഭൂതപൂർവ്വമായ ദീർഘവീക്ഷണവുമുണ്ടായിരുന്ന റാണി, നിയമയുദ്ധത്തിലൂടെയായിരുന്നു ബ്രിട്ടീഷുകാരുടെ നിയമത്തെ നേരിട്ടത്. പല നാട്ടുരാജ്യങ്ങളും കലാപകാരികളോട് ചേർന്നപ്പോഴും ഝാൻസി ശാന്തമായിരുന്നു. യുദ്ധക്കൊതി തൊട്ടുതീണ്ടിയില്ലാതിരുന്ന റാണിക്ക് യുദ്ധമുണ്ടാക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ച് നന്നായറിയാമായിരുന്നു. സഹോദരരും ബന്ധുക്കളും സ്വന്തം പിതാവുപോലും പ്രേരിപ്പിച്ചിട്ടും പ്രിയപ്പെട്ട ഝാൻസിയെ കുരുതികൊടുക്കുവാൻ അവർ തയ്യാറായില്ല. മാത്രവുമല്ല കലാപകാരികൾ കടക്കാതിരിക്കുവാൻ ഏർപ്പാടുകൾ ചെയ്യുകയും നിരാലംബരും ഭയപീഡിതരുമായ ബ്രിട്ടീഷ് സ്ത്രീകളെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കുവാനും അവർ ഉത്തരവിട്ടു. എന്നാൽ ഈ ശരണാർത്ഥികൾ വധിക്കപ്പെടുകയും കുറ്റം ലക്ഷ്മിബായിയുടെ മേൽ ആരോപിക്കപ്പെടുകയും ചെയ്തപ്പോഴാണ് അവർ യുദ്ധത്തിനിറങ്ങിയത്.



പാർവതി രാജൻ
ഒന്നാം വർഷ ഇംഗ്ലീഷ്

അമാനുഷികമായൊരു പരിവേഷമാണ് പ്രജകൾ റാണിക്കു നല്കിയിരുന്നത്. ദരിദ്രരാജ്യമായിരുന്ന ഝാൻസിയെ പുരോഗതിയിലേക്കു നയിച്ച ലക്ഷ്മി ബായിയെ ജനങ്ങൾ അവരെ രക്ഷിക്കുന്ന ലക്ഷ്മീ ദേവിയായി കണ്ടു. മൂടുപടമില്ലാതെയും വിധവയായിരുന്നിട്ട് കൂടി ആഭരണങ്ങളണിഞ്ഞ് പ്രത്യക്ഷപ്പെട്ടിരുന്ന റാണിയെ അവർ ഒരിക്കലും കുറ്റപ്പെടുത്തിയില്ല. യുദ്ധതന്ത്രങ്ങളിൽ അതിവിദഗ്ധയായിരുന്ന റാണിയെ പരാജയപ്പെടുത്താൻ ബ്രിട്ടീഷുകാർ ഒരുപാട് ബുദ്ധിമുട്ടേണ്ടിവന്നു. ഈ പരിവേഷം മാറ്റി ഒന്നര നൂറ്റാണ്ടു മുമ്പ് ജീവിച്ചിരുന്ന മജ്ജയും മാംസവുമുള്ള ഒരു സ്ത്രീയായി നോവലിസ്റ്റ് റാണിയെ അവതരിപ്പിക്കുന്നു. ഗംഗയുടെ തീരത്തു വളർന്ന മണികർണികയുടെ ജീവിതഗതിയും നദി പോലെ കലുഷമായിരുന്നു. കുഞ്ഞായിരിക്കുമ്പോൾ അമ്മയെ നഷ്ടപ്പെടുത്തിയ വിധി ചെറുപ്രായത്തിൽത്തന്നെ ഭർത്താവിനെയും മകനെയും അവളിൽ നിന്നും തട്ടിയെടുത്തു. സ്വസ്ഥമായൊരു ജീവിതം മാത്രമാഗ്രഹിച്ച റാണിക്ക് അതുമാത്രം വിധിച്ചിട്ടുണ്ടായിരുന്നില്ല. തന്റെ വിഷമങ്ങളെല്ലാം ഉള്ളിലൊതുക്കി മറ്റുള്ളവർ തന്നിൽ നിന്നും പ്രതീക്ഷിക്കുന്ന ദിവ്യപരിവേഷവുമായി അവരുടെ അളവറ്റ സ്നേഹവും ബഹുമാനവും നേടി. ഇരുൾ മൂടിയ ജീവിതത്തിൽ ഒരെയൊരു ദീപമായിരുന്ന ദത്തുപുത്രനെ അവർ മരണം വരെയും സ്നേഹിച്ചു.

ഹൃദയം നുറുങ്ങുന്ന വേദനയോടെ, ഉറങ്ങിക്കിടക്കുന്ന ബാലനോട് അവസാനയുദ്ധത്തിന് വിടചൊല്ലുന്ന രംഗം ആരുടെയും കണ്ണുകൾ ഈറനണിയിക്കും. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കഥാപാത്രത്തിലേക്ക് നോവലിസ്റ്റ് പരകായപ്രവേശം നടത്തിയതു പോലെയാണ് റാണിയുടെ മനോവികാരങ്ങൾ വിവരിച്ചിരിക്കുന്നത്. ഒട്ടേറെ വിവാദങ്ങൾക്കു വഴിവച്ച ഈ നോവൽ യു.പി.യിൽ സർക്കാർ നിരോധിക്കുകയുണ്ടായി.

മേജർ റോബർട്ട് എല്ലിസെന്ന ഝാൻസിയിലെ ബ്രിട്ടീഷ് ഓഫീസറുമായി റാണിക്ക് പ്രണയത്തോടടുത്ത സൗഹൃദമുണ്ടായിരുന്നെന്ന സൂചന യു.പി.യിൽ വ്യാപകമായ ജനരോഷത്തിനിടയാക്കി. പേരൊഴികെ ഈ കഥാപാത്രത്തെക്കുറിച്ചുള്ളതെല്ലാം സാങ്കല്പികമാണെന്നു നോവലിസ്റ്റ് സമ്മതിച്ചിട്ടുമുണ്ട്. എന്തൊക്കെ ആരോപണങ്ങളും വിവാദങ്ങളുമുണ്ടായാലും ഭാരതത്തിന്റെ വിഹായസ്സിൽ സൂര്യശോഭയോടെ തിളങ്ങുന്ന റാണിയുടെ വ്യക്തിത്വത്തെ സർവ്വവിധ പ്രൗഢിയോടും കൂടി ആവിഷ്കരിക്കുവാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്.



# EDAPPUTHUSSERY'S

Since 1958

Josson's Selections Variety Variety

- Textiles
- Fabrics
- Silks & Sarees
- Fashions

Selection at Variety
Variety at Selection

## EDAPPUTHUSSERIL TRADERS

**The Business People at Koothattukulam**

Ph: 2253530, 2252400, 2250473
2252546, 2250938



കുട്ടിയുടുപ്പ് മുതൽ പട്ടുസാരികൾ വരെ!!!



വിപുലീകരിച്ച പുതിയ ഷോറൂം

# കുടലി

സിൽക്ക്സ് & സാരീസ്

വൈക്കം, ഫോൺ : 04829233668, 232782

കുടലി ഫാഷൻസ് | കുടലി മെൻസ് വേൾഡ്
കുടലി ഫർണീഷിംഗ് | കുടലി ചുരിദാർ ഹൗസ്
കുടലി ഹോം അപ്ലയൻസസ്

വിവാഹ പട്ടുസാരികൾ, ഫാൻസി സാരികൾ, ഡ്രസ്സ് മെറ്റീരിയൽസ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഷർട്ടിംഗ് & സ്യൂട്ടിംഗ് മുതലായവ





ഡിസൈനർ ആഭരണങ്ങളുടെ
അഴകാർന്ന ശ്രേണി...
മികവാർന്ന ശൈലി...

- Pearl Ornaments
- Fancy Ornaments
- Cosmetics
- Guarantee Ornaments
- Bangles, Gifts
- Makeup Articles



# ROYAL
COLLECTIONS



Opp. Pvt. Bus Stand, KURAVILANGADU JN., Ph: 9744074999



ആശംസകൾ

# കടുത്തുരുത്തി
# അർബൻ സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ കെ. 399 ഹെഡ്ഓഫീസ് കടുത്തുരുത്തി, കോട്ടയം, കേരള – 686604

Ph : 04829 282105, 282698, Fax : 04829 283268
Visit us : www.kaduthuruthyurbanbank.com
E-mail : kucbho@hotmail.com

യു.പി. ചാക്കപ്പൻ
(ചെയർമാൻ)

രാജു എം.സി.
(ജന. മാനേജർ)

# DEATH

We often cry,
When our dear ones die,
Their deaths create
enormous vacuums,
never replaced,
Their laughter,
their tears,
their love and
their fights, are
fondly cherished...
what about them?
I wonder, if
their souls live on?
And if they really do?
are they wailing too?
Or may be they are happy,
happy to escape life,
sorrows, troubles and pain..
happy to escape from world,
a world of selfishness,
a world of desruction,
a world of hatred and
a world of greed...
Death isn't the end
may be it is a beginning
A beginning of a journey,
a journey of endless joy,
peace and freedom...
The only truth,
and certainity,
happening to call
unbiased....



Aditi Narayanan
II DC Phy

# DISCRIMINATORY TREATMENT TO FEMALES

The status of the girl child is the key to achieve woman's equality and dignity which is, in many ways a litmus test of maturity of a society. Girls are to be the future mothers besides future policy makers and leaders. Jawaharlal Nehru once said, " To awaken the people it is woman who must be awakened once she is on the move the family moves, the village moves, the nation moves".

Discrimination against girl child start with their birth continues throughout their life. We have been quite hyprocritical in showering praises on women. However in practise we have been very cruel, insensitive and in human to them. The evil practises of sati, child-marriage and polygamy are examples of these. The reasons for there cruelties is discriminatory treatment of parents and society towards female child. Foetus- killing are quite common in a society which worships women as 'Durga' and 'Kali'. Lakhs of female children are deprival of their basic rights.

Mahatma Gandhi started that "Women is the companion of man, gifted with equal mental capacities. She has the right to participate in every minute detail in the activities of man and she has an equal right of freedom and liberty with him.... By sheer force of vicious custom, even the most ignorant and worthlessmen have being enjoying superiority over women which they don't & serve and ought not to have. The woman of next millinnium would take care of her family, chidren, spouse and also undertook hard-core tasks. She has already achieve many landmark. She would do well in future as well. She is no more a puppet in hands of men. Tomorrow belongs to her.

**Treessa Maria Denny**
I DC Economics

ജീവിതത്തിലെ ഓരോ ഘട്ടത്തിലും

കൈപിടിച്ച് ഉയർത്താൻ

ആവശ്യത്തിന് ഉപകരിക്കുന്ന സുഹൃത്ത്

# POPULAR FINANCE

INDIA'S EMERGING GOLD LOAN COMPANY

ഗോൾഡ് ലോൺ, മണി ട്രാൻസ്ഫർ, ഫോറിൻ എക്സ്ചേഞ്ച്

ഇൻഷുറൻസ് സേവനങ്ങൾ, ട്രാവൽ സേവനങ്ങൾ

സെല്ലുലാർ സേവനങ്ങൾ, പാൻ കാർഡ്


കുറഞ്ഞ ചിലവിൽ

കൊതിതീരെ സ്വർണ്ണാഭരണങ്ങൾ അണിയാൻ

ഒരു ഗ്രാം തങ്കാഭരണങ്ങളുടെ

പുതുപുത്തൻ ശേഖരവുമായി





# ജുവൽ പാരഡൈസ്

മെയിൻ റോഡ്, കടുത്തുരുത്തി, 04829 284488

- എല്ലാത്തരം മാലകളും വളകളും
- വിവിധയിനം കമ്മലുകൾ
- റൂബി, എമറാൾഡ്, പേൾ നെക്ലേസ്സുകൾ
- പല നിറത്തിലും വലിപ്പത്തിലുമുള്ള ക്രിസ്റ്റൽസ്, സാന്റ് സ്റ്റോൺസ്
- ഹൈദ്രാബാദിൽ നിന്നുള്ള പേൾ ശേഖരം
- സ്ട്രിംഗിംങ് മെറ്റീരിയൽസ്

വിവാഹാവശ്യങ്ങൾക്ക് അണിയാൻ പ്രത്യേക ഡിസ്കൗണ്ട് നിരക്കിൽ
ഗ്യാരണ്ടിയുള്ള പുതിയ ഫാഷൻ ഷോമാലകൾ, നെക്ലേസ്സുകൾ

# चाँदनी रात में...

क्या आपको पूर्णिमा का दिन पसंद है? पूर्णेंदु होनेवाला दिन कितना सुहावना होता है। चाँद की चाँदनी कितनी सुष्ठता पूर्ण होती है। उस छोटी सी कहानी मे मैं चाँद का वर्णन करती हूँ। मैं इस कहानी में नक्षत्रनाथ के बारे मे कितना भी वर्णन करूँ वह उसका पूरा वर्णन नही हो सकता। क्योंकि चाँद अवर्णनीय है।

एक दिन रात को मैं अपने घर के छत पर खडे होकर तारे देख रही थी। अचानक मेरी नज़र एक सफेद मोती पर गिर पडी। वह सफेद मोती थी, नक्षत्र मंडल के अधिप चाँद। सच! चाँद को देखने पर ऐसा लगता है कि वह काले रंग के बीच में गिरा हुआ मोती है । चाँद को देखते ही मैं चिल्लाना शुरु कर दिया, 'माँ जल्दी से छत पर आ जाओ, माँ जल्दी से छत पर आई जाओ।' मेरी चिल्लाने की आवाज़ सुनकर माँ ने सोचा कि मुझे कुछ हादसा हो गयी है। वह दौडकर छत पर आ गई। जब माँ ने मुझे देखा तो वह इतना गुस्सा हो गयी कि मुझे पीटने केलिए दौडकर आ गई। वजह यह था कि मैं रात को चिल्लाया। लेकिन मैंने माँ से कहा, 'माँ आप आकाश पर देखिए कितना अच्छा लग रहा है।' पता नही क्यों, मेरी कहना माँ मान गयी। उसने आसमान पर देखा। देखते ही वह चाँद का वर्णन करने लगी। देखो, चाँद की सुंदरता माँ की गुस्सा को भी दूर कर देती है। तब मैंने देखा कि गुल चाँदनी भी खिल गई है। नक्षत्र कितनी लसीला होते है। नक्षत्र की सुंदरता मेरे दिल को छत कहा कि से अंदर जाने की अनुमति भी नही दे रही थी। मैंने माँ से छत पर जाकर ही दलिया खा लो। दिल अंदर जाने को मना किया। मैंने सोचा कि कुछ और समय वहाँ पर खडा होकर नक्षत्रराज को देखूँ। लगता हैकि मेरा प्यारी वर्णन सुनने से चाँद भी अपना मुँह कर रहा था।

कुछ देर बाद मैंने देखा कि आसमान अंभोवाह हो रही है। अंबुदे चाँद पर परदा डाल रही थी। मुझे बहुत दुःख हुआ। मुझे लगा कि उस रात की सुंदरता सिर्फ अंबुदों की वजह से ओझल हो रही हैं। अचानक चिल्ली और चिल्ली घननाद शुरू हुई। माँ मुझे अंदर बुला रही थी। जी करता था किसी न किसी प्रकार घननाद और चिल्ली को दूर भगाए और चाँद को आसमान पर फिर लाए। पर हम एसानही कर सकता ना। ऐसा नहीं अचानक एक बूँद पानी मेरे गाल पर गिरा। इतना ठंडा बूँद मानों चाँद की आवाज़ आई हो। जाना तो पडेगा ही। पता नही कानहा जी मेरे साथ एसा क्यों किया। मैं अंदर गया और माँ से कान्हा जी की शिकायत की। इसके साथ मैंने यह भी कहा कि चाँद के बिना आसमान की सुंदरता अधूरा हो जाता है। तब माँ ने मुझे समझाया कि चिल्ली और घननाद भी कान्हा जी की ग्रंथी है। चिल्ली और घननाद आएगा और जाएगा। अगर आज चाँद को नही देख पाया तो उसमें उदास होने की कोई बात नही । चाँद फिर आसमान पर आएगा उस दिन गुल चाँदनी फिर भी खिलेगा, तारे मुझे देखकर मुसकुराएगे और मैं फिर चाँद का वर्णन कर पाऊँगी।

क्या आपको भी चाँद को देखने पर ऐसा अनुभव होती है? आप लोगों को शायद लगा होगा कि मैं उखडी-पुखडी सुना रही हूँ। अगर आप भी एक दिन चाँद को इसी प्रकार देखते रहेंगे तो आपको यह उखडी-पुखडी बात नही लगेंगे। सच है कि चाँद को देखने पर मिलनेवालो खुशी किसी और चीज़ से नयी ही मिलती।



Athira Rajiv
I Dc English



## സ്റ്റാർലൈൻ

ഡിജിറ്റൽ സ്റ്റുഡിയോ & HD വീഡിയോ എഡിറ്റിംങ്

കുറവിലങ്ങാട്

PH: 04822-231575, 233575

Res: 04829-263979, 9447324096

**TOURS & TRAVELS**

---

*Best Compliments*

## MATTATHIL BROTHERS

Kuravilangad & Pala

Ph : Shop: 04822- 230320, 231620

Mob: 9447288511, 9495229236

GENERAL MERCHANTS & COMMISSION AGENTS
PALLIKKAVALA
KURAVILANGAD - 686 633

Branch:
MATTATHIL BROTHERS & ASSOCIATES
PALA

---

## ANNUS CURTAIN & FURNISHINGS

Pattani Jn. Kuravilangadu

*Dealers in All Types of Curtain Clothes*

Jijo Joseph: 9645855497, 0481 2530963

---

## GEO UPHOLSTERY

Near Police Station, Kuravilangad

Gimmi: 9447306282, 9947966281



Sofa, Settee, Curtain, All Vehicles Upholstery etc...

---

*Best Compliments*



## Segen

**Duty Paid & Kids Collections**

Kuravilangad
Ph-04822 232 877

# ചോദ്യോത്തരം



ഉത്തരമില്ലാത്ത ചോദ്യങ്ങളും
അർത്ഥമില്ലാത്ത ഉത്തരങ്ങളും
തമ്മിൽ നടത്തുന്ന വടംവലിയാണ്
ജീവിതം...
കൊച്ചുമോന്റെ നിഷ്കളങ്കമായ ചോദ്യവും
മുത്തച്ഛന്റെ ഉത്തരം തേടിയുള്ള യാത്രയും
കണ്ടുമുട്ടിയത് ജീവിതത്തിന്റെ
ഏതോ ഒരറ്റത്തു വെച്ചാണ്
ഇരുവരും പരസ്പരം കൈകോർത്തു
തമ്മിലറിഞ്ഞു
അവിടെ വെച്ച് ഉത്തരം
തന്റെ ഭാണ്ഡക്കെട്ടഴിച്ചു.
ചോദ്യമില്ലാത്ത,
അർത്ഥമില്ലാത്ത,
ആർക്കും വേണ്ടാത്ത ഉത്തരങ്ങൾ
പൊടിപിടിച്ച് കിടക്കുന്നുണ്ടായിരുന്നു
ചോദ്യത്തിന്റെ കെട്ടിലുണ്ടായിരുന്നത്
ചില സംശയങ്ങളായിരുന്നു
പക്ഷേ, അവയ്ക്കൊന്നിനും
മറുപടി ഉണ്ടായിരുന്നില്ല
അന്ന് ഇരുവരുമറിഞ്ഞു
ഉത്തരമില്ലാത്ത ചോദ്യങ്ങളും
അർത്ഥമില്ലാത്ത ഉത്തരങ്ങളും
തമ്മിൽ നടത്തുന്ന
കണ്ണുപൊത്തിക്കളിയാണ്
ജീവിതമെന്ന്.



ലക്ഷ്മി ബാബു
രണ്ടാം വർഷ ഇംഗ്ലീഷ്

# ജീവിതം

ജീവിതം ഒരു പാഠപുസ്തകമാണ്
പല വരികളിലും അക്ഷരത്തെറ്റുകൾ
കടന്നുകൂടിയ
നിറം മങ്ങിയ ഒരു പാഠപുസ്തകം
ജീവിതം ഒരു കല്ലുപെൻസിലാണ്
എഴുതുന്തോറും ഒടിഞ്ഞുപോകുന്ന
തേഞ്ഞു തുടങ്ങിയ ഒരു കല്ലുപെൻസിൽ
ജീവിതം ഒരു ആയുധമാണ്
പ്രയോഗിക്കാനറിയാത്ത
ഉന്നം തെറ്റിയ ഒരു ആയുധം
ജീവിതം ഒരു പരീക്ഷയാണ്
ഉത്തരമറിയാത്ത ഒരുപാട് ചോദ്യങ്ങളുമായി
കുഴപ്പിക്കുന്ന ഒരു പരീക്ഷ
ജീവിതം ഒരു അഭിനയമാണ്
കണ്ണീരിന്റെ ഉപ്പ് ചിരിയിൽ ചാലിക്കാതെ
അഭിനയിച്ചു തീർക്കുന്ന ഒരു നാടകം
ജീവിതം ഒരു വലിയ ചോദ്യമാണ്
ഇതുവരെ ആർക്കും ഉത്തരം
കണ്ടെത്താനാവാത്ത ഒരു ചോദ്യം
ജീവിതം ഒരു വിദ്യാലയമാണ്
ഹരിശ്രീ കുറിക്കാൻ മറന്നുപോയ പഠനം
ജീവിതം എന്തൊക്കെയോ ആണ്
പറയാൻ കഴിയാത്ത
അറിയാൻ മാത്രം കഴിയുന്ന
എന്തൊക്കെയോ.......



നീനു മാത്യു
രണ്ടാം വർഷ മലയാളം

സമുദായമെന്ന കള്ളമുത്തശ്ശി ഉണ്ടാക്കിനിർത്തിയ
കശാപ്പുശാലയാണ് സദാചാരം
സത്യത്തെ ഭയക്കുന്നവരെയും കള്ളം പറയുന്നവരെയും
ചതിക്കുന്നവരെയും ഗർഭമലസിക്കുന്നവരെയും
കള്ളച്ചിരിപൊഴിക്കുന്നവരെയും കള്ളക്കരച്ചിൽ കരയുന്നവരെയും
മുത്തശ്ശിയമ്മ രാത്രിയിൽ തന്റെ കരിമ്പടം കൊണ്ട്
പുതപ്പിച്ച് കാത്തുരക്ഷിക്കുന്നു
മനസ്സിന്റെ ചൈതന്യം അറിഞ്ഞിരിക്കുന്നവരും
ശരീരത്തിന്റെ നശ്വരതയും നിസ്സാരതയും
മനസ്സിലാക്കിയവരുമായ സത്യാന്വേഷികൾ
കരിമ്പടത്തിന്റെ സംരക്ഷണത്തിൽ
പുറത്തുകിടന്ന് തണുത്തുവിറയ്ക്കുന്നു
സമുദായമുത്തശ്ശി ഈ കാഴ്ചകണ്ട് പൊട്ടിച്ചിരിക്കുന്നു
-കമലാ സുരയ്യ (എന്റെ കഥ)





**Mavunkal**
SHOPPING CENTRE

Panamkuzhakal Arcade
Opp. Private Bus Stand
M.C Road
**Kuravilangad**

Bags
Footwears
Cosmetics
Gift items
Stationary



# ST. MARY'S
EDUCATIONAL & EMPLOYMENT CONSULTANCY

Near Triveni Super Market, M.C. Road, Ettumanoor P.O.
Kottayam Dist., Kerala-686 631
Ph : 0481-3264182, 6520853, 9446985823, 9846242357
www.stmarysconsultancy.com
E-mail: st.marysconsultancy007@gmail.com

Follow us on facebook: St. Marys Educational & Employment Consultancy

**ADMISSION & PLACEMENT**
M.sc, B.sc Nursing, GNM, ANM C.T., MRI, X-Ray
Lab Technicians etc. to all over india

916
BIS 916 Hallmarked Jewellery




**ആരാധന**
ഫാഷൻ ജ്വല്ലറി
വൈക്കം. ഫോൺ: 04829 229242

Mob: 9446275498
8289849388

A/C
# MARIA
BEAUTY PARLOUR
LADIES & KIDS
Vellappad - Pala



ടെയ്‌ലറിംഗ് & ബ്യൂട്ടീഷ്യൻ
കോഴ്സുകൾ



# कंप्यूटर और आधुनिक मानवजीवन

मानव- मस्तिष्क में अपार शक्ती है। जो भी चीज़ें वह देखता है, उनका रिकोडिंग मस्तिष्क में तत्काल होगा। आवाज़ तथा चित्रों का रिकार्डिंग इस तरह होगा कि जब चाहे आदमी स्मरण का बटन लगा कर मानस- पटल पर 'डिसप्ले' कर सकता है।

कंप्यूटर का सर्व कार्यक्षेत्र अत्यन्त व्यापक है। संपूर्ण संसार को कंप्यूटर इन्टरनेट द्वारा मिला दिया गया है। ई-मेल, ई-कोम, वबसेट आदि ने पूरे संसार को एक छोटे से गाँव जैसा बना दिया है। व्यापार वाणिज्य के क्षेत्रों में चीज़ों की उपलब्धि, व्यापार की वर्तमान स्थिति आदि का पता पल मर्द में लगाया जा सकता है। यह कार्य सबसे सरल, सबसे सस्ता तथा सबसे शीघ्र हो सकता है।

शिक्षा के क्षेत्र में कंप्यूटर ने अत्यधिक क्रान्ति मचाई है। आज संसार के किसी भी राष्ट्र या प्रदेश के ग्रथालय की पुस्तकों को हम कंप्यूटर द्वारा क्षण भर में प्राप्त कर सकते है। यदि व्यक्ति के पास इन्टरनेट कनक्शन हो तो वह अपने घर पर ही बैठकर ससार भर के किसी भी ग्रंथालय का ग्रंथ खोलकर पढ सकता है।

प्रयोजनः कंप्यूटर ने मानव जीवन को अत्यन्त सरल एवं सुगम बनाया है। पूरे संसार को एक छोटा गाँव जैसा छोटा बना दिया है। लोगों को इतना निकट कर दिया है कि आज पूरा संसार 'कुटुंबकम' हो गया है। लोगों में कंप्यूटर ने अलगाव की भावना कम कर दी है। जीवन की गति में आश्चर्य जनक वेग कंप्यूटर के कारण आ गया है। कार्यों में सूक्षमता, सुरक्षित एवं शीघ्रता लाकर कंप्यूटर ने मानव-राशी को नया रंग-ढंग प्रदान किया है, नई गति दी है।

Anjali D. Nair
I DC English

# ചുരം കയറിയ മഴവിൽക്കാഴ്ചകൾക്ക്...

ഒരുപക്ഷേ, ഇനിയൊരു യാത്രയുണ്ടാവില്ല എന്നൊരു ഉൾവിളിയോട് തന്നെയാണ് ദേവമാതയുടെ മുൻവശത്ത് എത്തിയത്.... കാരണം, ഈ യാത്ര ഓർമ്മകളുടെ ശിഖരത്തിലേയ്ക്ക് ഒരു വലിയ പക്ഷിക്കൂട്ടത്തിന്റെ ചേക്കേറലാണ്. മൂന്നു വർഷത്തെ കലാലയ സൗഹൃദത്തിന്റെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങളെ സ്വീകരിക്കാൻ ഞാനുൾപ്പടെ 36 വിദ്യാർത്ഥികൾ തയ്യാറായി നിന്നു. പ്രിയപ്പെട്ട ബേബി സാറും ത്രേസ്യാമ്മ ടീച്ചറുമായി വലിയ ബസ്സിലേയ്ക്ക് കയറുമ്പോൾ അന്നുവരെ അനുഭവപ്പെടാത്ത ഡിസംബർ മാസത്തിന്റെ തണുപ്പിന് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പ്രത്യേകമായ അനുഭൂതി തോന്നി... ദേവമാതാവിനെ മനസ്സിൽ ധ്യാനിച്ച് ഞങ്ങൾ യാത്ര ആരംഭിച്ചു. രാത്രിയുടെ നിശബ്ദതയ്ക്ക് സൗന്ദര്യമുണ്ടെന്ന് തോന്നിയത് അന്നായിരുന്നു. ഉറങ്ങിയും ഉണർന്നും, പാടിയും പറഞ്ഞും ബസ്സ് മുന്നോട്ടുപോയി. അപ്രതീക്ഷിതമായി ആഘോഷിക്കപ്പെട്ട ത്രേസ്യാമ്മ ടീച്ചറുടെ പിറന്നാൾ ഞങ്ങളുടെ യാത്രയ്ക്ക് മാധുര്യം കൂട്ടി. ഡിസംബറിലെ കടുത്ത തണുപ്പിന്റെ താരാട്ടിൽ കണ്ണടഞ്ഞു തുറന്നപ്പോൾ ജില്ലകൾ കടന്ന് ഞങ്ങൾ കല്പറ്റയിൽ എത്തി. വയനാടൻ ഹൈറ്റ്സിൽ ഒരു ടൂറിസ്റ്റു ഹോമിൽ താമസസൗകര്യവും ഭക്ഷണവും കണ്ടെത്തി ഞങ്ങളുടെ ആദ്യ ലക്ഷ്യമായ സപ്തദ്വീപിലേയ്ക്കുപോയി. വെള്ളത്താൽ ചുറ്റപ്പെട്ട 7 ദ്വീപുകൾ...... അതിലൂടെ നടന്നപ്പോൾ ബാല്യകാലത്തിന്റെ പാദസ്വരകിലുക്കം എവിടെയോ ഞാൻ കേട്ടു.... കബനി നദിയുടെ ഓളങ്ങൾക്ക് മുന്നിൽ ഞങ്ങൾ ഏവരും കുട്ടിക്കാലത്തിലേക്ക് ഓടിപ്പോയിരുന്നു.... പിന്നീട് നാട്ടിൻപുറത്തെ നടപ്പ് ചെന്നു നിന്നത് തോൽപ്പെട്ടി വനമേഖലയിലൂള്ള ട്രക്കിങ്ങിലായിരുന്നു. കാടിന്റെയുള്ളിൽ കാണാത്ത പുറങ്ങൾ തേടി, കാടിനോടും, കാട്ടുമൃഗങ്ങളോടും, ക്യാമറാ കണ്ണുകളാൽ സല്ലപിച്ച് ഞങ്ങൾ ഒത്തിരി നടന്നു.... അസ്തമയ സൂര്യന്റെ സന്ധ്യാപ്രകാശത്തിൽ തിരുനെല്ലി മഹാദേവ ക്ഷേത്രത്തിലെ കൽവിളക്കുകളിൽ സന്തോഷത്തിന്റെ കൈത്തിരി നാളങ്ങൾ തെളിച്ച് അന്നത്തെ ദിനങ്ങൾ ഞങ്ങൾ അവസാനിപ്പിച്ചു....

പിറ്റേ ദിവസം ആദ്യം പോയത് ചരിത്രം ഉറങ്ങുകയും ഉണരുകയും ചെയ്യുന്ന ഇടയ്ക്കൽ ഗുഹയിലേക്ക് ആയിരുന്നു. ഇരുളടഞ്ഞ ഗുഹയിലെ യാത്രയ്ക്ക് ചരിത്ര പുസ്തകത്തിന്റെ താളുകൾ വായിച്ച അനുഭൂതിയായിരുന്നു. ശില്പകലാവൈദഗ്ധ്യം ശിലായുഗത്തിന്റെ ചിത്രപ്രദർശനം തന്നെ കാട്ടി തന്നു..... രണ്ട് വ്യത്യസ്ത വിഭാഗങ്ങളുടെ ദേശാടനപക്ഷികൾ പരസ്പരം കണ്ടുമുട്ടിയ പോലെ കെമിസ്ട്രി വിഭാഗത്തെ അവിടെ കണ്ടുമുട്ടിയത് ആവേശമായി മാറി. ഗുഹായാത്രയുടെ അവസാനം എന്നു തോന്നിയത്, സൂര്യന്റെ ഉച്ച വെയിൽ തീവ്രത കണ്ടപ്പോഴാണ് കിട്ടിയ ഭക്ഷണം വിശപ്പിന്റെ ആവേശത്തിൽ തീർത്തത് ഞങ്ങൾ ആരുമറിഞ്ഞില്ല.

പിന്നീട് അതിർത്തികളിൽ നിന്ന് അതിർത്തികളോട് യാത്ര പറഞ്ഞത്. ബസ് മൈസൂരിനെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. നെൽവയലുകളും, പച്ചക്കറി തോട്ടങ്ങളും, ചെമ്മണ്ണും കണ്ണിൽ മിന്നി മറഞ്ഞപ്പോൾ പഴയൊരു കേരളം ഓർമ്മ വന്നു. പക്ഷെ പിന്നീട് വ്യാവസായിക സമുച്ചയങ്ങൾക്കും, നാഗരിക പ്രൗഢിയും വിളിച്ചോതുന്ന പല ദൃശ്യങ്ങളും കണ്ടു മുട്ടിയത് കൗതുകങ്ങൾ ഒഴിഞ്ഞു മാറുന്നതിനു വഴിയൊരുക്കി. ദീർഘമായ ആ യാത്രക്ക് നല്ല ക്ഷീണം ഉണ്ടായിരുന്നതിനാലാവാം. ചാമുണ്ഡീശ്വര ക്ഷേത്രത്തിലും നന്ദി ഹിൽസിലും പെട്ടെന്നൊരു സന്ദർശനം നടത്തി. ഉറക്കത്തിന്റെ കണ്ണുകളുമായി 'ഹോട്ടൽ നീലഗിരി ഡിലക്സ്' ലോഡ്ജിൽ ചെന്നതും അവിടെ ആ ഉറക്കക്ഷീണം തീർത്തതും ഒരുമിച്ചായിരുന്നു......





ഹോട്ടൽ മുറിയിലേക്ക് നിസ്കാര സമയത്തെ ബാങ്കുവിളിയോട് കൂടിയാണ് പിറ്റേ ദിവസം തുടങ്ങിയത്. 'ശ്രീ ചാമരാജേന്ദ്ര സുവോളജിക്കൽ' ഗാർഡനിലേക്ക് ആദ്യ യാത്ര. 6 കി.മീ. വ്യാപിച്ചു കിടക്കുന്ന ഗാർഡൻ കണ്ടാൽ സകല പക്ഷി മൃഗാദികളുടെ ആവാസകേന്ദ്രമാണെന്ന് തോന്നും. പേരറിയാവുന്നതും അറിയാത്തതുമായ സകല ജീവികളെയും പരിചയപ്പെട്ട് ഞങ്ങൾ രസകരമായ നിമിഷങ്ങൾ കണ്ടെത്തി. പിന്നീട് ലക്ഷ്യമാക്കിയത് മൈസൂർ കൊട്ടാരത്തിലേക്ക്. ചെന്നപ്പോൾ ആണ് ഇന്നത്തെ രാഷ്ട്രീയ വ്യവസ്ഥകളെയും, ഭരണകർത്താക്കളെയും ഓർത്തു പോയത്... ഭരണ വ്യവസ്ഥയുടെ ചരിത്ര സ്മാരകത്തിലെ വിശിഷ്ടമായ പലതും അവിടെ കണ്ടറിഞ്ഞ് വളരെ വ്യത്യസ്തമായി തോന്നി. അവിടെ നിന്ന് വൃന്ദാവൻ ഗാർഡനിലേക്ക് യാത്ര തിരിച്ചു. പൂന്തോട്ടത്തിന് പ്രകൃതിയേക്കാളും സൗന്ദര്യമുണ്ടെന്ന് തോന്നിയ നിമിഷങ്ങൾ...

എല്ലാം കണ്ടറിഞ്ഞ ശേഷം തിരിച്ച് നടന്നു.... പിന്നെ ബാക്കിയുള്ളത് ക്യാമ്പ് ഫയറായിരുന്നു.... ഞങ്ങൾക്ക് ചെയ്യാവുന്നതിന്റെ പരമാവധി കലാപരിപാടികൾ ഞങ്ങൾ ആസ്വദിച്ചു ചെയ്തു. ടീച്ചർമാരും ഒപ്പം കൂടിയപ്പോൾ അത് ഒരു വലിയ തമാശയിലേക്ക് എത്തിചേർന്നു. വളരെ സന്തോഷകരമായ നിമിഷങ്ങളായി അതു മാറി. അവിടെ വെച്ച് ഭക്ഷണവും ആസ്വദിച്ച് കഴിച്ച് തണുപ്പിന്റെ പുതപ്പിൽ ഏവരും ഉറക്കമായി....

പിറ്റേദിവസം യാത്രയുടെ അവസാന ദിവസമാണ്. കൂർഗ് ലക്ഷ്യം. ദക്ഷിണ ഭാരതത്തിൽ കൂർഗ് ഒരു യക്ഷി മഹാസാമ്രാജ്യം പോലെയാണ്. മൈസൂർ, മലബാർ, കന്നട ഇവയ്ക്കിടയിൽ കൂർഗ് കുടുങ്ങിപ്പോയി എന്നാണ് പറയുന്നത്. ഇവിടെ വലിയൊരു തൊട്ടിലുണ്ടാക്കി ഒരു പാവയെ വാങ്ങി ഉറക്കാനും, താരാട്ടുപാടാനും ആൺകുട്ടികൾ മത്സരിച്ചത് കണ്ടു നിന്നവരിൽ ചിരി പടർത്തി... ആ ചിരിയോടു കൂടി ബുദ്ധമതക്കാരുടെ ഗോൾഡൻ ടെമ്പിളിലേക്ക് യാത്രയായി. വ്യത്യസ്തമായ ഒരു സംസ്കാരം തന്നെ ഞങ്ങൾ അവിടെ കണ്ടെത്തി... പിന്നെ വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ച് എല്ലാത്തിലേക്കും ഒന്നുകൂടി കണ്ണോടിച്ച് ബസിലേക്ക് നടന്നു നീങ്ങി.. ബസ് തിരിച്ച് യാത്രയായി.... ബസിനകത്ത് വിദ്യാർത്ഥികളുടെ പാട്ടും മേളവും, പുറത്ത് മഴയുടെ സംഗീതവും. ഒരു ജനൽ ചില്ലിൽ കണ്ണോടിച്ച് ഞാനിരുന്നു.... പിന്നീട് കണ്ണു തുറന്നപ്പോൾ ദേവമാതായുടെ മുന്നിലെ താമരകുളത്തിനടുത്ത് ബസ് നിന്നു... ഇറങ്ങി കോളേജിന്റെ മുൻവശത്തെ ക്ലോക്കിനു കീഴിൽ നിന്നപ്പോൾ സമയം 5.30.... ഡിസംബർ 9,2013.....

പരസ്പരം കൈ തന്നും, പൊട്ടിച്ചിരിയും, പൊട്ടിക്കരഞ്ഞും ഞങ്ങൾ നടന്നു നീങ്ങി... വീട്ടുകാരോടൊപ്പം പലരും നടന്ന് നീങ്ങി.... അപ്പോഴും പകുതി പുലർന്ന പ്രഭാതത്തിന്റെ മുന്നിൽ ഒത്തിരി ഓർമ്മകളുടെ ഒരു മഴവില്ല് വീണിരുന്നു.... ഒത്തിരി സൗഹൃദങ്ങളുടെ മുഖങ്ങൾ, യാത്രയുടെ കാഴ്ചകൾ അങ്ങനെ പല നിറങ്ങൾ വിരിയിച്ച ഒരു മഴവില്‍ കാഴ്ച.... ഒടുവിൽ കോളേജ് ഗെയ്റ്റ് കടക്കുമ്പോഴാണ്... തിരിച്ചു കിട്ടാത്ത നാളുകളോടെ ഓർമ്മയുടെ ചില്ലയിൽ വലിയൊരു പക്ഷികൂട്ടം ചേക്കേറിക്കഴിഞ്ഞതായി എനിക്ക് തോന്നിയത്..............

അശ്വതി കെ. ആർ
മൂന്നാം വർഷ കൊമേഴ്സ്

# കാർട്ടൂണിൽ വിരിയുന്ന ക്യാമ്പസ്



പലവട്ടം കാത്തു നിന്നു ഞാൻ
കോളേജിൻ മൈതാനത്ത്....




എത്ര മനോഹരമായ ആചാരങ്ങൾ....!
ഓർക്കുന്നവരും ഉണ്ടാകുമോ ആവോ...?





ഇവിടൊക്കെ വിദ്യയൊന്നി
കൊടുക്കുന്നുണ്ടെന്നു കേട്ടു....



ബ്രഹ്മദത്തൻ നോട്ടിനിൽക്കെ ഉടൽ
നിറയെ കൈകളുള്ള....



കമ്പിളിപ്പുതപ്പ്... കമ്പിളിപ്പുതപ്പ്...



നിങ്ങളൊന്ന് മനസ്സുവെച്ചാൽ ഈ തടവറ
നമുക്കൊരു മണിയറയാക്കാം....



1966-ൽ ഇവിടുന്ന് പഠിപ്പുവര കഴിച്ചപ്പോൾ
നല്ല ചൂടുണ്ടായിരുന്നു.



ഇനിയിവിടെയീ...
പൂമരത്തിൽ കിനാക്കളൊക്കെയും ചേക്കേറും...
കൂടെയിരുന്ന പക്ഷികളൊക്കെയും പറന്നകലും
എന്റെ ചില്ലയിൽ വെയിലിറങ്ങുമ്പോൾ
എന്തുകൊണ്ടോ പൊള്ളിടുന്നിപ്പോളെന്നി
വാകമരങ്ങളൊക്കെയും
ഒന്നായ് ഒടുവിലായ് ചൊല്ലിയകലും...



വര : തരുൺ
(രണ്ടാം വർഷ ...)
ആശയം: എഡിറ്റോറിയൽ ബോർഡ്


# കലാലയ മനസിലൂടെ....

ക്യാമ്പസിന്റെ ഹൃദയതുടിപ്പുകൾക്കും ചിലത് പറയുവാനുണ്ട്...

## അഭിപ്രായ സർവ്വേ (2013-2014)

ഒളിഞ്ഞും മറഞ്ഞും കിടക്കുന്ന കലാലയമനസിലൂടെ നടത്തിയ യാത്രയാണ് ഈ അഭിപ്രായ സർവ്വേ. ചോദിക്കാനാഗ്രഹിച്ചതും പറയാൻ കരുതിയതുമായ ആശയങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ നിന്നും ലഭിച്ചു. ഇതിലൂടെ പ്രതികരണ ശേഷിയുള്ള ഒരു യുവതലമുറ നമ്മുടെ ക്യാമ്പസിന്റെ ചുവരുകൾക്കിടയിൽ ശബ്ദമുയർത്തുന്നതായി ഞങ്ങൾ അറിഞ്ഞു. രാഷ്ട്രീയ- സാമൂഹിക- വിദ്യാഭ്യാസ അവബോധമുള്ള കാലികമായ നിരവധി വിഷയങ്ങളിൽ വ്യക്തമായ ചിന്താശേഷിയും അപഗ്രഥനങ്ങളുമുള്ള അവരുടെ അഭിപ്രായങ്ങൾ കലാലയമനസ്സു തന്നെയാണ് തുറന്നു കാട്ടിയത്. ഇതിന് ഏറെ സഹായിച്ച എല്ലാ അധ്യാപകരെയും ഞങ്ങൾ സ്നേഹത്തോടെ ഓർക്കുന്നു....

### ? കലാലയ രാഷ്ട്രീയത്തോടുള്ള നിങ്ങളുടെ കാഴ്ചപ്പാട്?





വേണം : 73%
വേണ്ട : 20%
പ്രതികരിക്കുന്നില്ല : 7%

സമകാലികമായ സാമൂഹിക സാഹചര്യങ്ങളിൽ നിന്നും ഏറെ വിഭിന്നമാണ് നമ്മുടെ കോളേജിലെ രാഷ്ട്രീയ അന്തരീക്ഷം. അക്രമ രാഷ്ട്രീയത്തിനും വിദ്യാർത്ഥി ജീവിതത്തെ നശിപ്പിക്കുന്ന രാഷ്ട്രീയ ചിന്താഗതികൾക്കും എതിരുതന്നെയാണ് നമ്മുടെ വിദ്യാർത്ഥി സമൂഹവും. എന്നാൽ ക്യാമ്പസിലെ വിദ്യാർത്ഥി ജീവിതത്തോടും വിദ്യാഭ്യാസന്തരീക്ഷത്തോടും ഇണങ്ങും വിധമുള്ള രാഷ്ട്രീയം വേണമെന്നു തന്നെയാണ് 70% വിദ്യാർത്ഥികളും ആവശ്യപ്പെടുന്നത്.

അതേ സമയം ഇന്നു കണ്ടു പോരുന്ന വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്ന രാഷ്ട്രീയജീവിതം ക്യാമ്പസുകളിൽ വേണ്ട എന്നും 20% അഭിപ്രായപ്പെടുന്നു. ബാക്കി വരുന്ന 10% അഭിപ്രായമൊന്നും രേഖപ്പെടുത്തിയില്ല.

### ? കോളേജിലെ വിദ്യാർത്ഥികളുടെ വസ്ത്രധാരണ രീതിയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം?




വസ്ത്രസ്വാതന്ത്ര്യം വ്യക്തിയുടെ അവകാശമാണ് : 76%
മാന്യമായ വസ്ത്രധാരണം : 19%
പരമ്പരാഗത വേഷം : 5%

വ്യത്യസ്ത സംസ്കാരവും പാരമ്പര്യവും ഉൾക്കൊള്ളുന്ന വിദ്യാർത്ഥികൾ നിലനില്ക്കുന്നു എന്നതുകൊണ്ടു തന്നെ വ്യത്യസ്ത അഭിപ്രായങ്ങളാണ് ഈ ചോദ്യത്തിന് ലഭിച്ചത്. വസ്ത്രസ്വാതന്ത്ര്യം വ്യക്തിയുടെ അവകാശമാണ് എന്ന് ശക്തമായി വാദിക്കുന്നവരാണ് ഭൂരിപക്ഷവും. എന്നാൽ അനുകരണങ്ങൾ ഒഴിവാക്കി മാന്യമായ വസ്ത്രധാരണരീതി തിരഞ്ഞെടുക്കണമെന്നാണ് മറ്റൊരു പക്ഷം അഭിപ്രായപ്പെടുന്നത്. വളരെ കുറഞ്ഞ ശതമാനം വിദ്യാർത്ഥികൾ പെൺകുട്ടികൾക്ക് ചുരിദാറും ആൺകുട്ടികൾക്ക് ഷർട്ടും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.


### ? പ്രതികരണ ശേഷിയുള്ള യുവതലമുറ ഫെയ്സ്ബുക്ക്, ട്വിറ്റർ തുടങ്ങിയ നവമാധ്യമങ്ങളിലേക്ക് ചുരുങ്ങി പോകുന്നുണ്ടോ?




ഉണ്ട് 70%
ഇല്ല 20%
പ്രതികരിക്കുന്നില്ല 10%

ഉണ്ട് എന്ന് തന്നെയാണ് എഴുപത് ശതമാനം വിദ്യാർത്ഥികളും അഭിപ്രായപ്പെട്ടിരിക്കുന്നത്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ ക്രിയാത്മകമായ മാറ്റങ്ങൾ വരുത്തുവാൻ ശേഷിയുള്ള യുവതലമുറ ഫെയ്സ്ബുക്ക് പോലുള്ള സൗഹൃദക്കൂട്ടായ്മകളിലേക്ക് തങ്ങളുടെ സമയവും ബുദ്ധിയും ഒതുക്കുന്നുവെന്നാണ് ഇവർ അഭിപ്രായപ്പെടുന്നത്. എന്നാൽ നവമാധ്യമങ്ങൾ യുവതലമുറയെ സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രതികരണശേഷിയുള്ളവരാക്കി മാറ്റുന്നു എന്നാണ് 20% പ്രതികരിച്ചത്. ബാക്കി വരുന്ന 10% ചോദ്യത്തോട് പ്രതികരിച്ചില്ല.

## ഒരു വിദ്യാർത്ഥി എന്ന നിലയിൽ കലാലയ ജീവിതം താങ്കൾക്ക് പൂർണ്ണമായി സംതൃപ്തി നൽകുന്നുണ്ടോ?




ഇല്ല : 50%
ഉണ്ട് : 45%
അഭിപ്രായമില്ല : 5%

ഉണ്ട്, ഇല്ല എന്നതിൽ കവിഞ്ഞ് കലാലയജീവിതത്തിന്റെ സമസ്തതലങ്ങളെക്കുറിച്ചുമുള്ള തങ്ങളുടെ സങ്കല്പങ്ങളും സ്വപ്നങ്ങളുമാണ് വിദ്യാർത്ഥികൾ ഞങ്ങളുമായി പങ്കുവെച്ചത്. തുടർച്ചയായുള്ള പരീക്ഷകളുടെ പിരിമുറുക്കവും ആധുനിക കലാലയരീതികളുടെ അമിതകാർക്കശ്യവും ക്യാമ്പസ് ജീവിതം പൂർണ്ണമായി ആസ്വദിക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെ ഏറെ പരിമിതപ്പെടുത്തുന്നു എന്നാണ് 50% വിദ്യാർത്ഥികളും അഭിപ്രായപ്പെടുന്നത്. അതുകൊണ്ടു തന്നെ ആത്മസംതൃപ്തിയുടെ നിറവുകൾ ക്ലാസുകളിൽ നിന്നും കണ്ടെത്തുവാൻ ഞങ്ങൾക്കു കഴിയുന്നു എന്നാൽ അച്ചടക്കത്തോടെയും മികച്ച മൂല്യബോധത്തോടെയും നിലനിൽക്കുന്ന കലാലയ ജീവിതത്തിൽ സംതൃപ്തി കണ്ടെത്തുന്നവരാണ് 45% വിദ്യാർത്ഥികളും. ബാക്കി വരുന്ന 5% ചോദ്യത്തോട് പ്രതികരിച്ചില്ല.

## അദ്ധ്യാപക - വിദ്യാർത്ഥി സൗഹൃദത്തെ പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം?

അമ്പതുവർഷത്തിന്റെ നിറവിൽ നിൽക്കുന്ന നമ്മുടെ കോളേജിന്റെ പാരമ്പര്യത്തിലേക്കുള്ള വലിയൊരു മുതൽക്കൂട്ടായിരുന്നു ഈ ചോദ്യത്തിനു ലഭിച്ച ഉത്തരങ്ങൾ. നിലനിൽക്കുന്ന വിദ്യാഭ്യാസരീതികൾക്കും പ്രവർത്തനങ്ങൾക്കുമിടയിലും മറ്റൊന്നിനും പകരം വയ്ക്കാനാകാത്ത ആഴത്തിലുള്ള സൗഹൃദതങ്ങൾക്ക് അധ്യാപകരുമായി നിലനിർത്താൻ കഴിയുന്നുണ്ടെന്നാണ് 85% വിദ്യാർത്ഥികളും പൂർണ്ണമനസ്സോടെ അഭിപ്രായപ്പെട്ടിരിക്കുന്നത്. ദൃഢമായൊരു സൗഹൃദബന്ധം സ്ഥാപിക്കുവാൻ ആധുനിക ക്യാമ്പസ് അന്തരീക്ഷം പൂർണ്ണമായും അവസരം നൽകുന്നില്ല എന്നാണ് 10% വിദ്യാർത്ഥികൾ തുറന്നുപറയുന്നത്. സൗഹൃദത്തിലുപരി ഗുരു-ശിഷ്യബന്ധം ഭയഭക്തി ബഹുമാനത്തിൽ അധിഷ്ഠിതമായിരിക്കണമെന്നാണ് 5% അഭിപ്രായപ്പെടുന്നത്.




അധ്യാപകരുമായി ദൃഢമായ സൗഹൃദബന്ധം ഉണ്ട് : 85%
ഇല്ല : 10%
ഗുരുശിഷ്യബന്ധം സൗഹൃദത്തിലധിഷ്ഠിതമല്ല : 5%

## ലഹരിപദാർത്ഥങ്ങൾ സമകാലിക സാഹചര്യങ്ങളിൽ കലാലയങ്ങളെ കീഴടക്കുന്നുണ്ടോ?




ഉണ്ട് : 70%
ഇല്ല : 25%
പ്രതികരിക്കുന്നില്ല : 5%

ഈ ഒരു ചോദ്യത്തിന് ശക്തമായ പ്രതികരണങ്ങളാണ് വിദ്യാർത്ഥികൾക്കിടയിൽ നിന്നും ലഭിച്ചത്. സാംസ്കാരിക അപചയങ്ങളുടെയും അനുകരണങ്ങളുടെയും മൂല്യച്യോഷണങ്ങളുടെയും പ്രതിഫലനമായി ഇന്നത്തെ യുവതലമുറയുടെ വീക്ഷണങ്ങൾ പലതും തെറ്റായി മാറുകയും അത് ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിലേക്ക് വഴി തെളിക്കുകയും ചെയ്യുന്നുവെന്നാണ് 70% വിദ്യാർത്ഥികളും അഭിപ്രായപ്പെട്ടത്.

എന്നാൽ ലഹരിപദാർത്ഥങ്ങളുടെ ദോഷവശങ്ങളെക്കുറിച്ച് വ്യക്തമായ അവബോധമുള്ളവരാണ് യുവതലമുറയെന്ന് അഭിപ്രായപ്പെടുന്നവരാണ് 25%. 5% വിദ്യാർത്ഥികൾ പ്രതികരിക്കാൻ തയ്യാറായില്ല.

## കോളേജിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം നിങ്ങളെ എത്രത്തോളം സ്വാധീനിക്കുന്നു?

കോളേജിലെ ക്ലബ്ബുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്നാണ് ഭൂരിപക്ഷം വിദ്യാർത്ഥികളുടെ അഭിപ്രായം. ക്ലബ്ബുകളുടെ പ്രവർത്തനവും അവയുടെ ലക്ഷ്യങ്ങളും കൂടുതൽ വിപുലീകരിക്കണമെന്നാണ് മറ്റൊരു വിഭാഗം അഭിപ്രായപ്പെട്ടത്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രവർത്തനങ്ങൾ സാമൂഹികതലങ്ങളിലേക്ക് ചെല്ലുന്നതരത്തിലായിരിക്കണം എന്നാണ് ഇവരുടെ അഭിപ്രായം. പഠനത്തിന്റെ ചൂടിലും പരീക്ഷകളുടെ അതിപ്രസരത്തിലും ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കാൻ സാധിക്കുന്നില്ല എന്ന് ചുരുങ്ങിയ ശതമാനം വിദ്യാർത്ഥികളെങ്കിലും അഭിപ്രായപ്പെടുന്നുണ്ട്.




തൃപ്തികരമല്ല : 69%
തൃപ്തികരം : 16%
സമയക്കുറവു മൂലം പങ്കെടുക്കുവാൻ സാധിക്കാത്തവർ : 15%

## ? ഈ വർഷം നിങ്ങളെ ഏറ്റവും സ്വാധീനിച്ച വ്യക്തി?

ഈയൊരു ചോദ്യത്തിന് വ്യത്യസ്തങ്ങളായ ഒരുപാട് ഉത്തരങ്ങൾ ലഭിച്ചു. ഒരു മാതൃകാ വ്യക്തിത്വത്തെ തിരഞ്ഞെടുക്കുക എന്നത് വിദ്യാർത്ഥികൾക്ക് അവരുടെ വീക്ഷണങ്ങൾക്കൂടി രേഖപ്പെടുത്താനുള്ള അവസരമായി മാറി. അതുകൊണ്ടു തന്നെ യുവതലമുറയുടെ കാഴ്ചപ്പാടുകൾ, കണ്ടെത്തലുകൾ, സ്വപ്നങ്ങൾ എല്ലാം തന്നെ ഈ ചോദ്യത്തിന്റെ ഉത്തരങ്ങളിൽ പ്രതിഫലിച്ചു. ഇന്ത്യൻ രാഷ്ട്രീയത്തിൽ വിപ്ലവാത്മകമായ നയങ്ങൾ സ്വീകരിച്ചുകൊണ്ട് താരമായി കടന്നുവന്ന നരേന്ദ്രമോഡി തന്നെയാണ് ഈ വർഷം വിദ്യാർത്ഥികളെ ഏറ്റവും അധികം സ്വാധീനിച്ച വ്യക്തി. രണ്ടാമതായി ഇന്ത്യൻ കായിക രംഗത്തെയും ലോക കായികരംഗത്തെയും തന്റെ വിടവാങ്ങലിലൂടെ പിടിച്ചു കുലുക്കിയ ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കറാണ് വിദ്യാർത്ഥി ഹൃദയങ്ങളെ സ്വാധീനിച്ച വ്യക്തി. മൂന്നാമതായി സ്വാധീനം ചെലുത്തിയ വ്യക്തി നിയമങ്ങളുടെ കാർക്കശ്യത കൊണ്ട് താരം സൃഷ്ടിച്ച ഋഷിരാജ് സിംഗാണ്.





നരേന്ദ്ര മോദി : 59%
സച്ചിൻ ടെൻഡുൽക്കർ : 29%
ഋഷിരാജ് സിംഗ് : 8%
മറ്റുള്ളവർ : 4%

## ? ഒരു കോളേജ് മാഗസിനിൽ നിന്നും നിങ്ങളെന്തെല്ലാമാണ് പ്രതീക്ഷിക്കുന്നത്?

ഏറെ രസകരമായ ഒട്ടനവധി പ്രതികരണങ്ങളാണ് ഈ ചോദ്യത്തിന് വിദ്യാർത്ഥികൾ നൽകിയത്. ചിരിയും ചിന്തയും ഒരുപോലെ ഉണർത്തിയ ഉത്തരങ്ങൾ ഞങ്ങളുടെ ക്രിയാത്മകതയിലേക്കുള്ള വലിയൊരു മുതൽക്കൂട്ടായിരുന്നു. മാഗസിന്റെ കെട്ടിലും മട്ടിലും വരുന്ന മാറ്റങ്ങളെക്കാൾ അതിലുൾക്കൊള്ളിക്കേണ്ട സാഹിത്യസൃഷ്ടികളുടെ പുതുമകളെയാണ് ഏറെ പേരും അനുകൂലിച്ചത്. കഥ, കവിത മുതലായ പരമ്പരാഗതമായ സാഹിത്യസൃഷ്ടികളിൽ മാത്രം മാഗസിൻ ഒതുങ്ങിപ്പോകരുതെന്നും നിരവധി പേർ ആവശ്യപ്പെട്ടിട്ടുണ്ട്.

സമയപരിമിധികൾക്കുള്ളിലും സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും
കഴിയാവുന്നത്രയും സൃഷ്ടിവൈവിധ്യങ്ങൾ കാഴ്ചവെക്കാൻ
ഞങ്ങൾ ഏറെ ശ്രമിച്ചിട്ടുണ്ട്.
ഫോട്ടോഗ്രാഫി, കാർട്ടൂൺ, ഇന്റർവ്യൂ, സർവ്വേ മുതലായ പുതിയ ചില
പംക്തികളും ഞങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
വിദ്യാർത്ഥികളുടെ അഭിപ്രായങ്ങൾ ഞങ്ങളെ ഒരുപാട് സ്വാധീനിച്ചുവെന്ന്
പറയാതെ വയ്യ. അറിയപ്പെടുന്ന കൈകളിൽ മാത്രം ഒതുങ്ങാതെ
പുതിയ ചിന്തകൾക്കൊക്കെ എഴുതിത്തുടങ്ങാനുള്ള ഒരു വേദി കൂടി
ഞങ്ങൾ ഒരുക്കിയെങ്കിലും പൂർണ്ണമായും എല്ലാ വിദ്യാർത്ഥികളും
അവ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നതും
ചിന്തിക്കേണ്ടിയിരിക്കുന്നു.
ഈ സർവ്വേയിൽ പങ്കെടുത്ത, ചിന്തകളെ അക്ഷരങ്ങളായി പ്രതിഫലിപ്പിച്ച
ദേവമാതായിലെ ഞങ്ങളുടെ
എല്ലാ വിദ്യാർത്ഥി സുഹൃത്തുക്കൾക്കും നന്ദി......


DEPARTMENTS OF
MATHEMATICS & STATISTICS
'അറിഞ്ഞതിൽ പാതി പറയാതെ പോയി
പറഞ്ഞതിൽ പാതി പതിരായും പോയി
പകുതി ഹൃദയത്താൽ പൊറുക്കുമ്പോൾ നിങ്ങൾ
പകുതി ഹൃദയത്താൽ വെറുത്തുകൊള്ളുക..
ഇതെന്റെ രക്തമാണിതെന്റെ മാംസമാണെ-
ടുത്തു കൊള്ളുക...'
നന്ദി.....
അറിവു തന്ന ഗുരുക്കന്മാർക്ക്...
കൂടെ നടന്ന സൗഹൃദങ്ങൾക്ക്...
നാം തിരിച്ച വെയിലിന്...
തണൽ തന്ന കൈകൾക്ക്....
ചില്ലുകൂട്ടിലെ സ്വപ്നങ്ങൾക്ക്.....
'ഇനിയും ചിലതു പറയുവാനുണ്ട്'
എന്നോർമ്മിപ്പിച്ച പ്രിയ കലാലയത്തിന്....
നന്ദി..... നന്ദി...... നന്ദി......




केनरा बैंक Canara Bank

Together We Can

13/613, Thenasseril Complex, Pattani Junction, Kuravilangad, Kottayam-686 633
T+914822232999, E-mail: cb4673@canarabank.com, www.canarabank.com

http://twitter.com/canarabanktweet Toll Free No. 1800 425 0018 www.canarabank.com

# A Short and Sure Path to IAS

# CIVIL SERVICE INSTITUTE PALA

(Approved by Govt. of India)

ESTD. 1998

**128 WINNERS**

2002 - 2014

**St.THOMAS COLLEGE CAMPUS**
Arunapuram P.O., Pin - 686 574,
Ph: 04822 215831, Mob. 9447421011

**CITY CAMPUS THIRUVANANTHAPURAM**
Lourdes Centre, PMG Jn., TVM. Pin - 695 004
Ph: 0471 2302780, 9447809721

email: civilpala@yahoo.com , web: www.civilservicepala.com

## OUR TOP RANK HOLDERS



ASWATHY S.
3rd Rank
IAS-2002



SUJA K.
4th Rank
IAS 2004



ROSE MARY K.
1st Rank
I.E.S-2005



HARIKISHORE
14th Rank
I.A.S-2007



MANU VETTICKAN.
2nd Rank
I.E.S.-2007



ANUPAMA T.V.
4th Rank
I.A.S.-2009



A.R.RAHUL NADH
27th Rank
I.A.S.-2011



HARITHA V.KUMAR.
1st Rank
I.A.S-2012



Dr.Sriram V.
2nd Rank
I.A.S-2012



Dr.Alby John Varghese
4th Rank
I.A.S-2012



ASWATHY S.
24th Rank
I.A.S-2012



K.MANJULEKSHMI
63rd Rank
I.A.S-2012



SHREYA P.SINGH
86th Rank
I.A.S-2012



Deepak Jacob
57th Rank
IAS-2013



Ajith John Joshua
78th Rank
IAS-2013



Dr.Chithra S
IAS-2013



Dr.Laksmi priya
IAS-2013



Harikrishna Pai
IPS-2013

Harikrishna Pai, a role model for all college going students, a beneficiary of the Add On Course at this Institute, secured IPS this year in his first attempt even while preparing for the University exam.

## Courses

- Full Time Course for Degree Holders (18 Months).
- Add-on Course for Degree Students (3 years)
- Foundation Course for Higher Secondary Students (2 years)
- Intensive Training programme for High School Students (Vacation Camps)

**OFF CAMPUS CENTERS**

Mar Ivanios College Thiruvananthapuram
SH College Thevara- Ernakulam
Catholicate Institute Pathanamthitta

Scholarship For Meritorious Candidates.

Fee Concession for Economically Backward Students.

Financial assistance of Govt. of India for Deserving Candidates of SC, ST, OBC & Minority Communities.

**FREE** INTERVIEW COACHING FOR ALL KERALITES

**Our new Venture**
Online course
LAUNCHING IN OCTOBER 2014

**NEW BATCHES FROM THE MONTH OF JULY**